പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ആഗസ്റ്റ് 2025



സ്വാതന്ത്ര്യദിനാശംസകൾ...! പുതുവത്സരാശംസകൾ...!

# PISHARODY SAMAJAM GUEST HOUSE


Near Temple Police Station, Melpathoor Road, Thekke Nada, Guruvayoor

Ph: 0487 25 58 801, +91 62 38 743319

online booking: www.pisharodyptdt.com

## TARIFF

| | |
|---|---|
| ORDINARY DOUBLE ROOM | 750 |
| ORDINARY AC DOUBLE ROOM | 1200 |
| ORDINARY ROOM 3 BED | 900 |
| ORDINARY AC ROOM – 3 BED | 1500 |
| AC ROOM – 2 BED WITH TV | 1500 |
| ORDINARY DOORMITORY 8 BED | 1500 |







Devadheyam AUDITORIUM

**AVAILABLE A/C NON A/C AUDITORIUM**

*Online Payments*

PhonePe

Paytm

Google Pay

**AUTO / TAXI ON DEMAND**

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 ആഗസ്റ്റ്**

**പുഷ്പം 46 / ദളം 5**

**1200 കർക്കടകം - 1201 ചിങ്ങം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ:
**ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീമതി വൈക സതീഷ്**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. അനൂപ് രാഘവൻ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്....................................4

പ്രതിഫലനം – ശ്രീ ഗുരുഭ്യോ നമഃ....................6
എ.പി. സരസ്വതി

ലേഖനം – രാമായണമാസ സമാരംഭം....................7
വേണു വീട്ടിക്കുന്ന്

അനുസ്മരണം – സുരേന്ദ്രനെ ഓർക്കുമ്പോൾ........9
കെ.പി. ബാലകൃഷ്ണൻ പിഷാരോടി

അനുസ്മരണം – അമ്മാമന്റെ ഓർമ്മകളിലൂടെ........11
അനുശ്രീ ജയകൃഷ്ണൻ, മേലീട്ടിൽ പിഷാരം

ലേഖനം – തീക്കടൽ കടഞ്ഞ് ഒരു തീർത്ഥയാത്ര......13
ശ്രീപ്രസാദ് വടക്കേപ്പാട്ട്

ലേഖനം – കാലവും കോലവും മാറിയ വിദ്യാഭ്യാസരംഗം. 20
കെ.പി. ശ്രീധരൻമാസ്റ്റർ

കഥ – ചമയങ്ങളഴിയുമ്പോൾ........................22
ടി.ആർ. രഘുനന്ദനൻ

ലേഖനം – കലാപരിപാടികളിലേക്ക് ഒരെത്തിനോട്ടം...24
എ.പി. രാജൻ

യാത്ര – രജ്പുത്താന..............................29
മുരളി ആനായത്ത്

പ്രതികരണം.......................................32
ഇ.പി. ദേവേശ പിഷാരോടി

റിപ്പോർട്ട് – തുളസീദളം കലാ സാംസ്കാരിക സമിതി...33

വൈവാഹികം.......................................36

ശാഖാവാർത്തകൾ.................................37

ആദരാഞ്ജലികൾ..................................48

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# നമ്മൾ ഹിന്ദുക്കൾ

**ഈ**യിടെ വയനാട്ടിലുള്ള പ്രശസ്തനായ ഡോക്ടർ ഈപ്പൻ കോശിയുമായി നടന്ന ഒരു അഭിമുഖത്തിന്റെ വീഡിയോ കാണാനിടയായി. അതിൽ ഷുഗറിനുള്ള വളരെ പ്രയോജനപ്രദമായ ഒരു വ്യായാമത്തെ പറ്റി അദ്ദേഹം വിശദീകരിക്കുന്നുണ്ട്. രണ്ട് കൈകളും പിണച്ചു വെച്ചു കൊണ്ട് ഇരു ചെവികളിലും പിടിച്ചു ഇരിക്കുകയും എഴുന്നേൽക്കുകയും ചെയ്യുക. നമ്മൾ ക്ഷേത്രത്തിൽ പോകുമ്പോൾ ഗണപതിയുടെ നടയിൽ ഏത്തമിടുന്നതിനെ ഈ വ്യായാമം ഓർമ്മിപ്പിക്കും. പത്തു പ്രാവശ്യം മുതൽ എണ്ണം കൂട്ടി കൂട്ടി വരാം എന്നാണ് അദ്ദേഹം പറയുന്നത്. ഒരുപാട് പേർക്ക് അതിന്റെ ഗുണം ഉണ്ടായിട്ടുണ്ട് എന്ന് അദ്ദേഹം തെളിവ് സമേതം സമർത്ഥിക്കുന്നു. അതായത് ഏത്തമിടുക എന്നത് വെറും ഭക്തി മാത്രമല്ല നല്ലൊരു വ്യായാമമുറ കൂടിയാണ് എന്ന്. ഇത്തരം സന്ദർഭങ്ങളിലാണ് തലമുറകളായി പകർന്നു കിട്ടിക്കൊണ്ടിരിക്കുന്ന നമ്മുടെ പൈതൃക നിധിയെ പറ്റി അഭിമാനത്തോടെ ചിന്തിക്കുന്നത്. ചിന്തിക്കേണ്ടത്. ഒരു വൈദ്യശാസ്ത്രത്തെ പോലും മനസ്സിൽ മുളക്കാത്ത പുരാതന കാലത്ത് ആരോഗ്യത്തിന്റെ പ്രാധാന്യത്തെ പറ്റി വ്യക്തമായി അറിവുണ്ടായിരുന്ന മുൻ തലമുറ അവയുടെ സംരക്ഷണത്തിന് വേണ്ടി വിദഗ്ദമായി ആസൂത്രണം ചെയ്ത വ്യായാമ മുറകൾ. അവ കൃത്യമായി അനുസരിക്കപ്പെടാൻ ഈശ്വരനുമായി ബന്ധപ്പെടുത്തുന്നു. സൂര്യനുദിക്കും മുമ്പ് ഉണരൽ, കുളത്തിൽ പ്രകൃതിയുടെ തണുത്ത വെള്ളത്തിൽ കുളി, യോഗവിദ്യ, സൂര്യനമസ്കാരം, ക്ഷേത്ര പ്രദക്ഷിണങ്ങൾ, ശയന പ്രദക്ഷിണം, ഉപവാസം, ഒരിക്കലൂണുകൾ.... എത്രയെത്ര ആരോഗ്യ പാഠങ്ങളാണ് നമ്മുടെ പ്രപിതാമഹന്മാർ വരും തലമുറകളുടെ ആരോഗ്യത്തിന് വേണ്ടി കരുതി വെച്ചത്. അവയെല്ലാം ആധുനിക ആരോഗ്യ ശാസ്ത്രം അംഗീകരിക്കുന്നു. കുളിമുറിയിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ എങ്ങനെ കുളിക്കണം എന്ന് ഈയിടെ വായിച്ചതോർക്കുന്നു. ഇന്ന് എല്ലാവരും കുളിമുറിക്കുളിക്കാരാണല്ലോ. ആദ്യം കാൽ പാദങ്ങളിൽ വെള്ളം വീഴ്ത്തണം. പിന്നെ മേലോട്ട് വെള്ളമൊഴിക്കണം. ഏറ്റവും അവസാനം മാത്രമാണ് തലയിൽ വെള്ളം ഒഴിക്കാവൂ. കുളിമുറിയിൽ ഉണ്ടാകുന്ന പെട്ടെന്നുള്ള മരണങ്ങളുടെ പ്രധാന കാരണം ആദ്യം തന്നെ നേരിട്ട് തലയിൽ വെള്ളം വീഴുന്നത് കൊണ്ടാണത്രേ. ശരീരത്തിലെ രക്തയോട്ടത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നു. അങ്ങനെ നോക്കുമ്പോൾ കുളത്തിൽ കുളിക്കുന്നവർ തികച്ചും ശാസ്ത്രീയ അടിസ്ഥാനമാണല്ലോ പിന്തുടരുന്നത്. രാവിലെ സൂര്യനെ കാണാത്തവരാണ് ഇന്ന് പലരും. ഇന്ന് ഒട്ടുമിക്കവരിലും വൈറ്റമിൻ ഡി കുറവാണ് എന്നറിയുക. വൈറ്റമിൻ ഡി പ്രധാനമായും ലഭിക്കുന്നത് രാവിലത്തെ സൂര്യ പ്രകാശത്തിൽ നിന്നാണല്ലോ. നമ്മുടെ ശരിയായ ദഹന പ്രക്രിയക്ക് ഉപവാസങ്ങൾ അനിവാര്യമാണെന്ന് മെഡിക്കൽ സയൻസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ആരോഗ്യപരമായ യഥാർത്ഥ ഭക്ഷണം പച്ചക്കറിയിലൂടെയും പഴവർഗ്ഗങ്ങളിലൂടെയുമാണെന്നും ഇന്ന് നമുക്കറിയാം. നമ്മുടെ പ്രപിതാ മഹാന്മാർ പണ്ടേ ഇതൊക്കെ വായ്മൊഴികളിലൂടെ നമ്മെ അറിയിച്ചിട്ടുള്ളതാണ്.

ഈശ്വര ചൈതന്യം മനുഷ്യനടക്കമുള്ള ഓരോ ജീവജാലത്തിലും ഉണ്ടെന്ന് അവർ എന്നേ നമ്മോട് പറഞ്ഞിട്ടുണ്ട്. ഒരു മനുഷ്യൻ സാഷ്ടാംഗ നമസ്ക്കാരം ചെയ്യുന്ന മാതൃകയിൽ ക്ഷേത്ര ഘടന നിർമ്മിച്ചത്. ജീവ വ്യവസ്ഥയെ പരിപാലിക്കുന്ന അഗ്നിയും ജലവും വായുവുമെല്ലാം ഈശ്വര ചൈതന്യമെന്ന് ചൂണ്ടിക്കാണിച്ചു തന്നത്. പക്ഷിമൃഗാദികൾ ദേവ വാഹനങ്ങൾ ആയത്... സൃഷ്ടിയും മരണവുമടക്കമുള്ള ജീവിത കാലചക്ര വ്യവസ്ഥയിലെ നമ്മുടെ ഏത് ഭാവ, സ്വഭാവങ്ങൾക്കും ഈശ്വരാ വതാരങ്ങളുമായി ബന്ധമുണ്ടല്ലോ. രാമനും കൃഷ്ണനും ശിവനും ബ്രഹ്മാവും മുരുകനും ഗണപതിയും സീതയും വ്യത്യസ്ത ദേവീരൂപങ്ങളുമെല്ലാം നമ്മുടെ തന്നെ ഭിന്നഭാവങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നില്ലേ? നമ്മുടെ പുരാണഗ്രന്ഥങ്ങൾ പുണ്യവാഹിനികൾ മാത്രമല്ല അനന്തമായ അറിവിന്റെ അക്ഷയഖനികൾ കൂടിയാണ്. അവയെ അറിയുമ്പോൾ നമ്മളറിയുന്നത് നമ്മളെ തന്നെയല്ലേ? രാമായണ മാ

സവും അതിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട വഴികളിൽ ഒന്നാണ്. യഥാർത്ഥ ഹിന്ദുവിന്റെ മാർഗ്ഗം തിന്മയിലേക്കല്ല. ശാശ്വതമായ നന്മ. നമ്മൾ ഹിന്ദുവാണെന്ന് ഉറക്കെ പറയാം. ഭാരതീയ സംസ്കൃതിയെ ലോകം ആദരിക്കുന്നു. നമ്മൾ അതിന്റെ ഭാഗമാണല്ലോ എന്ന് അഭിമാനം കൊള്ളുക. സുപ്രീം കോടതി അഭിഭാഷകയായ നാസിയ ഇലാഹി ഖാൻ എന്ന മുസ്ലീം വനിത അടുത്ത കാലത്താണ് പരസ്യമായി പറഞ്ഞത്. 'ഞാൻ വിവാഹം കഴിക്കുമ്പോൾ നെറ്റിയുടെ അറ്റം മുതൽ വലിയ സിന്ദൂരക്കുറി വരക്കുമെന്ന്. കാരണം അത് സ്ത്രീയുടെ ശക്തിയാണ്. ആത്മവിശ്വാസമാണ്. ഓരോ ഹിന്ദു സ്ത്രീയും ഉറക്കെ പറയണം ഞാൻ ഹിന്ദുവാണ്... ഞാൻ ഹിന്ദുവാണ്.'

ഇപ്രാവശ്യം കർക്കിടകം ദു:ഖങ്ങളുടെ മാസം കൂടിയായിരിക്കുന്നു. സുരേന്ദ്രൻ മാഷ് അടക്കം എത്ര പ്രിയപ്പെട്ടവരാണ് ഈ മാസം ലോകം വിട്ടുപോയത്. അവരുടെ എല്ലാവരുടെയും ആത്മ സാഫല്യത്തിനായി പ്രാർഥിക്കാം.

ആഗസ്റ്റ് എഴുപത്തി ഒമ്പതാമത് ഭാരതീയ സ്വാതന്ത്ര്യദിനത്തിന്റെ മാസമാണ്. കൂടാതെ ചിങ്ങം പിറക്കുന്ന 1201 എന്ന പുതു വർഷ മാസവും. ജൂലൈയിൽ നമ്മുടെ നാട് ഒട്ടുമിക്കവാറും മഴയിൽ കുളിച്ചു നിന്നു. ഓഗസ്റ്റ് സർവ്വർക്കും ആഹ്ലാദം പകരട്ടെ. ആശംസകൾ.

**പത്രാധിപസമിതി**

## ഓണപ്പതിപ്പ് ഓഗസ്റ്റ് അവസാനം പ്രസിദ്ധീകരിക്കുന്നു

## പരമാവധി പരസ്യങ്ങൾ സംഘടിപ്പിച്ച് സഹകരിക്കുക

**തു**ളസീദളം ഓണപ്പതിപ്പ് മുഴുവൻ കളർ പേജുകളോടെ 2025 ഓഗസ്റ്റ് അവസാനം പ്രസിദ്ധീകരിക്കുന്നു.

ഇതുവരെ നമ്മൾ പ്രസിദ്ധീകരിച്ച ഓണപ്പതിപ്പുകളെല്ലാം വളരെ ശ്രദ്ധിക്കപ്പെടുകയും മികച്ച അഭിപ്രായങ്ങൾ നേടുകയും ചെയ്ത വിവരം ഏവർക്കും അറിയാവുന്നതാണല്ലോ. നിങ്ങളോരോരുത്തരുടേയും ശാഖാപരമായും വ്യക്തിപരമായും ഉണ്ടായ അകമഴിഞ്ഞ സഹകരണങ്ങൾ കൊണ്ട് മാത്രമാണ് ഈ വിജയങ്ങൾ നേടാനായത് എന്ന് നന്ദിപൂർവം സ്മരിക്കുന്നു.

ഈ വർഷത്തെ ഓണപ്പതിപ്പും കൂടുതൽ മികവുറ്റതാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ശാഖകൾ വഴിയും വ്യക്തിപരമായും കഴിയുന്നത്ര പരസ്യങ്ങൾ ഓഗസ്റ്റ് 15 നകമെങ്കിലും സംഘടിപ്പിച്ചു തന്ന് ഓണപ്പതിപ്പ് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,

**ആർ.പി. രഘുനന്ദനൻ**
മാനേജർ, തുളസീദളം
ഫോൺ : 9892240547

## ഓണപ്പതിപ്പിലേക്ക് കഥകൾ, കവിതകൾ ക്ഷണിക്കുന്നു

**ഓ**ഗസ്റ്റ് അവസാനം പ്രസിദ്ധീകരിക്കുന്ന തുളസീദളം ഓണപ്പതിപ്പിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ ക്ഷണിക്കുന്നു. കൃതികൾ 2025 ഓഗസ്റ്റ് 15-നകം താഴെ കൊടുക്കുന്ന നമ്പറുകളിൽ വാട്സപ്പ് വഴിയോ അല്ലെങ്കിൽ ഇമെയിലുകൾ വഴിയോ അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,

**ഗോപൻ പഴുവിൽ**
പത്രാധിപർ
Email : gopanpazhuvil@gmail.com
Phone : 9495225979

**കെ.പി. ഗോകുലകൃഷ്ണൻ**
സഹ പത്രാധിപർ
Email : gokulmanorama@gmail.com
Phone : 9207462867


പ്രതിഫലനം

# ശ്രീ ഗുരുഭ്യോ നമഃ



എ.പി. സരസ്വതി

**പ**ർവ്വതങ്ങളും നദികളും ഈ ഭൂമിയിലുള്ളിടത്തോളം കാലം രാമകഥയും അനശ്വരമായി നിലനിൽക്കുമെന്ന ബ്രഹ്മാവിന്റെ അനുഗ്രഹം വാൽമീകിയുടെ രാമന്റെ യശസ്സും പ്രസക്തിയും കാലം ചെല്ലുന്തോറും വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. സകലഗുണാംബുധിയായ ആ രാമനെ ഈശ്വരത്വം കൊടുത്തുകൊണ്ടാണ് തുഞ്ചത്താചാര്യനും കമ്പരും തുളസീദാസരുമെല്ലാമവതരിപ്പിച്ചത്. തുഞ്ചത്തു രാമാനുജനെഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട് കൈവന്നതോടെയാണ് കേരളീയ സാമാന്യജനത രാമനെയിത്രയടുത്തറിഞ്ഞതെന്നു തോന്നുന്നു. ആചാര്യന്റെ കൃതികളെല്ലാംതന്നെ മഹത്തായ ആധ്യാത്മികാനുഭാവം പ്രകടമാക്കുന്നവയാണ്. നമുക്കെല്ലാവർക്കുമതിഷ്ടപ്പെടുകയും ചെയ്തു. വായിക്കുന്തോറും നവംനവങ്ങളായ അർത്ഥതലങ്ങളും ഭാവതലങ്ങളും വിരിയിച്ചെടുക്കാൻ കഴിവുള്ളൊരു കാവ്യമായിത്തീർന്ന അത് ഓരോ വായനയിലും നമ്മുടെ ചിന്തകളെ ഉദ്ദീപിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്നുവരെയുണ്ടായിരുന്ന മലയാള ഭാഷയെ ശ്രേഷ്ഠമായൊരു സംസ്കാരത്തിന്റെ ശബ്ദമാക്കാൻ ഗുരുവര്യനു കഴിഞ്ഞുവെന്നതും സ്മരിക്കപ്പെടേണ്ടതുതന്നെ. ആ ഭാഷാസംസ്കാരത്തിന്റെ പരിശുദ്ധിയെ വിളക്കുവെച്ചെതിരേൽക്കാൻ കേരളീയർ മനസ്സുവെച്ചതുകൊണ്ടാവാം ഭാഷാപിതാവായിട്ടദ്ദേഹം എന്നും സുസമ്മതനായത്.



വേദാധികാരമില്ലാതിരുന്നിട്ടും വേദാന്തചിന്തകൾ എത്രമനോഹരമായിട്ടാണദ്ദേഹം ആവിഷ്കരിച്ചിട്ടുള്ളത്!

**“വേദശാസ്ത്രങ്ങൾക്കധിക്കധികാരിയല്ലെന്നതോർത്ത്**
**ചേതസി സർവ്വം ക്ഷമിച്ചീടുവിൻ കൃപയാലെ”**

എന്നൊരു ക്ഷമായാചനം വരെ അദ്ദേഹം നടത്തുന്നുണ്ട്. രാമായണംപോലെ ശ്രീ മഹാഭാഗവതവും മഹാഭാരതവും അദ്ദേഹം ഭാഷയാക്കിയിട്ടുണ്ടെങ്കിലും രാമായണത്തിന്റെ ഭംഗി ഒന്നു വേറെത്തന്നെയാണ്. ഹരിനാമകീർത്തനം, ചിന്താരത്നം, വേദാന്തകീർത്തനം തുടങ്ങിയ ഭാഷാകൃതികളും അദ്ദേഹം കൈരളിക്കു നൽകിയ അമൂല്യരത്നഹാരങ്ങളാണ്. ഹരിനാമകീർത്തനം കൂടുതൽ പരിചിതമാണെന്നു പറയാം. ലളിതമധുരമായ ഭാഷാപ്രയോഗത്തിലൂടെ, ഗാനം ചെയ്യാനും കേൾക്കാനുമുചിതമായ ഈണങ്ങളിലൂടെ അതിഗഹനമായ ആദ്ധ്യാത്മികോപദേശങ്ങളുടെ മനോമോഹനമായ ആവിഷ്കരണങ്ങളിലൂടെ മലയാളികളുടെ ഹൃദയക്ഷേത്രത്തിൽ സുവർണ്ണ സിംഹാസനത്തിലിരുന്നരുളുന്ന ആ മഹാനുഭാവന്റെ പാദങ്ങളിൽ പ്രണമിച്ചുകൊണ്ടല്ലാതെ ഭാഷാ പ്രപഞ്ചത്തിലേക്കാർക്കും കടന്നുചെല്ലാനാവില്ല.

**“കിയാസിദ്ധിഃ സത്ത്വേ ഭവതി**
**മഹതാം നോപകരണേ”**

മഹാന്മാരുടെ കാര്യസിദ്ധി നന്മയാർന്ന പ്രവർത്തനംകൊണ്ടാണുണ്ടാവുന്നത്. ഉപകരണങ്ങളുടെ മേന്മയാലോ ബാഹുല്യത്താലോ അല്ല എന്ന ഈ വാക്യം ഏറെ അർത്ഥവത്താണ്, ആചാര്യന്റെ പ്രവർത്തനസാഫല്യത്തെസംബന്ധിച്ച്. സ്വന്തം ഗൃഹത്തിന്റെ ചെറിയ മുറിയിലിരുന്ന് എഴുത്തോലയും നാരായവുമായി അദ്ദേഹം വളർത്തിയെടുത്തത് ഒരു ഭാഷാസംസ്കാരമാണ്, മഹത്തായ വേദാന്തചിന്താധാരയാണ്. ആ വിജ്ഞാനവാരാന്നിധിയെ എത്ര കൈകൊണ്ടു തൊഴണം! എത്ര ശിരസ്സുകൊണ്ടു നമിക്കണം! എത്ര വാക്കുകൾകൊണ്ടു വാഴ്ത്തണം!

ലേഖനം

# രാമായണ മാസ സമാരംഭം



**വേണു വീട്ടിക്കുന്ന്**
ഫോൺ: 9446859218

**പി**ഷാരോടി സമാജത്തിന്റെ ഈ വർഷത്തെ (2025) രാമായണ മാസാചരണത്തിന്റെ ആരംഭം കുറിച്ചത് ഭൂലോക വൈകുണ്ഠമായ ഗുരുപവന പുരിയിലെ പിഷാരടി സമാജംഗസ്റ്റ് ഹൗസിലെ ദേവധേയം ഹാളിലായിരുന്നു.

കേന്ദ്ര ഭാരവാഹികൾ, ശാഖാ ഭാരവാഹികൾ, ശാഖാംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടു സംഘടിപ്പിച്ച പരിപാടികൾ മുൻ നിശ്ചയിച്ച പ്രകാരം ജൂലൈ പതിനേഴാം തിയ്യതി (കർക്കടകം - ഒന്ന്) വ്യാഴാഴ്ച രാവിലെ കൃത്യം പത്തുമണിയ്ക്കു തന്നെ തുടങ്ങി.

കുലപതി പണ്ഡിതരത്നം കെ.പി. നാരായണ പിഷാരോടിയുടെ മകൾ ശ്രീമതി എ.പി. സരസ്വതി ബാലകൃഷ്ണൻ ദീപ പ്രോജ്ജ്വലനം ചെയ്തുകൊണ്ടാണ് ആരംഭം കുറിച്ചത്.

പിഷാരടി സമാജം കേന്ദ്ര പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി, ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ, സത്സംഗാചാര്യൻ ശ്രീ. രാജൻ സിത്താര, സമാജം മുൻ പ്രസിഡണ്ട് ശ്രീ. കെ.പി. ബാലകൃഷ്ണൻ, കരിങ്ങനാട് ഉണ്ണികൃഷ്ണ പിഷാരോടി തുടങ്ങവർ ദീപം തെളിയിക്കൽ ചടങ്ങിൽ പങ്കാളികളായി.

രാമായണ പാരായണത്തിന്നു മുന്നോടിയായി തുളസീദളം മുഖ്യ പത്രാധിപരായ ശ്രീമതി സരസ്വതി ബാലകൃഷ്ണൻ, കരിങ്ങനാട് ഉണ്ണികൃഷ്ണ പിഷാരോടി എന്നിവരുടെ നേതൃത്വത്തിൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തിയത് സത്സംഗത്തിന്റെ ആത്മീയ ചൈതന്യത്തിന് വർദ്ധിത വീര്യം പ്രദാനം ചെയ്തു.

പിഷാരടീസ് കാറ്ററിംഗ് സർവ്വീസ് ഇടവേളകളെ ധന്യമാക്കാനായി തേയില സത്ക്കാരം നടത്തിയതും വിഭവസമൃദ്ധമായ ഉച്ചഭക്ഷണമൊരുക്കിയതും എല്ലാ പരിപാടികളുടേയും സമാപനമെന്ന നിലയിൽ രുചി പകർന്ന രാത്രി ഭക്ഷണമൊരുക്കിയതും പ്രത്യേകം അഭിനന്ദനങ്ങൾ അർഹിക്കുന്നു.

പരിപാടികളിലെ മുഖ്യ ആകർഷണം പ്രമുഖ പ്രഭാഷകയും ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് സംസ്കൃതമേധാവിയുമായ ഡോ. ലക്ഷ്മി ശങ്കറിന്റെ സാന്നിധ്യം തന്നെയായിരുന്നു. രാമായണ പാരായണ സത്സംഗോത്ഘാടനമെന്ന നിലയിൽ അവർ നടത്തിയ ആമുഖ പ്രഭാഷണം ലളിതവും ആശയ ഗംഭീരവും വിജ്ഞാനപ്രദവുമായിരുന്നു.

പിഷാരടി സമുദായത്തെ കുറിച്ചും ഓരോ ഗ്രാമത്തിലേയും സ്കൂളുകളിൽ സംസ്കൃതം പഠിപ്പിയ്ക്കാനുണ്ടായിരുന്ന ഷാരോടി മാഷുമാരെ കുറിച്ചും സമൂഹത്തിന് ഷാരോടിമാർ പകർന്നു നല്കിയിരുന്ന സാംസ്കാരിക പാരമ്പര്യത്തെ കുറിച്ചും കുലപതി പണ്ഡിതരത്നം കെ.പി. നാരായണ പിഷാരോടിയെ അനുസ്മരിച്ചും കൊണ്ടുമാണ് ഡോ. ലക്ഷ്മീ ശങ്കർ തന്റെ പ്രഭാഷണം ആരംഭിച്ചത്.

വാത്മീകി രാമായണത്തിലേയും അദ്ധ്യാത്മാ രാമായണം കിളിപ്പാട്ടിലേയും പല സന്ദർഭങ്ങൾ ഉദ്ധരിച്ച് ഇഴചേർത്തുകൊണ്ട് ശ്രീരാമ തത്വത്തെയും രാവണതത്ത്വത്തേയും വളരെ ഭംഗിയായി അവർ വിവരിച്ചു.

ഭാഷ പഠിയ്ക്കാനും ഭാഷാ പഠനത്തിലൂടെ സാംസ്കാരികോന്നമനം നടത്താനും ഓരോ രാമായണമാസവും ഏറ്റെടുക്കേണ്ട ഉത്തരവാദിത്വത്തെ കുറിച്ച് അവർ ഏറെ വാചാലയായി.

രാമന്റേയും രാവണന്റേയും വ്യത്യസ്ത തലങ്ങളെ കുറിച്ചും ശത്രുക്കളായുള്ള രണ്ടു വിഭാഗങ്ങളിലെ നായികമാരായ സീത മണ്ഡോദരി എന്നിവരുടെ മാനസിക ഐക്യത്തെ കുറിച്ചും സമാനസ്വഭാവങ്ങളെ കുറിച്ചും അവരിലൂടെ മണ്ണിലേയും വിണ്ണിലേയും പ്രാതിനിധ്യത്തെ കുറിച്ചുമെല്ലാം ഡോക്ടർ ചുരുങ്ങിയ വാക്കുകളാൽ തന്നെ അനുവാചകരിലെത്തിച്ചുവെന്നതും എടുത്തു പറയേണ്ടതാണ്.

രാമായണത്തിന്റെ ആത്യന്തികമായ രാമ രസത്തെ ഏതൊക്കെ തരത്തിൽ പാനം ചെയ്യാനാവുമെന്നതിന്നുള്ള ഒരു സോദാഹരണ സെഷൻതന്നെയായിരുന്നു ലക്ഷ്മീ ശങ്കർ നിർവ്വഹിച്ചത്. പ്രകൃതിയോടും വൃക്ഷലതാദികളോടും പക്ഷിമൃഗാദികളോടും ശ്രീരാമൻ എന്ന വ്യവസ്ഥ ഏതെല്ലാം തരത്തിൽ ബന്ധപ്പെടുന്നു എന്നതും അവരുടെ പ്രഭാഷണത്തിൽ വ്യക്തമായിരുന്നു. ഭാഷയും സംസ്കാരവും തമ്മിലുള്ള അദമ്യമായ ബന്ധത്തെ കുറിച്ചും അവ വളർത്തിയെടുക്കുന്നതിൽ രാമായണം വഹിയ്ക്കേണ്ടതായ ഉത്തരവാദിത്വത്തെ കുറിച്ചും ഡോക്ടർ സൂചിപ്പിച്ചു.

സരയുവിലലിഞ്ഞുചേർന്ന ശ്രീരാമചന്ദ്ര മഹത്വങ്ങൾ, ഒരു നദിയുടെ പ്രവാഹത്തിന്റെ നൈരന്തര്യം പോലെ രാമതത്വവും, രാമരസവും രാമകഥയും രാമായണവും രാമായണസംസ്കാരവുമെല്ലാം തലമുറകളിൽ നിന്നു തലമുറകളിലേയ്ക്ക് പകർന്നുകൊണ്ടിരിയ്ക്കുന്നുവെന്നും അത് ഇനിയും അനുസ്യൂതമായി തുടർന്നുകൊണ്ടേയിരിയ്ക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

രാമായണ പാരായണ സത്സംഗാചാര്യൻ രാജേട്ടന്റെ നേതൃത്വത്തിൽ ഒരു മാസം നീണ്ടുനില്ക്കുന്ന പാരായണത്തിന്റെ ആദ്യ ദിവസ വായനയാണ് പ്രഭാഷണശേഷം നടന്നത്.

വിവിധ ശാഖകളെ പ്രതിനിധീകരിച്ചെത്തിയവരായ എല്ലാവരും ചേർന്നു നടത്തിയ 'സമൂഹ രാമായണ പാരായണം' എന്ന വിശേഷണമർഹിയ്ക്കുന്ന ഒരു വായനയ്ക്കു തന്നെയാണ് വേദിയിലും സദസ്സിലുമായി ദേവധേയം സാക്ഷ്യം വഹിച്ചത്.

പരിപാടികളുടെ പര്യവസാനമെന്നോ, മംഗളാരതിയെന്നോ മറ്റോ വിശേഷിപ്പിയ്ക്കത്തക്ക തരത്തിൽ, സമാജത്തിന്റെ കൊടകര നാടക സംഘം അവതരിപ്പിച്ച 'ഭാവയാമി രഘുരാമം' എന്ന നൃത്ത സംഗീത കാവ്യശില്പം ഹൃദ്യവും ആഹ്ലാദദായകവുമായിരുന്നു. രാമായണത്തിന്റെ സാരസർവ്വസ്വവും ഉൾകൊള്ളുന്ന കീർത്തനത്തിന്റെ പ്രധാന കഥാസന്ദർഭങ്ങൾക്കെല്ലാം ദൃശ്യാവിഷ്ക്കാരം നല്കി കോർത്തിണക്കിയ ഒരു വനമാല തന്നെയായിരുന്നു കൊടകര സംഘത്തിന്റെ പ്രകടനം.

വെളിച്ച നിയന്ത്രണത്തിന്റെ പരിമിതികളാൽ ചെറിയ ചില ദോഷങ്ങൾ ദോഷൈകദൃക്കുകൾക്ക് ചൂണ്ടികാണിയ്ക്കാമെങ്കിലും അത്തരമൊരു പ്രകടനം നടത്താൻ അഥവാ പരിപാടി അവതരിപ്പിയ്ക്കാൻ കൊടകര ശാഖാംഗങ്ങൾ കാണിച്ച ആത്മവിശ്വാസവും ആത്മാർത്ഥതയും പ്രകീർത്തിയ്ക്കപ്പെടേണ്ടതു തന്നെയാണ്. അതുകൊണ്ടുതന്നെ അതിനു വേണ്ടി യത്നിച്ചവരുടെ പേരുവിവരങ്ങളെങ്കിലും ഇവിടെ സൂചിപ്പിച്ചില്ലെങ്കിൽ ഈ ഉദ്യമം അപൂർണ്ണമാവുമെന്നതിനാൽ അതുകൂടി ചേർക്കുന്നു.

നിഴൽ നാടകം: ഭാവയാമി രഘുരാമം.
അവതരണം: നാടക സംഘം കൊടകര

വേഷങ്ങൾ ആടിയവർ...

1. ഉഷ ശ്രീധരൻ
2. രമ്യ രാധാകൃഷ്ണൻ
3. കാർത്തിക ഗിരീഷ്
4. മോഹനൻ കെ.പി.
5. ജയൻ ടി.ആർ.
6. രാമചന്ദ്രൻ നവമി

ശബ്ദ വെളിച്ച നിയന്ത്രണം:
രാജൻ സിത്താര

സാങ്കേതിക സഹായം:
ശശി കെ.പി., രാമചന്ദ്രൻ സി.പി.

ഭാവയാമി രഘുരാമം എന്ന കീർത്തനത്തിലടങ്ങിയിരിയ്ക്കുന്ന രാമകഥയേയും രാമരസത്തേയും സദസ്യരിലേയ്ക്കു പകർന്നു തന്ന കൊടകര നാടകസംഘത്തിനും സഹായികൾക്കും അഭിനന്ദനങ്ങളോടൊപ്പം നന്ദിയും അറിയിക്കുന്നു.

പുതിയ കേന്ദ്രഭരണ സമിതി ഭാരവാഹികളുടെയും വിവിധ ശാഖാപ്രതിനിധികളുടേയും സമാജം ഗസ്റ്റ് ഹൗസ് നടത്തിപ്പുകാരുടേയും ശബ്ദ വെളിച്ച നിയന്ത്രണം നടത്തിയവരുടേയും അതിനെല്ലാം പുറമെ കൃത്യതയോടെ രുചികരമായ ഭക്ഷണം വിളമ്പിയ പിഷാരടീസ് കാറ്ററിംഗ് ഭാരവാഹികളുടേയും കൂടാതെ ഇത്തരമൊരാശയം ജനിച്ചതുമുതൽ ഊണിലും ഉറക്കത്തിലും പരിപാടിയുടെ വിജയകരമായ പര്യവസാനം വരെ യത്നിച്ച ഓരോരുത്തരുടേയും നിഷ്കാമ കർമ്മ പുണ്യഫലം തന്നെയാണ് പതിനേഴാം തിയ്യതിയിലെ ദേവധേയത്തെ ഇത്ര ധന്യമാക്കിയതെന്ന് ഒരിക്കൽ കൂടി ആവർത്തിയ്ക്കുന്നു. ഇനിയും ഇത്തരം സംഗമങ്ങൾ സമാജത്തിന്നു സാധ്യമാകട്ടെ എന്നാശംസിച്ചു കൊണ്ട് അതിനായി പ്രാർത്ഥിയ്ക്കുന്നു.

അനുസ്മരണം

# സുരേന്ദ്രനെ ഓർക്കുമ്പോൾ

**കെ.പി. ബാലകൃഷ്ണൻ പിഷാരോടി**

**സു**രേന്ദ്രനെപ്പറ്റി ഓർക്കാനും, പറയാനും ഒട്ടനവധി കാര്യങ്ങളുണ്ട്. ഞാൻ എന്റെ അറിവിലും ഓർമ്മയിലും പെട്ട ചില കാര്യങ്ങൾ മാത്രം ഇവിടെ കുറിക്കട്ടെ.

1990 നുശേഷം 2002 വരെ ഞാൻ സമാജം ജനറൽ സെക്രട്ടറി ആയിരിക്കെ ഒട്ടനവധി പുതിയ ശാഖകൾ നിലവിൽ വന്നു. അതിലൊന്നാണ് പട്ടാമ്പി ശാഖ. 1995 കാലത്താണ് പട്ടാമ്പി ശാഖയുടെ തുടക്കം. കൊടുമുണ്ട രാമപ്പിഷാരോടി രക്ഷാധികാരിയും, തൊണ്ടിയന്നൂർ കൃഷ്ണപ്പിഷാരോടി പ്രസിഡണ്ടും എ.പി. രാമകൃഷ്ണൻ സെക്രട്ടറിയും, പട്ടാമ്പി ത്രിവേണി കൃഷ്ണപിഷാരോടി ട്രഷററുമായിട്ടാണ് തുടക്കം. അത്യാവശ്യം ചില മാറ്റങ്ങളോടെ പട്ടാമ്പി ശാഖയുടെ പ്രവർത്തനം മുന്നോട്ടുപോയി. 2005 ൽ സുരേന്ദ്രൻ സമാജത്തിലേക്ക് മെല്ലെ പ്രവേശിച്ചു. മെല്ലെ എന്നു പറയാൻ കാരണം, രണ്ടുമൂന്നു കൊല്ലം പ്രവർത്തനം വളരെ മന്ദഗതിയിലായിരുന്നു. അദ്ദേഹം തന്നെ പറഞ്ഞ വാക്കുകളാണ് – "ഞാൻ തുളസീദളം വരുത്തിയിരുന്നെങ്കിലും അതു നോക്കലൊന്നും പതിവില്ല. അതു ചുരുട്ടിക്കൂട്ടി ഉത്തരത്തിൽ വെക്കും. പിന്നീടാണ് അതു പോര, അതു തുറന്നു വായിക്കണ്ടേ! എന്ന തോന്നൽ. സെക്രട്ടറി ആയാൽ എന്തെങ്കിലും ചിലതു ചെയ്യേണ്ടതല്ലേ!" അപ്പോഴേക്കും അദ്ദേഹം വല്ലപ്പുഴ സ്കൂളിൽ നിന്ന് റിട്ടയർ ചെയ്തതിനാൽ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായി. പിന്നീട് സമാജത്തിൽ വളരെ സജീവമായി പ്രവർത്തിക്കാൻ തുടങ്ങി. തുടർന്ന് ഇരുപത് വർഷത്തോളം, അതായത് മരിക്കുന്നതുവരെയും സെക്രട്ടറിയായിരുന്നു. മുംബയ് ശാഖാ പ്രസിഡണ്ടായിരുന്ന എ.പി. വാസുദേവൻ നാട്ടിലേക്ക് സ്ഥിരമായി എത്തിയശേഷം ശാഖാ പ്രസിഡണ്ട്, കേന്ദ്ര വൈസ് പ്രസിഡണ്ട്, പ്രസിഡണ്ട് എന്നീ നിലയിലും പ്രവർത്തിക്കാൻ തുടങ്ങിയകാലം – എ.പി. വാസുദേവൻ സുരേന്ദ്രന്റെ സഹോദരീഭർത്താവുകൂടിയാണ്. അങ്ങിനെ എ.പി. വാസുദേവൻ, എ.പി. രാമചന്ദ്രൻ തുടങ്ങിയ ശാഖയിലെ പലരുടെയും സഹായ സഹകരണത്തോടെ ശാഖക്ക് ഒരു പുതിയമുഖം വാർത്തെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ശാഖക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കി. മരണാനന്തര ക്രിയകൾ പഠിപ്പിക്കുവാനും, അവിടെ മന്ദിരത്തിൽ നടത്തിക്കൊടുക്കുവാനും തുടങ്ങി.



വർഷങ്ങളോളം പിഷാരോടി സമാജം കേന്ദ്ര വൈസ് പ്രസിഡണ്ടായും, പിഷാരോടി എജ്യൂക്കേഷണൽ & വെൽഫയർ സൊസൈറ്റിയുടെ അവാർഡ് നിർണ്ണയ കമ്മിറ്റി കൺവീനറായും വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തനം കാഴ്ചവെക്കാൻ കഴിഞ്ഞു.

15-07-2025 ചൊവ്വാഴ്ച ഉച്ചക്ക് ശേഷമാണ് അദ്ദേഹം നിര്യാതനായത്. പിറ്റേന്ന് കാലത്ത് സംസ്കാരത്തിന് കൊണ്ടുപോകുന്നതിന് മുമ്പായി തോരാമഴയത്തും നാട്ടുകാരും ടീച്ചർമാരും പലയിടങ്ങളിൽ നിന്നായി എത്തിച്ചേർന്നിരുന്നു. ജാതിമത വ്യത്യാസം കൂടാതെ എല്ലാവരും അദ്ദേഹത്തിന്റെ വിയോഗത്തിൽ സങ്കടപ്പെട്ടിരുന്നു. അദ്ധ്യാപകസംഘടനാതലത്തിലും പൊതുസമൂഹത്തിലും എല്ലാവർക്കും വേണ്ടപ്പെട്ടവനായിരുന്നു സുരേന്ദ്രൻ. കൂട്ടത്തിൽ കുറച്ചു രാഷ്ട്രീയവും ഉണ്ടായിരുന്നു. കോൺഗ്രസ്സ് അനുഭാവിയായിരുന്നു. ഇലക്ഷൻ സമയത്ത് അത്യാവശ്യം പ്രവർത്തനവുമുണ്ടായിരുന്നു എങ്കിലും മറ്റ് രാഷ്ട്രീയക്കാരുടെ സ്നേഹാദരം പിടിച്ചുപറ്റാനും കഴിഞ്ഞിരുന്നു. നല്ല ഈശ്വരവിശ്വാസികൂടിയാണ്.

സ്കൂൾ മാഷെന്ന രീതിയിൽ വല്ലപ്പുഴ സ്കൂളിൽ ഹെഡ്മാസ്റ്ററായി വളരെ നല്ലരീതിയിൽ പ്രവർത്തിച്ച അദ്ദേഹത്തിന് ആൾക്കാരുമായി പെരുമാറാൻ ഒരു വിഷമവുമുണ്ടായിരുന്നില്ല.

വല്ലപ്പുഴ മേലീട്ടിൽ പിഷാരത്ത് ദേവകിപിഷാരസ്യാരുടെയും മാന്നനൂർ പിഷാരത്ത് അച്ചുതപിഷാരോടിയുടെയും മകനാണ് സുരേന്ദ്രൻ. അദ്ദേഹത്തിന് അഞ്ച് സഹോദരിമാരുണ്ട്. സുരേന്ദ്രന്റെ ഭാര്യ കുറുവട്ടൂർ പിഷാരത്ത് പ്രസന്ന പിഷാരസ്യാരായിരുന്നു. രണ്ട് മക്കളാണ്. പ്രസാദും, സുപ്രിയയും. രണ്ടുപേരും സ്കൂൾ ടീച്ചർമാരാണ്. മകൻ പ്രസാദ് ഗുരുവായൂർ ശാഖയിലെ സജീവ പ്രവർത്തകനാണ്. ശ്രീ. ഐ.പി. ഉണ്ണിയുടെ മകൾ ശ്രീലക്ഷ്മിയെയാണ് വിവാഹം കഴിച്ചിട്ടുള്ളത്.

മകൾ സുപ്രിയയെ വിവാഹം ചെയ്തത് കോട്ടായി നന്ദകുമാർ. അദ്ദേഹം പാലക്കാട് ഡെപ്യൂട്ടി തഹസിൽദാർ ആണ്. ഭാര്യ പ്രസന്നയുടെ അകാല ചരമത്തിൽ ദുഃഖിതനായ അദ്ദേഹം ഗോപിക്കുറിമാറ്റി വരക്കുറിയാക്കിയെന്ന് ഞാൻ അടുത്തിടെ ഒരാളുമായി സംസാരിച്ചപ്പോഴാണ് മനസ്സിലാക്കിയത്. ഭാര്യയുടെ വേർപാടിന്റെ ദുഃഖത്തിൽനിന്ന് കുറച്ചെല്ലാം വിമുക്തനായി വീണ്ടും സമാജപ്രവർത്തനത്തിൽ മുഴുകിയിരിക്കുമ്പോഴാണ് അദ്ദേഹത്തിന് അസുഖം ബാധിക്കുന്നതും പെട്ടെന്നു തന്നെ മൂർച്ഛിക്കുകയും മരണത്തിന് കീഴടങ്ങുകയും ചെയ്തത്. ഇത്ര പെട്ടെന്നാകുമെന്ന് ആരും കരുതിയില്ല. അസുഖമായി കിടക്കുമ്പോൾ ഞാനും ശ്രീ. സി.പി. അച്ചുതനും അദ്ദേഹത്തിന്റെ ചെറിയച്ഛന്റെ മകൻ ഗോപാലകൃഷ്ണനും കൂടി അദ്ദേഹത്തിന്റെ വീട്ടിൽ പോകുകയും, കുറച്ചുനേരം ഇരുന്നു സംസാരിക്കുകയും ഒപ്പം ഇരുന്ന് ഫോട്ടോ എടുക്കുകയും ചെയ്തത് വീണ്ടും വീണ്ടും ഓർക്കുകയാണ്.

അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഏതാനും തുളസീദളങ്ങൾ സമർപ്പിക്കുന്നു. ●

# എം.പി. സുരേന്ദ്ര പിഷാരോടി അനുശോചന യോഗം

**പി**ഷാരോടി സമാജം കേന്ദ്ര വൈസ് പ്രസിഡണ്ട്, PE&WS എഡ്യുക്കേഷണൽ അവാർഡ് നിർണ്ണയ കമ്മിറ്റി കൺവീനർ തുടങ്ങിയ ഉന്നതസ്ഥാനങ്ങളിൽ സ്തുത്യർഹമായ രീതിയിൽ നീണ്ട കാലം സേവനമനുഷ്ഠിക്കുകയും പിഷാരോടി സമാജം പട്ടാമ്പി ശാഖയുടെ ജീവനാഡിയും സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യവുമായിരുന്ന ശ്രീ. എം.പി. സുരേന്ദ്ര പിഷാരോടിയുടെ ( സുരേന്ദ്രൻ മാഷ്) ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്താനായുള്ള യോഗം 2025 ജൂലായ് 20 ന് ഞയറാഴ്ച്ച രാവിലെ 11 മണിക്ക് പിഷാരോടി സമാജം കേന്ദ്ര ഭരണസമിതിയുടെയും പട്ടാമ്പി ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ വാടാനാംകുറുശ്ശിയിൽ പട്ടാമ്പി ശാഖാ മന്ദിരത്തിൽ നടന്നു.

പിഷാരോടി സമാജം കേന്ദ്ര പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി, പട്ടാമ്പി ശാഖാ രക്ഷാധികാരി ശ്രീ. എം.പി. മുരളീധരൻ എന്നിവർ ചേർന്ന് സുരേന്ദ്രൻ മാഷിൻെറ ഛായാ ചിത്രത്തിനു മുന്നിൽ നിലവിളക്ക് കൊളുത്തി. യോഗത്തിൽ പങ്കെടുത്ത എല്ലാവരും പുഷ്പാർച്ചന നടത്തി ആദരാഞ്ജലികൾ അർപ്പിച്ച് യോഗനടപടികൾ ആരംഭിച്ചു

കുമാരി നിരഞ്ജന ഈശ്വര പ്രാർത്ഥന ചൊല്ലി. ശ്രീ. വി.എം. ഉണ്ണികൃഷ്ണൻ ഏവരേയും സമുചിതമായി സ്വാഗതം ചെയ്തു. പട്ടാമ്പി ശാഖാ പ്രസിഡണ്ട് ശ്രീ. ടി.പി. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു കേന്ദ്ര പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി, പട്ടാമ്പി ശാഖാ രക്ഷാധികാരി ശ്രീ. എം.പി. മുരളീധരൻ, പിഷാരോടി സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ, കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ (KSSPU) ജില്ലാ ജോ. സെക്രട്ടറി ശ്രീ. എം. രാമചന്ദ്രൻ, പിഷാരോടി സമാജം വൈസ് പ്രസിഡണ്ടും മഞ്ചേരി ശാഖാ സെക്രട്ടറിയുമായ ശ്രീ. കെ.പി. മുരളി, സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആയിരുന്ന പ്രൊ. സി.പി. ചിത്ര, പിഷാരോടി സമാജം കേന്ദ്ര വൈസ് പ്രസിഡണ്ടും കൊടകര ശാഖ പ്രതിനിധിയുമായ ശ്രീ. സി.പി. രാമചന്ദ്രൻ, സമാജം മുൻ പ്രസിഡണ്ട് ശ്രീ. കെ.പി. ബാലകൃഷ്ണൻ പിഷാരോടി, മുൻ ജനറൽ സെക്രട്ടറി ശ്രീ. സി.പി. അച്യുതൻ, PE& WS വൈസ് പ്രസിഡണ്ടും ചൊവ്വര ശാഖാ പ്രതിനിധിയുമായ ശ്രീ. വി.പി. മധു, കോങ്ങാട് ശാഖാ പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകരൻ, വടക്കാഞ്ചേരി ശാഖാ പ്രതിനിധി ശ്രീമതി ഗീത കൃഷ്ണദാസ്, ഇരിഞ്ഞാലക്കുട ശാഖാ സെക്രട്ടറി ശ്രീ. സി.ജി. മോഹനൻ, ഗുരുവായൂർ ശാഖാ പ്രതിനിധി ശ്രീ. ഐ.പി. ഉണ്ണികൃഷ്ണൻ, കേന്ദ്ര കമ്മിറ്റി അംഗം ഡോ. വി.എം. വാസുദേവൻ, ശ്രീ. അച്യുതാനന്ദൻ കോങ്ങാട്, ശ്രീ. ടി.ജി. രവീന്ദ്രൻ പട്ടാമ്പി, ശ്രീ. എം.പി. വേണുഗോപാൽ കൊളത്തൂർ, ശ്രീ. കരിങ്ങനാട് ഉണ്ണികൃഷ്ണപിഷാരോടി, ശ്രീ. എ.പി. രാമകൃഷ്ണൻ പട്ടാമ്പി, സുരേന്ദ്രൻ മാഷിന്റെ മരുമകൻ ശ്രീ. നന്ദകുമാർ എന്നിവർ സുരേന്ദ്രൻ മാഷിനെക്കുറിച്ചുള്ള ദീപ്ത സ്മരണകൾ പങ്കുവെക്കുകയും അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും പ്രകീർത്തിച്ച് അനുശോചനം രേഖപ്പെടുത്തി.

വികാരനിർഭരമായ ഈ അനുശോചന യോഗത്തിന് ശ്രീമതി വിജയലക്ഷ്മി മുരളീധരൻ നന്ദി പറഞ്ഞു.

അനുസ്മരണം

# അമ്മാമന്റെ ഓർമ്മകളിലൂടെ...

**അനുശ്രീ ജയകൃഷ്ണൻ, മേലീട്ടിൽ പിഷാരം**

**കു**ട്ടിക്കാലത്തെ ഓർമ്മകളുടെ പുസ്തകം തുറക്കുകയാണെങ്കിൽ, അതിലെ പ്രധാനപ്പെട്ട ഒരു അദ്ധ്യായം വേനൽ അവധിക്കാലം ആയിരിക്കും. ഒരുപാട് കസിൻസുണ്ടായിരുന്നെങ്കിലും, എപ്പോഴും ഒത്തുകൂടിയിരുന്നത് ഞങ്ങൾ നാല് പേരുടെ സംഘമായിരുന്നു "ആ ദാ... വരണു... അത്തി, ഇത്തി, അരയാൽ, പേരാൽ..." ഞങ്ങൾ നാല് പേരെയും ഒരുമിച്ച് കാണുമ്പോൾ, അമ്മാമൻ ഇങ്ങനെ ആണ് വിളിച്ചിരുന്നത്.

ഞങ്ങൾ നാല് പേരെന്ന് പറഞ്ഞാൽ ചിത്ര ചേച്ചി (അമ്മാമന്റെ അഞ്ചാമത്തെ സഹോദരി മലതിയുടെ രണ്ടാമത്തെ മകൾ), സുപ്രിയ ചേച്ചി (അമ്മാമന്റെ മകൾ), പ്രസാദേട്ടൻ (അമ്മാമന്റെ മകൻ), പിന്നെ ഞാൻ (അമ്മാവന്റെ ഇളയ സഹോദരി രജിതയുടെ മകൾ) എന്നിവരാണ്. ഞങ്ങൾക്ക് ഇങ്ങനെ ഒരു പേര് അമ്മാവൻ ഇട്ടതിന് പിന്നിലെ കഥ എന്താണെന്ന് വച്ചാൽ നാൽപ്പാമരത്തിന്റെ കൂട്ടാണ് അത്തി, ഇത്തി, അരയാൽ, പേരാൽ. അത് നാലും കൂടി ചേർന്നാൽ ഉണ്ടാകുന്ന ആയുർവേദ മരുന്നായ നാൽപ്പാമരം പോലെ വിശേഷപ്പെട്ട ഒന്നാണ് ഞങ്ങളുടെ ബന്ധം എന്ന് അമ്മാവന് തോന്നിയിട്ടാവണം.



വേണെങ്കിൽ അതിനെ ഞങ്ങളുടെ "ബാംഗ്ലൂർ ഡെയ്സ്" എന്ന് വിളിക്കാവുന്ന കാലം തന്നെ. പക്ഷേ, ഈ കഥ ബാംഗ്ലൂരിൽ അല്ല കേരളത്തിലെ പട്ടാമ്പി താലൂക്കിൽ ഉള്ള വല്ലപ്പുഴയിലാണ്. വല്ലപ്പുഴ എന്ന് പറയുമ്പോൾ, ആദ്യം നമ്മുടെ തറവാട്ടിൽ നിന്ന് തന്നെ തുടങ്ങണം അതെ, നമ്മുടെ മേലീട്ടിൽ പിഷാരം തന്നെ. മുത്തശ്ശിയും മുത്തശ്ശനും, അവരുടെ എട്ട് മക്കളും മരുമക്കളും പേരക്കുട്ടികളും അടങ്ങിയ ഇമ്മിണി വലിയൊരു കുടുംബം!

ആറ് പെൺമക്കളും, അവരുടെ ഇടയിൽ രണ്ട് ആങ്ങളമാരും. അമ്മ പറഞ്ഞ് കേട്ട ഒരു ഓർമയുണ്ട്: "കണ്ണേട്ടൻ" എന്ന് പറഞ്ഞ് ഒരു ഏട്ടൻ ഉണ്ടായിരുന്നു. കുട്ടിക്കാലത്ത് തന്നെ കാണാതായി, അമ്മ പോലും കണ്ടിട്ടില്ലത്രെ. അതുകൊണ്ടുതന്നെ, അമ്മ പറഞ്ഞ ഒരു കഥാപാത്രമായി മാത്രമേ എനിക്കറിവുള്ളൂ. മുത്തശ്ശൻ അമ്മ പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് മരിച്ചത്. എന്റെ ഓർമ്മയിൽ മുത്തശ്ശി മാത്രമേ ഉള്ളൂ. അതുകൊണ്ട് തന്നെ, ഞങ്ങളുടെ തലമുറയിലെ എല്ലാവരുടെയും മനസ്സിൽ മുത്തശ്ശിക്ക് ഏഴ് മക്കളാണ് ആറ് പെൺമക്കളും, അവരുടെ ഇടയിൽ ഒരു ആങ്ങളയും.

അമ്മാമനെ കുറിച്ച് ആലോചിക്കുമ്പോൾ, പെട്ടെന്ന് ഓർമ വരുന്നത് പഴയ മലയാള സിനിമയായ ഹിറ്റ്ലർ ആണ്. അതിലെ ഹിറ്റ്ലർ മാധവൻകുട്ടി എന്ന കഥാപാത്രം കുറച്ച് പേർക്കെങ്കിലും ഓർമ വരും. ഞങ്ങളുടെ ജീവിതത്തിലെ മാധവൻകുട്ടിയാണ് അമ്മാമൻ പെങ്ങമാർക്ക് എന്ത് ആവശ്യം വന്നാലും ഒരു മടിയും കൂടാതെ ഓടി എത്തിയിരുന്ന അവരുടെ പൊന്നാങ്ങളയാണ് അമ്മാമൻ.

അമ്മയ്ക്ക് എന്ത് പ്രശ്നം വന്നാലും, എന്ത് സംശയം ഉണ്ടെങ്കിലും ആദ്യം വിളിക്കുന്നത് അമ്മാമനെയാണ്. എല്ലാ ചോദ്യങ്ങൾക്കും ഒരു ഉത്തരം, എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരം അതെ, അവിടെയുണ്ടാകുമെന്ന വിശ്വാസം അമ്മയ്ക്കുണ്ട്. അമ്മയും അമ്മാമനും തമ്മിലുള്ള ഫോൺ സംഭാഷണം കേൾക്കുന്നത് തന്നെ ഒരു രസമാണ്.

"രേദേ...' (രജിതേ എന്ന പേരിനെ അമ്മാവന്റെ ശൈലിയിൽ വിളിച്ചത് അങ്ങിനെയാണ്) എന്ന് നീട്ടി വിളിച്ചാണ് എപ്പോഴും സംസാരാരംഭം. കുറഞ്ഞത് അരമണിക്കൂറെങ്കിലും സംസാരിക്കാതെ ഫോൺ വെച്ച ചരിത്രം ഉണ്ടാകില്ല. അമ്മ എപ്പോഴും പറയും: "ഒരു ഏട്ടൻ മാത്രമല്ല, ഒരു അച്ഛൻ കൂടി ആണ് അമ്മാവൻ."

കുട്ടിക്കാലത്ത് ഒരിക്കൽ അടുക്കളയുടെ പിന്നാമ്പുറത്തെ വാതിൽ അടക്കാൻ അമ്മാവൻ എ

ന്നോട് പറഞ്ഞു. ഞാൻ അന്ന് മടി കാണിച്ചു. പിന്നീട് അമ്മാവൻ തന്നെയാണ് വന്ന് അടച്ച് പോയത്. വ്യക്തമായ ഓർമ്മയില്ലെങ്കിലും, അത് എന്റെ തെറ്റായി ഞാൻ തിരിച്ചറിഞ്ഞു. ഇനി അങ്ങനെ ചെയ്യില്ല എന്ന് അമ്മാവന് വാക്കും കൊടുത്തു. പിന്നീട്, തമാശയായി ഇടക്കിടെ, "കുഞ്ഞിമ്മോ പോയി ആ വടുക്കോറത്തെ വാതിൽ അടച്ച് വന്നാ..." എന്ന് പറഞ്ഞു കളിയാക്കിയിട്ടുണ്ട്.

അമ്മാമനെക്കുറിച്ച് പറയുമ്പോൾ മറക്കാൻ കഴിയാത്ത ഒരാളാണ് അമ്മായി. "കുഞ്ഞിമോൾ" എന്ന ഓമനപ്പേര് എനിക്കിട്ടത് അമ്മായിയാണ്. മേലീട്ടിലെ ഏറ്റവും ചെറിയ കുട്ടി അമ്മ ആയതിനാൽ, അവിടെ ഞാൻ ആണ് ചെറിയ പേരക്കുട്ടി. അതുകൊണ്ടാകാം, എന്നെ അമ്മായി "കുഞ്ഞിമോളേ" എന്ന് വിളിച്ച് തുടങ്ങിയത്.

പിഷാരോടി സമാജം പട്ടാമ്പി ശാഖയുടെ സെക്രട്ടറിയും ജീവനാഡിയുമായിരുന്നു അമ്മാമൻ, പിഷാരോടി സമാജം കേന്ദ്ര വൈസ് പ്രസിഡന്റും PE & WS എഡ്യൂക്കേഷണൽ അവാർഡ് നിർണ്ണയ കമ്മിറ്റി കൺവീനറും ആയിരുന്നു.

പിഷാരോടി സമാജത്തിലായാലും, നാട്ടിലായാലും, സ്കൂളിലായാലും, പാർട്ടി പ്രവർത്തനത്തിലായാലും എല്ലായിടത്തും സജീവമായിരുന്നു അമ്മാമൻ. അതുകൊണ്ടുതന്നെ, എല്ലാവരുടെയും പ്രിയപ്പെട്ട ആളാണ് സുരേന്ദ്രൻ മാഷ്. കാര്യങ്ങൾ ഒറ്റ നോട്ടത്തിൽ മനസ്സിലാക്കി ചെയ്യാൻ ഉള്ള അമ്മാവന്റെ കഴിവ് അപാരം ആയിരുന്നു. അമ്മാമൻ മുന്നിൽ ഉണ്ടെങ്കിൽ, പിന്നെ ആരും ഒന്നും ചിന്തിക്കേണ്ട എല്ലാം ആ കൈകളിൽ ഭദ്രം എന്ന് എല്ലാവർക്കും അറിയാം.

വിധിയുടെ വിളയാട്ടം പോലെ, ഏകദേശം ഒരു വർഷം മുമ്പ് അമ്മാമന്റെ അസുഖം കണ്ടുപിടിച്ചു. അപ്പോഴും, പെട്ടെന്ന് തളരാതെ അതിനെ എതിർത്തുനിന്ന് പോരാടിയ അമ്മാമനെയാണ് ഞങ്ങൾ കണ്ടത്. അതിനിടയിൽ അമ്മയ്ക്ക് യൂറിനറി ഇൻഫെക്ഷൻ വന്നപ്പോൾ ആശുപത്രിയിൽ അഡ്മിറ്റായിരുന്നു. അന്ന് അമ്മാമൻ, തന്റെ ഡോക്ടറെ കണ്ടു, അമ്മാവന്റെ ചെക്കപ്പ് കഴിഞ്ഞ് അമ്മയെ കാണാൻ ആശുപത്രിയിലെത്തി. അമ്മാമനെ അപ്രതീക്ഷിതമായി കണ്ടതിന്റെ സന്തോഷം അമ്മയുടെ മുഖത്ത് പ്രകടമായിരുന്നു.

അമ്മാമനെ കണ്ട ഉടനെ അമ്മ ചോദിച്ചു:

"ഏട്ടാ... ആഹാ... അടിപൊളി ഷർട്ട് ആണല്ലോ!"

ചിരിച്ചുകൊണ്ട് അമ്മാമൻ മറുപടി പറഞ്ഞു:

"അത് പുതിയ ഷർട്ട് ആണ്... ഇനി ഇപ്പൊ ഇതൊക്കെ എടുത്ത് വച്ച് എന്തിനാ... ആർക്കിടാനാ... ഒന്നോ രണ്ടോ വർഷം കൂടി അല്ലേ ഉള്ളൂ രേ... തേ..."

അത് കേട്ട് കുറച്ച് നേരത്തേക്ക് അവർക്കിടയിൽ നിശബ്ദത മാത്രം ആയിരുന്നു. പിന്നെ മറ്റുള്ള വിഷയങ്ങളിലേക്ക് അവർ പോയി. അത് കഴിഞ്ഞ്, തൂക്കുപാത്രവും എടുത്ത് അമ്മാമന് ചായ വാങ്ങാൻ ഞാൻ കാന്റീനിലേക്ക് ഇറങ്ങുമ്പോൾ, ഉള്ളിൽ കാരണം അറിയാത്ത ഒരു വിങ്ങലുണ്ടായിരുന്നു.

അച്ഛന്റെ സഹോദരൻ ഉണ്ണിമാമന്റെ ഷഷ്ഠിപൂർത്തി കഴിഞ്ഞ വർഷം ആഘോഷിച്ചു. അവിടെയും അമ്മാമൻ സജീവമായിരുന്നു. അമ്മാവന്റെ പ്രസംഗം നമ്മളറിയാതെ കേട്ടിരുന്നുപോവും. സദ്യ കഴിക്കുമ്പോൾ, എന്റെ അടുത്തേക്ക് വന്ന് പറഞ്ഞു:

"കുഞ്ഞിമ്മോ അന്റെ ഇല ഗംഭീരം ആണ്... മിടുക്കത്തി ടോ..." എന്റെ ഇല നോക്കി ആണ് അമ്മാവൻ പറയുന്നത്, ഇലയിൽ ഒന്നും ബാക്കി ഇല്ലാതെ തുടച്ചു കഴിച്ചതുകണ്ടിട്ടു....

എന്നിട്ട്,

"പണ്ട് ഞാനും ഇങ്ങനെ തന്നെ ആണ് കഴിച്ചിരുന്നേ... ഇപ്പൊ എനിക്കു സാധിക്കില്ല ട്ടോ... കുട്ട്യേ..."

ഒരുമാസം മുമ്പ് വല്ലപ്പുഴ പോയപ്പോൾ, അതുവരെ കണ്ടതിലും വ്യത്യസ്തമായ അമ്മാമനെയാണ് കണ്ടത്. തടി നല്ലോണം കുറഞ്ഞിരിക്കുന്നു, തലമുടിയും മുഖവും ഒക്കെ ഷേവ് ചെയ്ത് കിടക്കുകയാണ്. എന്നെ കണ്ടതും പറഞ്ഞു:

"കുട്ടൻ കുറെ മാങ്ങ പെറുക്കി വെച്ചിട്ടുണ്ട് ട്ടോ... പോവുമ്പോ മറക്കാതെ കൊണ്ടുപോയ്ക്കോ..."

ഞങ്ങൾ തിരിച്ച് പോകുമ്പോൾ ഉമ്മറത്ത് കസേരയിൽ ഇരുന്നു,

"മാങ്ങ എടുത്തില്ലേ, കുഞ്ഞിമോളേ?"

എന്ന് വീണ്ടും ചോദിച്ചു.

"ഉവ്വ്..." എന്ന് പറഞ്ഞ് ഞാൻ കാറിൽ കയറി.

വണ്ടി പുറപ്പെട്ടു. പുറത്തേക്ക് നോക്കുമ്പോൾ, അമ്മാമൻ ഞങ്ങളെത്തന്നെ നോക്കി കസേരയിൽ ചാരി ഇരിക്കുന്നു... അമ്മാമൻ തന്ന ആ മാങ്ങയുടെ രുചിയും "കുഞ്ഞിമ്മോൾ" എന്ന വിളിയും ഇനി ഓർമ്മകളിൽ മാത്രം.

ഇവിടെ പറഞ്ഞത് എന്റെ ഓർമ്മയിലെ കുറച്ച് ഭാഗങ്ങൾ മാത്രം... പറയാൻ ബാക്കിയുള്ളത് അനന്തമാണ്.

ലേഖനം

# തീക്കടൽ കടഞ്ഞ് ഒരു തീർത്ഥയാത്ര



ശ്രീപ്രസാദ് വടക്കേപ്പാട്ട്

'**അ**മ്പത്തൊന്നക്ഷരാളീ കലിതതനുലതേ
വേദമാകുന്ന ശാഖിക്കൊമ്പത്തമ്പോടു പൂക്കും
കുസുമതതിയിലേന്തുന്ന പൂന്തേൻ കുഴമ്പേ'

പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഴമംഗലം നാരായണൻ നമ്പൂതിരി ഇങ്ങനെ ശ്ലാഘിക്കുന്ന മലയാളത്തിന്റെ പൂന്തേൻ മധുരിമ നാമെല്ലാവരും ആവോളം ആസ്വദിക്കുമ്പോൾ തന്നെ ആ അമ്പത്തൊന്ന് അക്ഷരങ്ങളെ നമുക്ക് സമ്മാനിച്ച ആചാര്യന്റെ ജീവിതകഥ എത്രമാത്രം മനസ്സിലാക്കാൻ ശ്രമിച്ചു എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയ അപൂർണ വിവരണങ്ങളും ഐതിഹാസ്യ സമാനമായ ചില കെട്ടുകഥകളുമാണ് ആ മഹാന്റെ ജീവചരിത്രം അന്വേഷിക്കുന്നവർക്ക് ആശ്രയം. തുഞ്ചത്താചാര്യന്റെ ജീവചരിത്രം സത്യസന്ധമായി രേഖപ്പെടുത്താൻ ചരിത്രകാരന്മാർ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്നു പഠിക്കേണ്ടതുണ്ട്. തുഞ്ചന്റെ കാവ്യപ്രപഞ്ചത്തെക്കുറിച്ചു വാചാലരായവർപോലും അദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ചു മൗനം പാലിച്ചത് മനഃപ്പൂർവമായിരിക്കുമോ? ഐതിഹ്യവും കേട്ടറിവും സമഞ്ജസമായി സമ്മേളിപ്പിച്ച് മലയാള നാടിന്റെ ചരിത്രപുരുഷന്മാർക്കു മാത്രമല്ല ഇതിഹാസ കഥാപാത്രങ്ങൾക്കു വരെ ചരിത്രരേഖ ചമക്കുന്ന 'ഐതിഹ്യമാലയിൽ', കൊട്ടാരത്തിൽ ശങ്കുണ്ണി പോലും ഭാഷാപിതാവിന്റെ ചരിത്രം കേവലം ചില പരാമർശനങ്ങളിലൊതുക്കിയെന്നോർക്കണം!

ഇവിടെയാണ് പ്രശസ്ത സാഹിത്യകാരൻ ശ്രീ. സി. രാധാകൃഷ്ണന്റെ 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന ജീവചരിത്രഖ്യായിക ഒരു ചരിത്ര ദൗത്യമായി മാറുന്നത്.

'എഴുത്തച്ഛന്റെ കൈപ്പടയിലുള്ള ആത്മകഥ ആരെങ്കിലും കണ്ടെത്തുന്നതുവരെ ഈ കൃതി അതിന്റേതായ ആധികാരികതയോടെ വിരാജിക്കും' എന്ന് ഡോ. എം. ലീലാവതി ഇതിന്റെ പ്രസക്തി അടിവരയിട്ടു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ.എസ്. വെങ്കിടാചലമാകട്ടെ ഈ കൃതിയുടെ വായനയെ ഇങ്ങനെ കാണുന്നു – 'ഇതൊരു തീർത്ഥാടനമാണ്. സ്നേഹവും ഭക്തിയും ആരാധനയും ആകാംക്ഷയും അമ്പരപ്പും ഈ യാത്രയിലുണ്ട്.'

അൻപത്തൊന്ന് അക്ഷരങ്ങളെ പ്രതിനിധീകരിച്ചു കൊണ്ട്, അൻപത്തൊന്ന് ഓലക്രമങ്ങളിലായി താന്നിയൂർ, തിരുവൂർ, ശബരക്കോട്ടം, മഹാപ്രസ്ഥാനം എന്നിങ്ങനെ നാലു ഭാഗങ്ങളിലായി ആചാര്യ ചരിത്രം അദ്ദേഹം നമുക്കുമുൻപിൽ അവതരിപ്പിക്കുന്നു. ആഖ്യാനത്തിന്റെ രൂപത്തിൽ വ്യത്യസ്തതയും എന്നാൽ പൗരാണികതയോട് മമതയും പുലർത്തുവാനായി ഗ്രന്ഥകർത്താവ് തിരഞ്ഞെടുത്ത ഈ രീതി ഒരുപക്ഷെ മലയാളസാഹിത്യത്തിൽ തന്നെ ഇദംപ്രഥമമായിരിക്കും.

'അറിവിന്റെ അഞ്ജനസൂചികൊണ്ട്
അകകണ്ണിലെ തിമിരപ്പാട നീക്കി
കാഴ്ചതെളിവേകിയ പരമാചാര്യ
കാരുണ്യത്തിന് തിരുമുൽക്കാഴ്ച്ച'

ഈ ആഖ്യായികയുടെ തുടക്കത്തിൽ അചാര്യനു സമർപ്പിക്കുന്ന ഈ തിരുമുൽക്കാഴ്ച്ച, ഭാഷാപിതാവിന്റെ ചരിത്രത്തോട് പുലർത്തിയ നീതികൊണ്ട് മലയാളഭാഷക്കുതന്നെ ഒരു തിരുമുൽക്കാഴ്ച്ചയാക്കി മാറ്റാൻ ശ്രീ.സി.രാധാകൃഷ്ണന് സാധിച്ചിരിക്കുന്നു. വായ്മൊഴികൾ എങ്ങിനെ ഒരു ചരിത്രത്തെ പുനരാഖ്യാനം ചെയ്യാൻ ഉതകും എന്നതിന്റെ ഉത്തമമായ ഉദാഹരണമാണ് ഈ പുസ്തകത്തിന് ആമുഖമായി പറഞ്ഞിട്ടുള്ള സ്വസ്തി എന്ന ഉജ്വലമായ ഭാഗം.

എഴുത്തച്ഛന്റെ സത്യസന്ധമായ ജീവചരിത്രം അന്വേഷിക്കുന്നവർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ചരിത്രപണ്ഡിതന്മാർ എഴുത്തച്ഛനെ എ

ന്തുകൊണ്ടു വേണ്ടത്ര പരിഗണിച്ചില്ല എന്നതാണ്. ഇവിടെ ഗ്രന്ഥകാരൻ അധിനിവേശങ്ങളും അതിന്റെ ഫലമായുണ്ടായ ഉച്ചനീചത്വങ്ങളുടെയും ജാതിവ്യവസ്ഥകളുടേയും ചരിത്രവഴികൾ അന്വേഷിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. ആധുനിക നരവംശ ശാസ്ത്രജ്ഞരുടെ കണ്ടെത്തലുകളെ ഭാരതീയവും കേരളീയവുമായ പരിപ്രേക്ഷ്യത്തിൽ പുനർനിർമ്മിക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നുണ്ട്. അക്രമോത്സുക്കളായ നായാടികൾ പ്രായേണ സൗമ്യരായ കൃഷി ചെയ്തു ജീവിക്കുന്നവരുടെ മേൽ അധീശം സ്ഥാപിച്ചു എന്ന വിശ്വസനീയമായ ഒരു കണ്ടെത്തലാണ് ഗ്രന്ഥകർത്താവ് നടത്തുന്നത്. അധീശരായിരുന്ന നായാടികളുടെ അസംബന്ധങ്ങൾ പിൽക്കാലത്ത് ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി മനുഷ്യരുടെ മേൽ അടിച്ചേല്പിക്കുകയാണുണ്ടായതെന്ന് സി.രാധാകൃഷ്ണൻ സമർത്ഥിക്കുന്നു. വൈദിക മേധാവിത്വത്തിനു കൊടുത്ത ദൈവിക ഭാവം അർത്ഥശൂന്യമാണെന്ന് കാര്യകാരണസഹിതം അദ്ദേഹം ഇവിടെ തെളിയിക്കുന്നുണ്ട്. കെട്ടിപ്പൊക്കിയ മഹിമയിൽ വിരാജിക്കുന്നവർ ആ വിഭാഗത്തിൽ പെടാത്ത ഒരുജ്ജ്വല പ്രതിഭയെ സ്വാഭാവികമായും അംഗീകരിക്കില്ല. അതിനാൽത്തന്നെ വരേണ്യവർഗ്ഗം എഴുത്തച്ഛനെ അവഗണിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ!

എഴുത്തച്ഛൻ (യഥാർത്ഥപേര് കൃഷ്ണൻ) ജനിക്കുന്നതിനു പതിനേഴു ദിവസം മുൻപേ അച്ഛൻ നഷ്ടപ്പെട്ടിരുന്നു. അച്ഛന്റെ നഷ്ടം അധ്യാത്മിക സമസ്യയായി സ്വീകരിക്കാൻ എഴുത്തച്ഛൻ ബാലനായിരിക്കുമ്പോഴേ തയ്യാറായിരുന്നു എന്ന് സി. രധാകൃഷ്ണൻ കണ്ടെത്തുന്നുണ്ട്. 'നിയതമായ രൂപമില്ലാത്തതിനാൽ എനിക്ക് എന്റെ അച്ഛൻ സർവവ്യാപിയും സർവ്വശക്തനുമായിരുന്നു. അച്ഛൻ ഈശ്വരനാണെന്ന് അമ്മ പറയുന്നു. ഈശ്വരൻ എല്ലാവരുടെയും മാത്രമല്ല എല്ലാറ്റിന്റെയും ഈശ്വരനാണെന്നാണ് അമ്മ പറഞ്ഞുറപ്പിച്ചത്.' മകനെ ആദ്ധ്യാത്മികതയുടെ വഴിയിലൂടെ നയിക്കുവാൻ അമ്മയും നന്നായി പരിശ്രമിച്ചു എന്നും കാണാം. 'അക്രമം ആര് കാണിച്ചാലും പൊറുക്കണം. പക്ഷേ, കാലെക്കൂട്ടിയുള്ള മുൻകരുതലാണ് ചതിവുപറ്റിയതിനുശേഷമുള്ള പകയേക്കാൾ മുന്നിൽ നിൽക്കേണ്ടത്. പക ആരോടും പാടില്ല. ഉള്ളിലെ പകയാണ് നമ്മെക്കൊല്ലുന്ന ഏറ്റവും വലിയ വിഷം.' ഭാരതീയ തത്വചിന്തയുടെ സാരംശം സ്വമാതാവിൽ നിന്നുതന്നെ പഠിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ച ഒരു ബാല്യമായിരുന്നു എഴുത്തച്ഛന്റേത്.

എഴുത്തച്ഛന്റെ ആദ്യഗുരു സ്വന്തം അമ്മാവനായിരുന്നു. ഇന്ന് വളരെ വിപ്ലവകരമായി നടപ്പാക്കാൻ ശ്രമിക്കുന്ന ഒരധ്യയനരീതിയിയായിരുന്നു അദ്ദേഹം സ്വീകരിച്ചത്. കാവ്യവും സാരവും, അക്ഷരവും ഭാഷയും പഠിക്കുന്നതിനു മുമ്പേ വശത്താക്കുക എന്നതായിരുന്നു ആ രീതി. അന്നം - കാവ്യവും അതിന്റെ സാരവുമാണെന്നും, ഭാഷയും അക്ഷരമാലയും വെറും പാത്രങ്ങളാണെന്നുമുള്ള ഒരു യുക്തിയായിരുന്നു അദ്ദേഹത്തിന്റേത്. എഴുത്തച്ഛന്റെ പിൽക്കാലത്തെ കാവ്യജീവിതം അമ്മാവന്റെ ആ രീതി ശരിയാണെന്നു തെളിയിക്കയുമുണ്ടായല്ലോ. മൗലികമായ ചിന്തകളായിരുന്നു അമ്മാവന്റേത്. ഈശം എല്ലായിടത്തുമുണ്ട് ഗ്രന്ഥത്തിൽ മാത്രമല്ല എന്ന വാക്കുകളിലൂടെ അന്ധമായ ബിംബ-ഗ്രന്ഥ ആരാധനകളെ തള്ളിപ്പറയുവാൻ അദ്ദേഹം ധൈര്യം കാണിച്ചിരുന്നു.

നൂറ്റാണ്ടുകൾക്കുപുൻപ് ഓരോ വ്യാഴവട്ടത്തിലും തിരുനാവായ മണൽപ്പുറത്തു നടന്നിരുന്ന മാമാങ്ക(മാഘ-മകം)ത്തെക്കുറിച്ച് തെളിമയാർന്ന കുറെ ചിത്രങ്ങൾ വായനക്കാരന്റെ മനസ്സിലേക്ക് എഴുത്തുകാരൻ പകർത്തിത്തരുന്നു. കൃഷ്ണന്റെ ചേച്ചിയുടെ ഭർത്താവായ ഉണ്ണിയേട്ടന്റെ, ചാവേറായി മാമാങ്കത്തിനുള്ള യാത്രയാണ് ഈ കൃതിയിലെ ഏറ്റവും വൈകാരികമായുള്ള ഭാഗങ്ങളിലൊന്ന്. നാലുമാസം മാത്രം പ്രായമുള്ള മകളോടുള്ള യാത്ര ചോദിക്കലും തിരുമാന്ധാംകുന്നിലെ ചാവേർതറയിൽനിന്നും തിരുനാവായ മാമാങ്കവേദിയിലേക്കുള്ള യാത്രയും ഉദ്വെഗവും ആകാംക്ഷയും നിറഞ്ഞതാണ്. യാത്ര അവസാനിക്കുന്നത് മണിക്കിണറിന്റെ അടിത്തട്ടിലേക്കാണ് എന്നറിഞ്ഞുകൊണ്ടുള്ള വിഫലമായ ഇത്തരം യാത്രകൾ ഇന്നും നടക്കുന്നു എന്ന യാഥാർഥ്യവും നമ്മെ ഓർമ്മിപ്പിക്കുന്നു. സാമൂതിരിയുടെ മാമാങ്കശേഷമുള്ള മടക്കപ്പട്ടയുടെ ആക്രമണത്തിൽ താന്നിയൂരിലെ കളരി അഗ്നിക്കിരയാക്കപ്പെടുന്നു. ഇതിനിടയിൽ സംഭവിച്ച ഗുരുവായ അമ്മാവന്റെ മരണവും വെട്ടത്തുരാജാവിന്റെ അവസരോചിതമായ ഇടപെടലുകളുടെയും വിവരണങ്ങൾ ചില ചരിത്രസത്യങ്ങളെ ഓർമ്മിപ്പിക്കുന്നു.

തുഞ്ചൻ പറമ്പെന്ന പേരിന്റെ ഉത്ഭവകഥ ഹൃദയഭേദകമാണ്. തുഞ്ചൻ എന്നൊരാൾ കിടപ്പാടവും തൊഴിലുമന്വേഷിച്ചു കിഴക്കുനിന്നും നാടുചുറ്റി വന്ന് ഒരു ചെറിയ തുക കാണപ്പണമായി വച്ച് മുനയൂരില്ലത്തുനിന്നും കുറച്ചു തരിശുനിലം ചാർത്തി വാങ്ങുന്നു. അധ്വാനശീലനായ ആ മനുഷ്യനും ഭാര്യയും ചേർന്ന് തരിശായിക്കിടന്ന പറമ്പ് കിളച്ചുമറിച്ചു ഫലഭൂവിഷ്ടമായ കൃഷിയിടമാക്കി. ജ

ന്മിമാരായ ഇല്ലക്കാരും കാര്യസ്ഥന്മാരും ഇത് കൈക്കലാക്കാൻ തുഞ്ചനെയും കുടുംബത്തെയും ജീവനോടെ കുഴിച്ചുമൂടി. ഈ സംഭവശേഷം ഭൂതപ്രേതാദികളുടെ ശല്യമുണ്ടെന്ന പേടിയാൽ തുഞ്ചൻ പറമ്പ് അനാഥമായിക്കിടന്നു. തൃക്കണ്ടിയൂരിലെ ഈ തുഞ്ചൻ പറമ്പിലാണ് പിന്നീട് താന്നിയൂരിലെ കളരി പുനർജനിക്കുന്നത്.

കൃഷ്ണന്റെ ജ്യേഷ്ഠനായ രാമൻ (കുട്ടേട്ടൻ) തൃക്കണ്ടിയൂരിലെ കളരിയുടെ പ്രധാനാചാര്യനാകുന്നു. കളരിയിലെ അടിസ്ഥാന വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിനായി കൃഷ്ണനെ തഞ്ചാവൂരിലെ തിരുവാവാടുതുറൈ ആദീന(ഗുരുകുലം)ത്തിലേക്ക് അയക്കുവാൻ തീരുമാനിക്കുന്നു. അദ്ധ്യാപനത്തിനിടെ, ഗുരുവായ ജ്യേഷ്ഠന്റെ അനുജനോടുള്ള ഉപദേശം ഇന്നും പ്രസക്തമാണ്. 'ചൂതുകളിക്കുന്നവർക്കു പരിക്ക് പറ്റുന്നുണ്ടെങ്കിൽ അതു സംഭവിക്കുക കളി കഴിയുമ്പോൾ മാത്രമാണ്. ചൂതുകളോ – ഏതുനിമിഷവും വെട്ടേറ്റ് ബഹിഷ്കൃതരാവാം. ചൂതുകളുടെ ക്ഷേമമല്ല കളിയുടെ വിജയമാണ് കളിക്കാരുടെ ലക്ഷ്യം. ഇതിനായി ഏതു ചൂതിനെയും എപ്പോൾ വേണമെങ്കിലും കയ്യൊഴിയാനും കളിക്കാർ തയ്യാറാവും.' ഈ ഉപദേശത്തിലെ ചൂതുകൾ ഇന്നും മരിച്ചുവീണുകൊണ്ടിരിക്കുകയും കളിക്കാർ ഉന്മത്തരായി കളി തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

തഞ്ചാവൂരിലെ തിരുവാവാടുതുറൈ ആദീനത്തിലേക്ക് ജലാലുദ്ദീൻ മൂപ്പന്റെ കച്ചവട സംഘത്തോടൊപ്പമുള്ള കൃഷ്ണന്റെ യാത്ര മനോഹരമെങ്കിലും വായനയിൽ വളരെ ചെറുതായതുപോലെ ഒരു തോന്നൽ ഉണ്ടാക്കുന്നു. വണ്ടിത്താവളം, വേലന്താവളം, ചുങ്കത്തറ തുടങ്ങി ഇടത്താവളങ്ങളും ആ പേരുകളുടെ ഉത്ഭവവും രസകരമായി വിവരിച്ചിരിക്കുന്നു. ഇടത്താവളങ്ങളിലെ കാത്തുകിടപ്പും പടനീക്കങ്ങളും സംഘർഷഭരിതമാക്കുന്ന യാത്രവിവരണം പഴയകാലത്തെ നാട്ടുവഴികളിലേക്കും നാട്ടുരാജ്യങ്ങളുടെ കാലത്തേക്കും നമ്മെ കൊണ്ടുപോകുന്നു. പടനീക്കങ്ങളിലൂടെ ചെറിയ രാജ്യങ്ങൾ ഒന്നാകുമ്പോൾ സംഭവിക്കുന്ന നികുതിസമ്പ്രദായങ്ങളുടെ ഏകീകരണത്തിന്റെ വിവരണം, ക്രാന്തദർശിയായ എഴുത്തുകാരന്റെ ഏകീകൃത നികുതി വ്യവസ്ഥയെക്കുറിച്ച് വർഷങ്ങൾക്കു മുൻപേയുള്ള തന്റെ സങ്കൽപ്പമല്ലേ നമുക്കുമുൻപിൽ അവതരിപ്പിക്കുന്നത്!

പ്രകൃതിയോടിണങ്ങിയുള്ള തഞ്ചാവൂർ ആദീനത്തിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നമ്മെ കൊതിപ്പിക്കുന്ന രീതിയിൽ ചരിത്രകാരൻ അവതരിപ്പിക്കുന്നു. അവിടെയാകട്ടെ പരീക്ഷകളേ ഇല്ല. കഴിവുകൾ സ്വയം ആർജ്ജിക്കുകയും അതിനെ പ്രകടിപ്പിക്കുകയും ചെയ്യുന്ന ഉദാത്തമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് നടപ്പിലുണ്ടായിരുന്നത്. ഈ പ്രകടനങ്ങൾക്കായുള്ള കൂടലുകളെയും പെരുംകൂടലുകളെയും കുറിച്ചുള്ള വിവരണങ്ങളും വളരെ ആസ്വാദ്യകരമാണ്. അഞ്ചാം നൂറ്റാണ്ടിനിപ്പുറം നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ അവസ്ഥയെക്കുറിച്ച് സഹതപിക്കുവാൻ മറ്റെന്തുവേണം?

തഞ്ചാവൂരിലെ പഠനശേഷം തിരിച്ചുവന്ന കൃഷ്ണനെ ഏറ്റവും അലട്ടിയ പ്രശ്നം വട്ടെഴുത്തിന്റെ ന്യൂനതകളായിരുന്നു. ഇതിനേക പരിഹാരം സംസ്കൃതത്തിലെപ്പോലെതന്നെ എല്ലാ അക്ഷരങ്ങളും ഉൾപ്പെടുന്ന ഒരു പുതിയ ലിപിസമ്പ്രദായം നടപ്പാക്കുകമാത്രമാണെന്ന ആശയം അദ്ദേഹത്തിനുണ്ടായി. കേൾക്കുന്നതൊന്ന് എഴുതുന്നത് മറ്റൊന്ന് വായിക്കുന്നത് വേറൊന്ന് മനസ്സിലാക്കുന്നത് ഇതൊന്നുമല്ലാത്ത മറ്റൊന്ന് എന്ന മുപ്പത് അക്ഷരങ്ങളുള്ള വട്ടെഴുത്തിന്റെ ന്യൂനതകളെപ്പറ്റി കാര്യമായ വിവരണങ്ങൾ നമുക്ക് തന്ന്, വട്ടെഴുത്തിനേയും സംസ്കൃതാക്ഷരങ്ങളെയും സംയോജിപ്പിച് പുതിയ ലിപിയുടെ നിർമാണപ്രക്രിയ ശാസ്ത്രീയമായിത്തന്നെ അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു. പുതിയ ലിപി അവതരിപ്പിച്ചപ്പോൾ കളരിയിലെ കുട്ടപ്പാടി ആശാന്റെ വാക്കുകൾ കേൾക്കുക 'അഭിമാനം എന്ന വാക്ക് മാനഹാനി കൂടാതെ എഴുതിയിട്ട് മരിച്ചാലും വേണ്ടില്ല', കാരണം വട്ടെഴുത്തിൽ അപിമാനം എന്നേ എഴുതാൻ സാധിക്കുകയുള്ളു. പുതിയ ലിപിയിൽ അദ്ദേഹം ആദ്യമായി രചിച്ച കൃതിയായിരുന്നു ഹരിനാമകീർത്തനം.

കുരുന്നുകൾ ആദ്യാക്ഷരം കുറിക്കുന്ന 'ഹരി: ശ്രീ ഗണപതയേ നമഃ' എന്ന മംഗളവാക്യം ഹരിനാമകീർത്തനത്തിന്റെ ആരംഭത്തിലുള്ളതാണ്. പണ്ഡിതരത്നം കെ.പി.നാരായണ പിഷാരോടിയുടെ അഭിപ്രായത്തിൽ, ഇതിൽ ആദ്യവും അവസാനവുമുള്ള രണ്ടുപദങ്ങൾ അക്കാലതു പ്രചാരത്തിലുണ്ടായിരിന്ന വട്ടെഴുത്തിൽനിന്നും, നടുക്കുള്ള ഭാഗം സംസ്കൃതത്തിൽനിന്നും എടുത്തിട്ടുള്ളതാണത്രെ. പുതിയ ലിപിയിൽ സംസ്കൃതാക്ഷരങ്ങൾക്കു പകരമായി വട്ടെഴുത്തിനോടു സാമ്യമുള്ളതും കാണാൻ സൗന്ദര്യമുള്ളതുമായ അക്ഷരങ്ങൾ തയ്യാറാക്കി. സംസ്കൃതത്തിലില്ലാത്ത 'ള റ ഴ' എന്നീ അക്ഷരങ്ങൾ വട്ടെഴുത്തിൽനിന്നും എടുത്തു. വെവ്വേറെ പ്രചാരത്തിലുണ്ടായിരുന്ന രണ്ട് അക്ഷരമാലകളെ ഇങ്ങനെ കൂട്ടിച്ചേർത്ത് ഒന്നാക്കിത്തീർ

ക്കുക എന്ന മഹനീയമായ കാര്യമാണ് ആചാര്യൻ ചെയ്തത്. ഈ സംയോജനം വിദ്യാഭ്യാസത്തിന്റെ സാർവത്രിക വികസനത്തിനും കേരളഭാഷാഭിവൃദ്ധിക്കും സംസ്കൃതപ്രചാരണത്തിനും സഹായകമായിത്തീരുമെന്ന് ഭാഷാപിതാവ് ദീഘദർശനം ചെയ്തിരിക്കാം. ഈ അടിത്തറതന്നെയാണ് മലയാള ഭാഷാസാഹിത്യസൗധത്തിന്റെ ഉത്തരോത്തരമായ അഭ്യുന്നതിക്കു കാരണമായിത്തീർന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

പുതിയ ലിപിയിൽ ഹരിനാമകീർത്തനം രചിച്ച എഴുത്തച്ഛൻ, അതിന്റെ പ്രചാരണത്തിനായി മലയാളനാടുമുഴുവൻ ഹരിനാമകീർത്തനവുമായി സഞ്ചരിച്ചു. വടക്കൻ നാടുകളിൽ വളരെ തണുത്ത പ്രതികരണം ലഭിച്ച അദ്ദേഹത്തിന് കുടമാളൂർ ചങ്ങനാശ്ശേരി തുടങ്ങിയ തെക്കൻ കളരികളിൽ ഗംഭീര സ്വീകരണമാണ് ലഭിച്ചത്. ഈ ഭാഷാ താല്പര്യംകൊണ്ടുതന്നെയാവാം അച്ചടിഭാഷയെന്നാൽ കോട്ടയം ഭാഷ എന്ന അവസ്ഥയിലേക്ക് മലയാള ഭാഷ എത്തിച്ചേരാൻ കാരണം.

'ഋതുവായപെണ്ണിനുമിരപ്പന്നുദാഹകനു
പതീതന്നുമഗ്നി യജനം ചെയ്ത ഭൂസുരനും
ഹരിനാമകീർത്തനാമിതൊരുനാളുമൊരു-
വർക്കു മരുതാത്തതല്ല ഹരി നാരായണായ നമ:'

എന്ന വിപ്ലവകരമായ ശ്ലോകം ഹരിനാമകീർത്തനത്തിൽ എഴുതാൻ എഴുത്തച്ഛൻ കാണിച്ച അസാമാന്യ ധൈര്യത്തെ ആവിഷ്കരിച്ചിരിക്കുന്നതും, അദ്ദേഹം ഈ രചനയുടെ കാരണത്താൽത്തന്നെ വിചാരണ നേരിടുന്നതുമായ രംഗങ്ങൾ വളരെ വൈകാരികതയോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അഞ്ചു നൂറ്റാണ്ടു മുൻപ് അദ്ദേഹം മുന്നോട്ടുവച്ച ഈ സ്ത്രീ സ്വാതന്ത്ര്യം ഇന്നു പോലും അനുവദിക്കപ്പെട്ടിട്ടില്ല എന്നതുതന്നെ ഈ ചരിത്രകൃതി ആഴത്തിൽ ചർച്ച ചെയ്യപ്പെടാൻ താൽപ്പര്യമില്ലാത്ത ഒരു ഭൂരിപക്ഷ കൂട്ടായ്മ ഉണ്ടെന്നുള്ളതിന്റെ തെളിവായിരിക്കാം.

ആമക്കാവിലെ എടപ്പാൾ വീട്ടിലെ മാളുവുമായിട്ടായിരുന്നു എഴുത്തച്ഛന്റെ വിവാഹം. ശ്രീദേവി എന്നു പേരിട്ട മകളുടെ ജനനത്തോടുകൂടി മാളുവിന്റെ മരണം സംഭവിക്കുകയും, അദ്ദേഹത്തിന്റെ ഹ്രസ്വമായ ദാമ്പത്യജീവിതം അവസാനിക്കുകയും ചെയ്യുന്നു. സാമൂതിരിയുടെ ചതിപ്രയോഗത്താൽ വെട്ടം രാജ്യം നേടിയിരുപ്പിന് കീഴടങ്ങുന്നതും കുട്ടേട്ടന്റെയും കളരിയുടെയും അന്ത്യം സംഭവിക്കുന്നതും നെടുവീർപ്പുകളോടുകൂടി മാത്രമേ നമുക്കു വായിക്കുവാൻ കഴിയൂ. ഹരിനാമകീർത്തനരചനക്കും സംസ്കൃതം സ്വായത്തമാക്കിയതിനും വിചാരണ നേരിടുന്ന അദ്ദേഹത്തിനെ വധശിക്ഷക്ക് വിധിക്കുന്നു. അടിയാഴത്തെ മൂപ്പിൽ നായരുടെ തന്ത്രപരമായ ഇടപെടൽ കൊണ്ട് അത് ശബരക്കോട്ടത്തിലെ (ചമ്രവട്ടം) ചക്കുപുരയിലെ കാളയില്ലാതെ ചക്കുന്തൽ എന്ന ശിക്ഷയായി മാറുന്നു. ഈ ചക്കിന്റെ തേങ്ങലിന്റെ ശ്രുതിയിൽ നിന്നുമാണത്രെ 'ശ്രീരാമ രാമ രാമ ശ്രീരാമചന്ദ്ര ജയാ' എന്നുതുടങ്ങുന്ന മഹദ് ഗ്രന്ഥത്തിന്റെ തുടക്കം.

മലയാളത്തിലേക്കാക്കിയ അധ്യാത്മരാമായണത്തിന്റെ പ്രതികൾ പരമാവധി മലയാളക്കരയിലുടനീളം സാധാരണക്കാരായ വായനക്കാരുടെ അടുക്കൽ എത്തിക്കുക എന്ന ദൗത്യമായിരുന്നു അദ്ദേഹം ഏറ്റെടുത്തത്. സ്വാഭാവികമായും ഇത് കുന്നലക്കോനാതിരിയുടെ ശ്രദ്ധയിൽപ്പെടുകയും സങ്കേതക്കാരുടെ വിചാരണയിൽ ആചാര്യന് ശിരച്ഛേദ ശിക്ഷ വിധിക്കുകയും ചെയ്യുന്നു. ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ശക്തമായ ഇടപെടൽ കൊണ്ട് അത് നാടുകടത്തലായി മാറുന്നു.

ജനിച്ചപ്പോൾത്തന്നെ പിരിഞ്ഞ സ്വന്തം മകളെ ആചാര്യൻ വർഷങ്ങൾക്കപ്പുറം കണ്ടുമുട്ടുന്ന വികാരനിർഭരമായ നിമിഷങ്ങൾ വായനക്കാരന്റെ കണ്ണുകളെ ഈറനണിയിക്കുന്നു. ഈ കൂടിക്കാഴ്ച്ചയും മറ്റൊരു വിടപറച്ചിലിനുവേണ്ടിയാണല്ലോ എന്ന സത്യം നമ്മെ ഒന്നുകൂടി ദു:ഖത്തിലാഴ്ത്തുന്നു. നാടുകടത്തപ്പെട്ട എഴുത്തച്ഛൻ തഞ്ചാവൂരിലെ ആദീനത്തിലേക്ക് തിരിച്ചുപോകുന്നു. അവിടെവച്ചാണ് സൂര്യനാരായണനെ അദ്ദേഹത്തിന് ശിഷ്യനായി കിട്ടുന്നത്. സൂര്യനാരായണൻ ആചാര്യനോട് ഒരിക്കൽ ചോദിച്ചു 'പൂജകന്റെ മനസ്സിൽ താൻ പൂജിതശക്തിയിൽനിന്നും വേറിട്ടാണ് നിൽപ്, അന്യനാണ് എന്ന ധാരണ എപ്പോഴുമുണ്ടാക്കും അല്ലെ?' ഇതിനുള്ള മറുപടി ഇങ്ങനെയായിരുന്നു 'ഈ തിരിച്ചറിവ് വരുംവരെയേ സുഗുണാരാധന ആവശ്യമുള്ളൂ'. അദ്വൈതം തന്നെയാണ് തന്റെ മതമെന്ന ആചാര്യന്റെ ഉറച്ച നിലപാടിന്റെ ഉദാഹരണം തന്നെയല്ലേ ഈ സംഭാഷണം!

തഞ്ചാവൂരിൽനിന്നും ദേശാടനത്തിനുശേഷം കൊല്ലങ്കോട് പാടത്തിനും ശോകനാശിനിപ്പുഴയുടെ വടക്കേക്കരക്കുമിടയിൽ (ചിറ്റൂർ) സൂര്യനാരായണന്റെ നേതൃത്വത്തിൽ കളരി സ്ഥാപിക്കുന്നു. കളരി തുറക്കുന്നതിന്റെ തലേന്ന് സാമൂതിരിയുടെ പ്രേരണയാൽ കൊള്ളസംഘം കളരിയും ഗ്രന്ഥശേഖരവും തീവെച്ചു നശിപ്പിക്കുന്നു. ചമ്പതുമന്നാ

ടിയരുടെ നേതൃത്വത്തിൽ ചുരുങ്ങിയകാലം കൊണ്ട് ആ കളരി പുനർജനിക്കുന്നത്, അറിവിനെയും അറിവിനായുള്ള തൃഷ്ണയെയും ആർക്കും നശിപ്പിക്കാനാവില്ല എന്നതിന്റെ ഓർമിപ്പിക്കൽ കൂടിയാണല്ലോ! ഭഗവതത്തിന്റെ മലയാള തർജമ നടന്നത് ശോകനാശിനിയുടെ തീരത്തെ കളരിയിൽത്തന്നെയാണെന്നും, അതിന്റെ പ്രധാന സംഭാവന സൂര്യനാരായണന്റേതുതന്നെയെന്നും സ്ഥാപിക്കപെടുന്നുണ്ട്. ശോകനാശിനിയുടെ തീരത്തുതന്നെ ആചാര്യൻ പ്രകൃതിയിലേക്കലിഞ്ഞുചേരുന്നതോടുകൂടി ഈ ചരിത്രവിവരണം അവസാനിക്കുന്നു.

മലയാളലിപിയിലൂടെ എഴുത്തച്ഛൻ ജീവിക്കുന്നതിനാൽ ആ മഹാന് മരണവുമില്ലല്ലോ!

എഴുത്തച്ഛന്റെ ജീവിതം ഒരു തീക്കടൽ തന്നെയായിരുന്നുവെന്നു സമർത്ഥിക്കാൻ എഴുത്തുകാരന് സാധിച്ചിട്ടുണ്ട്. മഹദ്കർമ്മങ്ങളും മഹദ്കൃതികളും ഉടലെടുക്കുന്നത് തീവ്രമായ അനുഭവങ്ങളിൽനിന്നു മാത്രമാണെന്നും അല്ലാതെ സുഖലോലുപതയിൽനിന്നല്ലെന്നും ചരിത്രം തെളിയിച്ചിട്ടുള്ളതാണല്ലോ! മീനും പടച്ചോറും മധുരക്കള്ളും കഴിച്ചു കാളയില്ലാചക്കാകുന്ന ഭാരം തോളിലേന്തി സാധാരണക്കാരുടെ ഭാഷക്കുവേണ്ടി ജീവിതം ഹോമിച്ച അദ്ദേഹത്തെ ആഢ്യന്മാർ അകലത്തു നിർത്തിയിരുന്നില്ലെങ്കിലേ അത്ഭുതപെടാനുള്ളൂ! അപ്പോഴും അദ്ദേഹത്തിന്റെ നാവുകളിൽ നിന്നും വന്ന വാക്കുകൾ

'ആയാതമായാതം അപേക്ഷണീയം
ഗതം ഗതം സർവ്വം ഉപേക്ഷണീയം'
എന്നായിരുന്നത്രെ.

ചരിത്രത്തിൽ ഏതുനല്ലകാര്യം ചെയ്തവരെയും പ്രശസ്തരായവരെയും ബ്രാഹ്മണ്യത്തിന്റെ സൂത്രത്തിൽ തളച്ചിടാനുള്ള ശ്രമങ്ങൾ എന്നും ഉണ്ടായിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛനും ഈ ഗൂഢ ശ്രമങ്ങളിൽനിന്നും മോചിതനായിരുന്നില്ല.

'അൻപേണമെൻ മനസി ശ്രീനീലകണ്ഠഗുരു
മംഭോരുഹാക്ഷമിതി വാഴ്ത്തുന്നു ഞാനുമിഹ
അമ്പത്തൊരക്ഷരവുമോരോന്നിതെൻമൊഴിയി-
ലൻപോടു ചേർക്ക ഹരി നാരായണായ നമ:'

എന്ന ഹരിനാമകീർത്തനത്തിലെ നീലകണ്ഠൻ, എഴുത്തച്ഛന്റെ അച്ഛൻ നീലകണ്ഠൻ നമ്പൂതിരി ആണെന്ന ഒരു വാദമാണ് ഒരുകൂട്ടർ ഉയർത്തുന്നത്. അതല്ല അദ്ദേഹം കീർത്തനത്തിൽ വാഴ്ത്തുന്നത് തഞ്ചാവൂരിലെ ഗുരുകുലത്തിലെ തന്റെ ഗുരുവായ നീലകണ്ഠനെത്തന്നെയാണെന്ന് ചരിത്ര രചയിതാവ് സമർത്ഥിക്കുന്നു. ദൈവഭക്തിയേക്കാൾ കൂടുതലായി ഗുരുക്കളെ വന്ദിക്കുന്നവയാണ് എഴുത്തച്ഛന്റെ രചനകളെന്നുപറഞ്ഞാലും അതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

'അഗ്രജൻ മമ സതാംവിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കുരുന്നിങ്കൽ വാഴ്ക രാമനാമാചാര്യനും
മുഖ്യന്മാരായ ഗുരുഭൂതൻ മറ്റുള്ളോരും'

എന്ന അധ്യാത്മരാമായണത്തിലെ ശ്ലോകത്തിൽ വന്ദിക്കുന്നത് തന്റെ ആദ്യഗുരുവായ അമ്മാവനെയും, ജ്യേഷ്ഠനേയും മറ്റുള്ള ഗുരുനാഥന്മാരെയുമാണല്ലോ!

ബുദ്ധ-ജൈന വിശ്വാസങ്ങൾ കാലക്രമേണ ദുഷിച്ചത് കേരളക്കരയുടെ അധോഗതിക്ക് കാരണമായതായി സമർഥിക്കപ്പെടുന്നു. കാലക്രമത്തിൽ ഉച്ചനീചത്വവിശ്വാസം നേരറിവിന്റെ നന്മയെ കളങ്കപ്പെടുത്തുകയും, അഹിംസയെപ്പോലും അർത്ഥരഹിതമായ ആചാരമാക്കി മാറ്റുകയും ചെയ്തു. സസ്യാഹാരം ആഢ്യത്വത്തിന്റെ മുഖമൂടിയാവുകയും അന്ധമായ തന്ത്രമന്ത്രക്രിയകൾ പെരുകുകയും വിഹാരങ്ങൾ യാഗയജ്ഞയജമാനന്മാരുടെ കാർമികത്വത്തിൽ നടക്കുന്ന ആരാധനാലയങ്ങളായി മാറുകയും ചെയ്തു. വൈദിക മേധാവിത്വത്തിന്റെ കാര്യകാരണമായിട്ടുള്ള ഈ വിവരണങ്ങൾ ഭൂരിപക്ഷവിഭാഗങ്ങൾക്ക് ദഹിക്കാത്തതുതന്നെയാവും ആചാര്യന്റെ ജീവചരിത്രം കൂടുതൽ ചർച്ചകൾക്ക് വിധേയമാകാതിരിക്കാൻ കാരണം.

എഴുത്തച്ഛന്റെ ഏതാണ്ട് സമകാലികരായ മേൽപ്പത്തൂർ ഭട്ടതിരി, പൂന്താനം തുടങ്ങിയവരെക്കുറിച് യാതൊന്നും തന്നെ ഈ കൃതിയിൽ കടന്നുവരുന്നതേയില്ല. ഇക്കാലത്തുതന്നെ ജീവിച്ചിരുന്ന പൊന്നാനിക്കാരനായ, 'തുഹ്ഫത്തുൽ മുജാഹിദീനിന്റെ' കർത്താവ് ഷൈഖ് സൈനുദീനും കടന്നുവരാത്ത ഇതിൽ കച്ചവടക്കാരനായ ജലാലുദ്ധീൻ മൂപ്പനും മകനും പലയിടങ്ങളിലും കടന്നുവരുന്നു. കേരളത്തിന്റെ ചരിത്രമല്ല എഴുത്തച്ഛന്റെ ജീവചരിത്രം മാത്രമാണ് തന്റെ ഉദ്ദേശ്യം എന്ന ശ്രീ. രാധാകൃഷ്ണന്റെ അചഞ്ചലമായ പ്രതിബദ്ധത ഇതിലൂടെ നമുക്കു കാണാൻ കഴിയും. അതുപോലെതന്നെ എഴുത്തച്ഛന്റെ കാലത്താണ് പോർട്ടുഗീസുകാരുടെ മലബാറിലേക്കുള്ള അധി

നിവേശങ്ങളും തത്ഭലമായുള്ള നാട്ടുരാജ്യങ്ങളുടെ ചേരിതിരിവുകളും സംഭവിക്കുന്നത്.

മലയാളഭാഷയുടെ പുതിയ ലിപിയിലൂടെ, ഭാഷാ പ്രചാരണവും, സാധാരണ ജനങ്ങളിലേക്ക് അറിവ് എത്തിക്കുക എന്നതുമാണ് തന്റെ ലക്ഷ്യം, എന്ന ദൃഢനിശ്ചയം കൊണ്ടാവാം എഴുത്തച്ഛന്റെ കൃതികളിലും അക്കാലത്തെ ചരിത്രവിവരണങ്ങൾ കടന്നുവരാത്തത്.

പതിനാലാം വയസ്സിൽത്തന്നെ ഒരു കുടുംബത്തിന്റെ മാതൃസ്ഥാനം ഏറ്റെടുക്കേണ്ടിവന്ന സീത എന്ന ശക്തയായ സ്ത്രീകഥാപാത്രം ഈ രചനയുടെ മറ്റൊരു ശക്തികേന്ദ്രമാണ്. ജീവിതപ്രതിസന്ധികൾക്കുമുന്നിൽ അചഞ്ചലയായി എപ്പോഴും മറ്റുള്ളവർക് പ്രേരകശക്തിയായി വർത്തിക്കുന്ന ആചാര്യന്റെ ഈ സഹോദരീകഥാപാത്രം കൃതിയിലുടനീളം സജീവസാന്നിധ്യമാകുന്നു.

എഴുത്തച്ഛൻ സാധാരണ മയലാളികൾക്കുവേണ്ടിയാണ് എഴുതിയത്. അദ്ദേഹം രൂപകല്പന ചെയ്ത ലിപികളുപയോഗിച്ച് എഴുതുമ്പോൾ, ഉച്ചരിക്കുന്നതുപോലെതന്നെ എഴുതുകയും, എഴുതുന്നതുപോലെ വായിക്കുകയും ചെയ്യാമെന്നായി. സംസ്കൃതത്തിൽനിന്നും രാമായണവും ഭാഗവതവുമെല്ലാം പുതിയലിപിയിൽ മലയാളത്തിലേക്കുവന്നപ്പോൾ സാധാരണക്കാർക്ക് അതെല്ലാം പ്രാപ്യമാവുകയും ഈ ലിപി സാർവ്വത്രികമാവുകയും ചെയ്തു. ആചാര്യന്റെ തന്നെ പാരമ്പര അവകാശപ്പെടുന്ന ശ്രീ.സി.രാധാകൃഷ്ണൻ ഈ ചരിത്രം സാധാരണക്കാർക്കുവേണ്ടി നമുക്കുമുന്പിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും, സ്പന്ദമാപിനികളെ നന്ദി, മുൻപേ പറക്കുന്ന പക്ഷികൾ തുടങ്ങിയ കല്പിത രചനകളുടെ കർത്താവുതന്നെയാണോ ഇതെഴുതിയതെന്ന് നാം ഒരു വേള അത്ഭുതപ്പെട്ടുപോകും. രചയിതാവ് അന്വേഷണങ്ങളിലൂടെ ചികഞ്ഞെടുത്ത ജീവൻതുടിക്കുന്ന കഥാപാത്രങ്ങൾക്കുമുന്നിൽ നാം കൈകൂപ്പിനിന്നുപോകുന്ന അല്ലെങ്കിൽ ഒരിറ്റു കണ്ണുനീരാടർന്നുപോകുന്ന രംഗങ്ങൾ ഒരുപാട് ഉണ്ട് ഈ ചരിത്രത്തിൽ.

ഈ ചരിത്ര ദൗത്യത്തിനായി ശ്രീ. സി. രാധാകൃഷ്ണൻ തിരഞ്ഞെടുത്ത ഗവേഷണപതാകൾ ഏതൊരു വായനക്കാരനെയും ത്രസിപ്പിക്കുന്നവയാണ്. തിരൂർ, താനൂർ, ചിറ്റൂർ തുടങ്ങി ആചാര്യനുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ ആളുകളിൽ നിന്നും വായ്മൊഴികളായി കൈമാറ്റം ചെയ്യപ്പെട്ട ചരിത്രവിവരങ്ങൾ ചികഞ്ഞെടുക്കാൻ നടത്തിയത് ഒരു ഭഗീരഥപ്രയത്നം തന്നെയായിരുന്നിരിക്കണം. തഞ്ചാവൂരിലെ സരസ്വതീ മഹാൾ വായനശാലയും ബൃഹദീശ്വരക്ഷേത്രപരിസരവും അദ്ദേഹത്തിന്റെ കണ്ണുകളും കാതുകളും ആചാര്യചരിത്രത്തിനായി അലഞ്ഞു. വള്ളുവനാട്ടിലെയും പരിസര പ്രദേശങ്ങളിലെയും പുരാതന ഗൃഹങ്ങളിലെ ഗ്രന്ഥവരികളും പഴയ കേട്ടറിവുകളും അദ്ദേഹം ഈ ചരിത്രദൗത്യത്തിനായി സമന്വയിപ്പിച്ചു. വർഷങ്ങൾ നീണ്ട പ്രവാസജീവിതശേഷം അദ്ദേഹം കാണിച്ച ഈ ഗവേഷണ തപസ്യക്കുമുന്പിൽ വായനക്കാരൻ കൈകൂപ്പിയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ!

തീക്കടൽ കടഞ്ഞ്തിരുമധുരം എന്ന ജീവചരിത്രം വായിക്കുന്നതോടുകൂടി ഇതുമായി ബന്ധപ്പെട്ടതോ, ആ കാലഘട്ടത്തെക്കുറിച്ചുള്ളതോ അല്ലെങ്കിൽ എഴുത്തച്ഛന്റെതന്നെയോ ആയ രചനകൾ തേടിപ്പിടിച്ചു വായിക്കുവാനുന്ന ഒരു ത്വര നമ്മിലുണ്ടാക്കുന്നു. ഇങ്ങനെയുള്ള വിജയം അവകാശപ്പെടാൻ പറ്റുന്ന എഴുത്തുകാർ എത്രയോ വിരളമാണ്!

എഴുതുന്നതൊന്നും തന്റെയല്ല, എഴുതാനുള്ള പ്രേരകശക്തി തന്നെ ഒരു ഉപകരണമാക്കി എന്നുമാത്രം. ഇതു കാണിക്കുവാനായി എഴുത്തച്ഛൻ തന്റെയുള്ളിലെ ശാരികയാണ് എഴുതുന്നതെന്നു പറഞ്ഞു. അർഥം നോക്കാതെ അക്ഷരം പ്രതി ആചരിക്കുന്ന നമ്മൾ ആചാര്യനെ മറന്ന് ഒരു എഴുത്താണിയുമായി ശാരികയെ തുഞ്ചൻപറമ്പിൽ പ്രതിഷ്ഠിക്കുകയും ചെയ്തു! പുതിയലിപിക്ക് പ്രചാരം കിട്ടുവാനും അക്ഷരസ്ഫുടത വരുവാനുമായി വള്ളുവക്കോനാതിരി കർക്കിടമാസം രാമായണമാസമായി ആചരിച്ചു, എല്ലാവരും രാമായണം പാരായണം ചെയ്യണമെന്ന് ഉത്തരവിടുന്നു. നാമിന്ന് രാമായണപുസ്തകം പൂജക്കുവച്ച് റെക്കോർഡ് ചെയ്ത ആധ്യാത്മരാമായണം കേട്ട് സായൂജ്യമടയുന്നു.

മറ്റുള്ളവർക്കായി സ്വയം കത്തിയെരിഞ്ഞ ആ മഹാന്റെ കഥ സാഹിത്യ ചർച്ചകളിലേക്ക് ഇനിയും കാര്യമായി കടന്നുവരാത്തത് ചിന്തനീയമാണ്. അടുത്ത തലമുറയിലേക്ക് ഈ ജീവചരിത്രത്തിന്റെ പല ഭാഗങ്ങളും പകർന്നു കൊടുക്കേണ്ടതിന്റെ കൂടി പ്രാധാന്യം നാം പരിഗണിക്കണമെന്നാണ് തോന്നുന്നത്. ഈ കൃതിയെ ആസ്പദമാക്കി കഥകളും മറ്റും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത് നല്ലൊരു ചരിത്രബോധമുള്ള മലയാളി സമൂഹത്തെ വാർത്തെടുക്കുവാൻ ഉപകരിക്കുമെന്നാണ് എന്റെ വിശ്വാസം.

●

# MEMOIRS OF SOME EX-SERVICEMEN
## ഒരു വ്യത്യസ്ത പുസ്തകം





**ശ്രീ.** ജനാർദ്ദനൻ മതുപ്പുള്ളി പിഷാരം ഇംഗ്ലീഷിൽ എഴുതി ഈയിടെ പ്രസിദ്ധീകരിച്ച "MEMOIRS OF SOME EX-SERVICEMEN" എന്ന പട്ടാളക്കഥകൾ വായിച്ചു.

ഒരു മാസം മുമ്പ് പ്രസാധനം ചെയ്തെങ്കിലും ഈ വിഭാഗം ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് വായനക്കാർ പ്രായേണ കുറവാകയാൽ, വളരെക്കുറച്ചുപേരിലേക്കു മാത്രമേ ഇത് എത്തിച്ചേർന്നിട്ടുള്ളൂ. ഇതാകട്ടേ ഇദ്ദേഹത്തിന്റെ ആദ്യകൃതിയും.

നാലഞ്ചു പതിറ്റാണ്ടുകൾക്ക് മുമ്പുവരെ ചില ആനുകാലികങ്ങളിൽ, ഇംഗ്ലീഷിലും മലയാളത്തിലും വിരളമായെങ്കിലും എഴുതിയിരുന്ന തീരെ അപ്രശസ്തനായ ഒരു സാഹിത്യോപസകനെന്ന നിലയിൽ വിലയിരുത്തുമ്പോൾ ഈ സൃഷ്ടി അഭിനന്ദനീയമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ഒരു പട്ടാളക്കാരന്റെ റിക്രൂട്ട്മെന്റു മുതൽ, പുറംലോകത്തിനന്യമായ ജീവിതവും, കഷ്ടപ്പാടുകളും, നർമ്മവും, കള്ളത്തരങ്ങളും, നീതിയും അനീതിയും പട്ടാളക്കോടതിയും, അതിനിടെ തെളിയുന്ന മാനവികതയും എല്ലാം ചേർന്ന 25 അദ്ധ്യായങ്ങളും ഉള്ള ഈ കൃതി പാറപ്പുറം, കോവിലൻ, നന്തനാർ തുടങ്ങിയവരുടെ കൃതികളിൽനിന്ന് തുലോം വിഭിന്നമായിരിക്കുന്നുണ്ട്. കോവിഡ് മഹാമാരിക്കാലത്ത്, അശീതി പിന്നിട്ട കുറെ 'പഴയ പട്ടാളക്കാർ' വാട്ട്സാപ്പിലൂടെ പങ്കുവെക്കുന്ന, ആറേഴു പതിറ്റാണ്ടുമുമ്പത്തെ സ്മരണകളിൽ അഭിരമിച്ച്, വാർദ്ധക്യകാല വിരസതയ്ക്കും ഏകാന്തതയ്ക്കും പരിഹാരം കാണുന്നു. കഥയും, ചരിത്രവും, ഭാവനയും, യാഥാർത്ഥ്യവും, കണ്ടറിവും കൊണ്ടറിവും കേട്ടറിവും ചേർന്ന ഈ സംഭവകഥകളിൽ, ഒരു 'പഴേ പട്ടാളക്കാരന്റെ പുളുവടി' തീരെയില്ലെന്ന് കഥാകൃത്ത് സാക്ഷ്യപ്പെടുത്തുന്നു. അതു വിശ്വസിക്കാം, അല്ലേ?

2025 ജൂലൈ മാസം ഒന്നാം തിയതി കൂറ്റനാട് കെ.എം. മാധവവാരിയർ മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ വെച്ച് കേന്ദ്രസർക്കാർ പെൻഷനർമാരുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ പുസ്തക പ്രകാശനവും, ആസ്വാദനവും ഗ്രന്ഥകാരനെ ആദരിക്കലും നടന്നു. തദവസരത്തിൽ പ്രൊഫസർ സി.പി. ചിത്രഭാനു ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി, സാമാന്യം വിമർശ്ശനപരമായും സുദീർഘമായും പുസ്തകം പരിചയപ്പെടുത്തി. ജില്ലാ ലൈബ്രറി കൗൺസിൽ അംഗം ശ്രീ. വി.കെ. ചന്ദ്രൻ ഉള്ളടക്കത്തെ വിലയിരുത്തുകയുമുണ്ടായി.

അറുപതും എഴുപതും കൊല്ലങ്ങൾക്ക് മുൻപ് വായുസേനയിൽ നടന്നതായ സംഭവങ്ങളും അന്നത്തെ പട്ടാളക്കാരുടെ ജീവിതവും മറ്റും, അനുഭവങ്ങളെന്ന മട്ടിൽ, യാഥാർത്ഥ്യവും ഭാവനയും ചരിത്രവും കൂട്ടിക്കലർത്തിയുള്ള ഒരു കഥാസമാഹാരമാണ് ഇതെന്ന് പറയാം. മഹാഭാരതത്തിന്റെ ആഖ്യാനരീതിയോ, 1001 അറേബിയൻ രാവുകളുടെ അനുകരണമോ എന്നൊക്കെ സന്ദേഹിക്കാവുന്നതെങ്കിലും ഈ സൃഷ്ടിയിലെ കഥകൾ ഇന്നത്തെ തലമുറയിലെ സാധാരണക്കാർക്കും, എന്തിന് പട്ടാളക്കാർക്ക്പോലും അപരിചിതമായിരിക്കാം. അതിനാൽത്തന്നെ അത് ആസ്വാദ്യമായിട്ടുമുണ്ട്.

ജീവിതസായാഹ്നത്തിലെത്തിനിൽക്കുന്ന കഥാപാത്രങ്ങൾ പഴയകാല ഭാഷാശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. എങ്കിലും, ജടിലതയും വളച്ചുകെട്ടും കുറച്ചൊക്കെ ഒഴിവാക്കി, 'പ്രതിപാത്രം ഭാഷണഭേദം' അനുവർത്തിച്ചിരുന്നെങ്കിൽ കുറേക്കൂടി ആസ്വാദ്യത കൈവരുമായിരുന്നു എന്നാണെന്റെ അഭിപ്രായം, വിശിഷ്യ ഒരു വർത്തമാനകാലഭാഷാരീതി പിന്തുടരുന്നവനെന്ന നിലയിൽ.

എന്തൊക്കെ പറഞ്ഞാലും, നമ്മുടെ സമുദായാംഗമായ, നവതിയിലേക്ക് നീങ്ങുന്ന ഒരാളുടെ ഈ ശ്രമം, ഭാവി ഉദ്യമങ്ങൾക്ക് തുടക്കമാകട്ടെ എന്ന് ആശംസിക്കുന്നു.

**രമേഷ് ഞാങ്ങാട്ടിരി.**

ലേഖനം

# കാലവും കോലവും മാറിയ വിദ്യാഭ്യാസരംഗം




കെ.പി. ശ്രീധരൻ മാസ്റ്റർ
ഫോൺ: 9847296826


**കു**റച്ചുകാലം മുമ്പുവരെ അദ്ധ്യാപകരെ കാണുമ്പോൾ ശിഷ്യന്മാർ ഗുരുവേ നമഃ എന്നു വിളിച്ചിരുന്നതിനു പകരം ഇപ്പോൾ ശിഷ്യരെ കാണുമ്പോൾ 'നമസ്കാരം' എന്ന് ഗുരുനാഥന്മാർ പറയേണ്ട കാലമായിരിക്കുന്നു.

ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഈ ആധുനിക കാലഘട്ടത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധങ്ങൾ മാറി മറയുന്നതാണ് നാം ഇപ്പോൾ കാണുന്നത്. കുറച്ചുകാലം കൂടി കഴിയുമ്പോൾ അദ്ധ്യാപനം എന്ന അവസ്ഥ തന്നെ ഇല്ലാതാകാനുള്ള സാദ്ധ്യതകളാണ് കണ്ടുവരുന്നത്. വിദ്യാഭ്യാസവും വിദ്യാലയവും കച്ചവടച്ചരക്കായി മാറിക്കഴിഞ്ഞിരിക്കുന്നു എന്ന് ഭാവി കുതുകികൾ ആശങ്കപ്പെടുന്നു.

ഇത് ഡിജിറ്റൽ വിദ്യാഭ്യാസ കാലമാണെന്ന് പറഞ്ഞുവല്ലോ. അദ്ധ്യാപകരും വിദ്യാർത്ഥികളും പരസ്പരം മൂല്യനിർണ്ണയം നടത്തുന്ന കാലം. അദ്ധ്യാപകരുടെ പ്രസക്തി തന്നെ ഇപ്പോൾ പ്രൈമറി ക്ലാസുകൾ വരെ മാത്രമേ ഉള്ളൂ എന്നായിട്ടുണ്ട്. പാഠപുസ്തകങ്ങൾക്കും പേനക്കും നോട്ടുപുസ്തകങ്ങൾക്കും പകരം സിഡിയും സ്മാർട്ട് ക്ലാസുകളും ഒക്കെ ആയി. ഇപ്പോൾ ഓരോ കുട്ടിക്കും ലാപ്ടോപ്പും ഇ-ബുക്കും സ്റ്റൈലസ് പേനയും ഐപാഡും ഒക്കെ സർവ്വ സാധാരണമായിക്കഴിഞ്ഞു. ആധുനികതയുടെ ഈ ടെക്നോളജികൾ ഗുരു, ആശാൻ, പാഠം തുടങ്ങിയ പേരുകളിൽ സിഡികളും ആപ്പുകളുമൊക്കെയായി ലഭ്യമാകും. അപ്പോൾ അദ്ധ്യാപകന്റെ പ്രസക്തി തന്നെ പരിമിതമാവുകയും അവർ വെറും സഹായികൾ മാത്രമായി മാറുകയും ചെയ്യും.

നമ്മുടെ രാജ്യത്ത് ഏക സിലബസ് സമ്പ്രദായം നിലവിൽ വരാത്ത കാലത്തോളം വിദ്യാഭ്യാസ നയത്തിലും പഠന രീതിയിലും അദ്ധ്യായങ്ങളുടെ തെരഞ്ഞെടുപ്പിലും കാതലായ മാറ്റങ്ങൾ വന്നേ മതിയാവൂ.

ഇപ്പോൾ വിദ്യാർത്ഥികളെ കൂട്ടുകാരായല്ലാതെ കാണുന്ന അദ്ധ്യാപകരെ ആർക്കും ഇഷ്ടമില്ലാത്ത അവസ്ഥയാണ്. ക്ലാസിൽ 'അടിപൊളി, കലക്കൻ, തകർപ്പൻ' മുതലായ പ്രയോഗങ്ങൾ നടത്തി ഹരം പിടിപ്പിക്കുന്ന അധ്യാപകരെയാണ് പലർക്കും താല്പര്യം. കുറ്റങ്ങളും കുറവുകളും എന്നുവേണ്ട എന്തു കണ്ടാലും മൂകസാക്ഷികളാകുന്ന ഗുരുക്കന്മാരാണ് ഇപ്പോൾ ഭൂരിഭാഗവും.

എന്തും നേരിടാൻ പടയൊരുക്കം നടത്താൻ കെൽപ്പുള്ളതാണ് ഇന്നത്തെ വിദ്യാർത്ഥി സമൂഹം. കുട്ടികളെ ശാസിക്കാനോ ശിക്ഷിക്കാനോ ഇന്ന് അദ്ധ്യാപകർക്ക് ഭയമാണ്. കുട്ടികളെ ശിക്ഷിച്ചാൽ രക്ഷിതാക്കൾ പ്രതിരോധവുമായി രംഗത്തെത്തും. ഇന്ന് ഗുരുവിന് അനുഭവങ്ങൾ നൽകുന്നത് ശിഷ്യർ തന്നെയാണ്. അങ്ങിനെ പുതിയ പാഠങ്ങൾ പകരുന്നതും അവർ തന്നെ – ഗുരുക്കന്മാർ അവർ പഠിപ്പിച്ചതിലധികം പാഠങ്ങൾ സ്വയം പഠിക്കുന്നു. വാൽസല്യം തെറ്റിദ്ധരിക്കപ്പെട്ട ആധുനിക കാലഘട്ടത്തിൽ നവലോകത്തെ ആകസ്മികത കൂടി കാഴ്ചയിൽ അവതരിപ്പിക്കുന്ന സ്നേഹവും ആദരവുമായി മിന്നൽ പിണർ പോലെ അതിൽ ചിലരേയും കണ്ടേക്കാം എന്നുമാത്രം.

ക്ലാസുകളിലെ ഭാഷണ രീതിക്കും വാചക രീതിക്കും ഇന്ന് അയവ് സംഭവിച്ചിട്ടുണ്ട് എന്ന് കാണുന്നു. മൈക്രോ ടീച്ചിങ്ങിനും ലാംഗ്വേജ് ലബോറട്ടറികൾക്കും വഴി മാറിയ അദ്ധ്യാപനത്തിന്റെ മുഖ്യ തത്വം എന്താണ്? പഠിപ്പിക്കുക, വീണ്ടും പഠിപ്പിക്കുക – തന്റെ ഉദ്ദേശ വിഷയത്തെ സ്പഷ്ടമായ വ്യവഹാര രൂപത്തിൽ അപഗ്രഥിച്ച് പറയുക. അനുയോജ്യമായ പഠനാനുഭവങ്ങൾ തെരഞ്ഞെടുക്കുന്ന അദ്ധ്യാപകന്റെ കർത്തവ്യം അവിടെ തീരുന്നില്ല. വിദ്യാർത്ഥികളുടെ ഗാർഹിക അന്തരീക്ഷത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരാ

തികളുമറിഞ്ഞ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പഴയ രീതികൾ തിരിച്ചു വരേണ്ടതുണ്ട്. ഗുരു ശിഷ്യർ തമ്മിലുള്ള പരസ്പര ധാരണയും സഹ കരണവും ഉറപ്പു വരുത്താൻ കൂടെക്കൂടെയുള്ള ആശയക്കൈമാറ്റത്തിലൂടെ അന്നും ഒരു പക്ഷെ ഇന്നും അദ്ധ്യാപകർ ആഗ്രഹിക്കുന്നത് ഒന്നു മാത്രം – സ്വതന്ത്രമായി കർത്തവ്യ നിർവ്വഹണത്തിനുള്ള സാഹചര്യം. അവരുടെ മേൽ അനാവശ്യ നിയ ന്ത്രണങ്ങളും ഇടപെടലുകളും അനുവദനീയമല്ല തന്നെ. അധ്യാപനം അർത്ഥമില്ലാത്ത അദ്ധ്വാനമാ കരുത്. അക്ഷമയും അവിവേകവും അദ്ധ്യാപ കന്റെ ലക്ഷണമല്ല – ആവുകയുമരുത്.

അദ്ധ്യാപകൻ എന്നാ ഗുരുവാണ്. 'ഗു' എന്നാൽ ഇരുട്ട് എന്നും 'രു' എന്നാൽ ഇരുട്ടിനെ അകറ്റുന്നത് എന്നുമാണ് അർത്ഥം. മാതാ–പിതാ ഗുരു ദൈവം എന്ന ചൊല്ല് പ്രസിദ്ധമാണല്ലോ. വിശിഷ്ടരായ ഗുരു–ശിഷ്യന്മാരെ കേട്ടിരിക്കുമ ല്ലോ–

സൂര്യന്റെ ശിഷ്യൻ – ഹനുമാൻ
ഭീഷ്മരുടെ ശിഷ്യൻ – പരശുരാമൻ
ദ്രോണരുടെ ശിഷ്യൻ – അർജ്ജുനൻ

അദ്ധ്യാപകന്റെ വാക്ക്, മനസ്സ്, ശരീരം ഇവയ്ക്ക് ത്രിദണ്ഡിന്റെ ഭയഭക്തിബഹുമാനം ലഭിച്ചിരുന്ന നാളുകൾ അസ്തമിച്ചിരിക്കുന്നു. മറ്റൊരു ഉദയത്തി നായി ഗ്രാമഗ്രാമാന്തരങ്ങളിലും പട്ടണ പ്രദേശങ്ങ ളിലും സേവനാത്മകവും സർവ്വോപരി മാതൃകാ പരവുമായ അധ്യാപകതവും സ്വയം സമർപ്പിത മായി സായൂജ്യം തേടേണ്ടതുണ്ട്. നഷ്ടമായ വിച ക്ഷണ പ്രഭാവത്തിന്റ പാഠാന്തരങ്ങൾ ആർജ്ജി ക്കാനും അതുവഴി ശിഷ്യരിൽ വഴിവിളക്കുകൾ കൊളുത്താനും അദ്ധ്യാപകർക്ക് കഴിഞ്ഞേ പറ്റൂ.

ഇന്ന് ജ്ഞാനസമ്പാദനത്തിന് അദ്ധ്യാപ കർക്കപ്പുറം ആകാശമുണ്ട് പുതിയ തലമുറക്ക്. ധാരണകളെ വികസിപ്പിച്ചെടുക്കാൻ അവർക്ക് മുന്നിൽ ഇന്ന് ധാരാളം അവസരങ്ങൾ തുറന്നു കിട പ്പുണ്ട്. പരീക്ഷാപ്പനിയോ ഫല പ്രഖ്യാപന ഭയമോ അവർക്കിന്നില്ല. ചെറിയ തെറ്റിനു പോലും വലിയ ശിക്ഷയുണ്ടായിരുന്ന പൂർവ്വകാലത്തിന്റെ നിഴൽ പോലും ഇന്നില്ല. കടുത്ത കുറ്റങ്ങൾക്കു പോലും മൃദുല ശകാരം പോലുമില്ലാത്ത ബാല്യ കൗമാര യൗവനങ്ങൾ പോയകാല പൈതൃക വിലാസങ്ങൾ ഓർത്ത് അദ്ധ്യാപകർ ഇന്ന് നെടുവീർപ്പിട്ടിട്ട് ഒരു പ്രയോജനവുമില്ല. ജീവിതത്തിന്റെ തേരോട്ടത്തിൽ ശിഷ്യരുടെയുള്ളിൽ ഊറുന്ന ഉറവയുടെ നനുത്ത സ്മരണയായിരിക്കണം ഓരോ അദ്ധ്യാപകനും ലഭിക്കുന്ന യോഗ്യതാ പട്ടം. ഇതായിരിക്കും മറ്റെ ന്തിനെക്കാളും മികച്ച് എന്ന് ഞാൻ കരുതുന്നു.

ഇക്കഴിഞ്ഞ മാർച്ച് 15ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അദ്ധ്യാപകർക്കെതിരെ യുള്ള ഒരു പരാതിയിൽ തീർപ്പു കൽപ്പിച്ചത് എല്ലാ വരും അറിഞ്ഞു കാണുമല്ലോ. ക്രിമിനൽ കേസ്സെ ടുക്കുമെന്ന ഭയത്തോടെ കോളേജുകളിലും സ്കൂളുകളിലും അദ്ധ്യാപകർ ജോലി ചെയ്യേണ്ട സാഹചര്യം ഉണ്ടാകരുതെന്ന് കോടതി നിരീക്ഷിച്ചു – കൂടാതെ ഇത്ര കൂടെ പറഞ്ഞു വെച്ചു – "വേണ മെങ്കിൽ അദ്ധ്യാപകർ ചൂരൽ കരുതട്ടെ, അത് എപ്പോഴും ഉപയോഗിക്കണമെന്നില്ല. എന്നാൽ ചൂരൽ അവരുടെ കൈവശമിരിക്കുന്നത് സാമൂഹ്യ തിന്മകൾ ചെയ്യുന്നതിൽ നിന്ന് വിദ്യാർത്ഥി സമൂ ഹത്തെ നിരുത്സാഹപ്പെടുത്താനുള്ള മാനസികാ വസ്ഥ ഉണ്ടാക്കും" എന്നുകൂടെ കോടതി പറഞ്ഞു.

(ദീർഘകാലത്തെ പൊതുവിദ്യാഭ്യാസ സേവന പരിചയമുള്ള വിരമിച്ച പ്രധാനാധ്യാപ കനും കൊടകര ശാഖാ രക്ഷാധികാരിയുമാണ് ലേഖകൻ). ●


*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

കഥ

# ചമയങ്ങളഴിയുമ്പോൾ...



ടി.ആർ. രഘുനന്ദനൻ
ഫോൺ: 9847169725

**കോ**രിച്ചൊരിയുന്ന മഴ. കൂട്ടബെല്ലടിക്കുന്നതിനു തൊട്ടുമുമ്പാണ് മഴ തുടങ്ങിയത്. ഒരുക്കം നേരത്തേ തുടങ്ങിയിരുന്നു. ഉച്ചയൂണുകഴിഞ്ഞ് ചങ്ങാതിമാരുമൊത്ത് ഓടിക്കളിക്കുമ്പോൾ തന്നെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. അന്തരീക്ഷം ഇടക്കിടെ കറുത്ത കോട്ടണിയും. പിന്നീട് അത് ഊരി വെയ്ക്കും. പ്രകാശം വീണ്ടും പരക്കും. ഇതിനിടയിൽ പ്യൂൺ കിട്ടച്ചാമി റെയിൽപാളത്തിന്റെ കഷണം തൂക്കിയിട്ടിരിക്കുന്ന സ്ഥലത്തേക്കു ഇരുമ്പുദണ്ഡുമായി പോകുന്നതു കണ്ടു. നേരത്തെ കൂട്ടബെല്ലടിക്കുമല്ലോ, എന്ന ആശ്വാസത്തിലായിരുന്നു ഞങ്ങളൊക്കെ. പക്ഷെ അതുണ്ടായില്ല. ഇരുട്ടുപരന്ന ക്ലാസ്സ് മുറിയിൽ ശബ്ദങ്ങൾ കൂടിവന്നപ്പോൾ ടീച്ചർമാർ പറയുന്ന 'സൈലൻസ്' പോലും കേൾക്കാനാവാത്ത വിധമായി. അധികം താമസിച്ചില്ല, വലിയൊരു ശബ്ദത്തോടെ മഴയെത്തി. തുള്ളിക്കൊരുകുടം എന്ന കണക്കെ. കൂട്ട ബെല്ലടിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല. ആർക്കും പുറത്തിറങ്ങാനാവാത്ത വിധത്തിൽ ശക്തിയിലാണ് മഴ പെയ്യുന്നത്. കുറച്ചുകഴിഞ്ഞപ്പോൾ മഴ താളപ്രമാണം ഒന്നുമാറ്റി. ശക്തി അല്പം കുറഞ്ഞു. അതോടെ അടുത്ത കൂട്ടുകാരായ മാലിയും ബാലനും ഒറ്റക്കുതിപ്പിൽ പുറത്തേക്കോടി. സാധാരണനിലയിൽ ഞങ്ങൾ മൂന്നുപേരും ഒരുമിച്ചാണ് ഓടാറുള്ളത്. മിക്കവാറും ആദ്യമെത്തുന്നത് ഗുണ്ടുബാലനായിരിക്കും. ഗുണ്ടുബാലൻ എന്ന ഓമനപ്പേരിൽ ഞങ്ങളെല്ലാം വിളിക്കുന്ന ബാലസുബ്രഹ്മണ്യൻ. ഞാനും മാലിയെന്നു വിളിക്കുന്ന മഹാലിംഗവും ഒരുമിച്ചാണ് എത്താറുള്ളത്. ഇനി മഴമാറി, പതുക്കെ പോകാമെന്ന ധാരണയിൽ സ്കൂൾ വരാന്തയിലങ്ങിനെ നിന്നു. മഴയുടെ ശക്തി കുറഞ്ഞെങ്കിലും പൂർണ്ണമായി ശമിച്ചിട്ടില്ല. ഇതിനകം കുട്ടികൾ ഓരോരുത്തരായി പോയിത്തുടങ്ങി. പക്ഷെ ഞാൻ പോകാതെ നിന്നു താൻ നനയുന്നതിലുമധികം, പുസ്തകങ്ങൾ നനയരുതല്ലോ, എന്ന ചിന്തയായിരുന്നു പ്രധാനമായും. കാരണം, അച്ഛൻ പുസ്തകങ്ങൾ വാങ്ങിത്തന്നിട്ട് അധികം നാളായിട്ടില്ല. പുസ്തകങ്ങളുടെ പുതുമണം ആസ്വദിച്ച് മതിവന്നില്ല, ഇനിയും. ഇതിനിടെ ശക്തിയായി കാറ്റു വീശിക്കൊണ്ടിരുന്നു. വീണ്ടും കൂട്ടുകൂടാനായി മഴ വിളിച്ചു തുടങ്ങി. മഴയ്ക്ക് കുട്ടികളുമായി നല്ല ഒരു ചങ്ങാത്തമുണ്ടല്ലോ. സ്കൂളിലേക്ക് പോകാനൊരുങ്ങുമ്പോൾ തന്നെ ഞാൻ റെഡി എന്നു പറഞ്ഞു കാത്തുനിൽക്കും. തിരിച്ച് സ്കൂളിൽ നിന്നു വരുമ്പോഴുമങ്ങിനെ തന്നെ. ഈ മധുര സൗഹൃദത്തിന് കാലപ്പഴക്കമുണ്ട്. ഇതിനകം സ്കൂളിന്റെ എതിർവശത്തുള്ള പോലീസ് സ്റ്റേഷന്റെ മുറ്റത്തു നിന്ന്, തന്നെ ഇടയ്ക്കിടെ ശ്രദ്ധിച്ചുകൊണ്ടിരുന്ന പോലീസുകാരൻ അടുത്തേക്ക് വന്നു. സാമാന്യം തടിച്ച ശരീരം. ഉണ്ടക്കണ്ണുകൾ. കൊമ്പൻ മീശ. യൂണിഫോം വസ്ത്രങ്ങൾക്കുതാഴെ പട്ടീസ് കെട്ടിയിരിക്കുന്നു. കയ്യിലൊരു ഭീമൻകുടയും. കുറയേറെ പേർക്ക് സംരക്ഷണം നൽകാമെന്ന സന്ദേശം നൽകുന്ന കുട.

'കുട ഇല്ല, അല്ല്യോ?'. ഘനഗംഭീരമായ ശബ്ദം, ഭാഷയുടെ വ്യത്യസ്ത ഭാവം. മൃദുവായി ഇല്ലായെന്ന അർത്ഥത്തിൽ തലയാട്ടി. അടുത്ത ചോദ്യം വന്നു. 'എവിടാ..കുഞ്ഞിന്റെ വീട്?' അമ്പലനടയിലെ രാമകൃഷ്ണൻ നായരുടെ കടയ്ക്കരികിലുള്ള ഇടവഴിയിൽ. 'അവിടെ?'.... പോലീസുകാരൻ ഔദ്യോഗിക ശൈലിയിൽ ചോദ്യം തുടർന്നു കൊണ്ടിരുന്നു. 'അവിടെ .................... ഷാരത്തെ .................. ഷാരടി മാഷ്ടെ...'. 'ഓ ................... മാഷടെ മകനാണല്ലെ? വാ... കുടയിലേയ്ക്ക് കയറിക്കോ. ഞാൻ വിടാം. 'അല്പം മടിയോടെ, അതിലേറെ ജാള്യതയോടെ ഞാൻ നിന്നു. ആ പോലീസുകാരൻ താമസിയാതെ എന്നെ ചേർത്തുപിടിച്ചു കൊണ്ടുനടന്നു. കുന്നത്തറ കുന്നിറങ്ങി അമ്പലനടയിലെത്തി. ഇതിനകം മഴതോർന്നിരുന്നു. അയാൾ കുടമടക്കി കേശവൻനായരുടെ ഹോട്ടലിലേയ്ക്ക് കയറുവാൻ ശ്രമിച്ചു. ചായയും കാപ്പിയുമൊക്കെ തീർന്നുവെന്നറിയിച്ചതോടെ അടുത്തുള്ള ചെമ്മഴി ഗോപാലകൃഷ്ണൻനായരുടെ കട ലക്ഷ്യമാക്കി നടന്നു. കടയുടെ മുന്നിൽ തൂക്കിയിട്ടിരുന്ന

നേന്ത്രക്കുലയിൽനിന്ന് രണ്ടു മുഴുത്തപഴം ഉരിഞ്ഞെടുത്ത് ഒരെണ്ണം എനിക്കും തന്നു. എന്റെ മുഖത്ത് നിഴലിച്ച മടി ശ്രദ്ധിച്ച് പോലീസുകാരൻ പറഞ്ഞു. 'ധൈര്യമായി കഴിച്ചോ...' സന്ധ്യയോടടുത്തിരുന്നുവെങ്കിലും അന്തരീക്ഷം നന്നായി തെളിഞ്ഞിരുന്നു. 'കുഞ്ഞിനേ ഞാൻ വീട്ടിലാക്കണോ?' പോലീസുകാരൻ വീണ്ടും സൗമനസ്യം തുടർന്നു.

'വേണ്ട. ഇനി, ഞാൻ പൊക്കോളാം'. ഞാൻ താഴ്ന്ന സ്വരത്തിൽ പ്രതികരിച്ചു. വീട്ടിലേക്ക് നടന്നു. ഈ സംഭവം സന്ധ്യക്ക് അമ്പലത്തിൽ വെച്ച് പൊതുവാളിനോട് പറഞ്ഞു. ഭാഷയുടെ സവിശേഷമായ പ്രയോഗത്തെക്കുറിച്ചും പറഞ്ഞു. 'സൂക്ഷിക്കണം തിരുവിതാംകൂറുകാരനാ...' ഞാൻ ഔത്സുക്യത്തോടെ ചോദിച്ചു. 'എന്താ തിരുവിതാംകൂറുകാർക്ക്...' 'എന്തോ..... എനിക്കറിയില്ല, പറഞ്ഞു കേട്ട അറിവേയുള്ളൂ' പൊതുവാൾ ഒഴുക്കൻമട്ടിൽ പറഞ്ഞു. രണ്ടുദിവസം കഴിഞ്ഞ് കണ്ണൂർക്കുള്ള യാത്രാമദ്ധ്യേ അമ്മാവൻ ഷാരത്തുവന്നു. അമ്മാവനെ കണ്ടതും സന്തോഷം കൊണ്ട് മതിമറന്നാടി. ബന്ധുക്കളായ അതിഥികളാരെങ്കിലും വന്നാൽ കുട്ടികളായ ഞങ്ങൾക്കൊക്കെ എന്തൊന്നില്ലാത്ത സന്തോഷമാണ്. അച്ഛന്റെ കാർക്കശ്യത്തിന് രണ്ടു ദിവസം ഒഴിവുകിട്ടും. ശ്രദ്ധ മുഴുവനും അതിഥികളിലായിരിക്കും. അവർ വീട്ടിൽ നിന്നും പോകരുതേയെന്നു പ്രാർത്ഥിക്കും. 'തിരുവിതാംകൂർകാര് മോശക്കാരാണോ?' ഞാൻ അമ്മാവനോട് ചോദിച്ചു. ആദ്യം തന്നെ അമ്മാവൻ നല്ലൊരു ചിരി പാസാക്കി. 'ഈ വിഡ്ഢിത്തം കുട്ടനോടാരാ പറഞ്ഞേ?' ഞാനും കുട്ടന്റെ അമ്മയുമൊക്കെ എവിടുത്തുകാരാന്നാ വിചാരിച്ചത്? കോട്ടയത്തുള്ള കിടങ്ങൂരല്ലേ നമ്മുടെ സ്ഥലം? എന്താ നമ്മള് മോശക്കാരാണെന്ന് കുട്ടന് തോന്നിയിട്ടുണ്ടോ?' എനിക്ക് മറുപടിയുണ്ടായില്ല. രണ്ടുമൂന്നു വർഷങ്ങൾക്ക് മുമ്പ് അമ്മയോടൊപ്പം കിടങ്ങൂര് പോയതോർമ്മ വന്നു. അമ്മയും ചിറ്റയും അമ്മാവനുമൊക്കെ സ്നേഹംകൊണ്ട് പൊതിഞ്ഞു. അയൽവാസികളായ പലരും അമ്മയെ കാണാൻ ഷാരത്തു വന്നു. അവരുടെ വശ്യമായ പെരുമാറ്റവും സംഭാഷണങ്ങളുമൊക്കെ പെട്ടെന്ന് മനസ്സിലോടിയെത്തി. പിന്നെയെങ്ങനെ അനാവശ്യമായ പേരുദോഷം തിരുവിതാംകൂറുകാർക്കു വന്നുവെന്നാലോചിച്ചു. ഉത്തരം കിട്ടിയില്ല. പെട്ടന്നാണ് അമ്മയുടെ ബന്ധുവകയിൽ ഒരമ്മാവനായ മൂത്തഫനെ ഓർമ്മവന്നത്. മൂത്തഫന്റെ സംഭാഷണ ശൈലിയും ഇതുതന്നെയായിരുന്നു. സ്വദേശം കോട്ടയത്തിനടുത്തുള്ള മാങ്ങാനം. പിന്നീടൊരിയ്ക്കൽ ഈ സംഭവം ഞാൻ സുഹൃത്തെന്നതിലുപരി, ഗുരുസ്ഥാനമുള്ള പിള്ളയോട് പറഞ്ഞു. പിള്ള വയറു മുഴുവനും കുലുങ്ങുന്ന ഒരു ചിരി ചിരിച്ചു. അതു കുറെ സമയം നീണ്ടുനിന്നു. അതിന്റെ പ്രകമ്പനം തിരുവില്വാമല വായനശാലയേയും ബാധിച്ചു. ഗ്രാമീണവായനശാലയെ പുനരുദ്ധരിക്കുന്ന ദൌത്യത്തിലായിരുന്നു പിള്ള. മൃതപ്രായമായ വായനശാലയ്ക്ക് പുതുജീവൻ നൽകാനുള്ളൊരു തീവ്രയജ്ഞം. സർക്കാരിന്റെ അത്ര പ്രാധാന്യമല്ലാത്ത വകുപ്പിൽ ജോലി ചെയ്യുന്നതുകൊണ്ട് ഇഷ്ടംപോലെ സമയം. പുസ്തകങ്ങൾക്ക് പുതിയ നമ്പരിടാൻ എന്നെ ചുമതലപ്പെടുത്തി. ഏതാണ്ട് ഉച്ചയ്ക്ക് ഒരു മണിയായതോടെ വിശപ്പു പെരുമ്പറകൊട്ടാൻ തുടങ്ങിയപ്പോൾ പിള്ളയും ഞാനും കൂടി ചുങ്കത്തേക്കു നടന്നു. നാരായണൻ നായരുടെ കൊച്ചുഹോട്ടൽ ലക്ഷ്യമാക്കി. ഭക്ഷണ ശേഷം തിരിച്ചു വായനശാലയിലേക്ക് നടക്കുമ്പോൾ, 'കഴിഞ്ഞ വർഷം അമ്പലത്തിലെ ഉത്സവം പ്രമാണിച്ചുണ്ടായ കഥകളി രഘു ഓർക്കുന്നോ?' പിള്ളയുടെ മുഖവുര എന്നെ അമ്പരപ്പിച്ചു. പിള്ള തുടർന്നു. 'അന്ന് കഥകളിയിൽ കലിയായ് അഭിനയിച്ച ആ കലാകാരനെ കളി കഴിഞ്ഞശേഷം നാം പരിചയപ്പെട്ടതോർക്കുന്നോ?'

ശരിയാണ്, കലിയായി വേഷമിട്ട നെല്ലിയോട് വാസുദേവൻ നമ്പൂതിരിയെ പരിചയപ്പെട്ടതോർമ്മ വന്നു. 'സാത്വികൻ...ശാന്തരൂപൻ. പറയാനുള്ള കാരണം കലിയുടെ രൂപവും ഭാവവും നാം ആസ്വദിച്ചില്ലേ? അപ്പോൾ പരമമായ സത്യമതല്ലായെന്നും മനസ്സിലായില്ലേ?' എന്റെ മുഖത്ത് നിഴലിച്ച സംശയ ഭാവം കണ്ട് പിള്ള തുടർന്നു. 'രഘുവിന്, ഞാനൊരു പുസ്തകം തരാം. അതൊന്നു വായിച്ചിട്ടു പറയൂ. പുസ്തകങ്ങൾക്കിടിയിൽ വിശദമായൊന്നു പരതി, പിള്ള എനിക്കൊരു പുസ്തകം തന്നു. 'ഗോറാ... ടാഗോറിന്റെ ഗോറ'.

'ഞാനിതു വായിച്ചിട്ടു തരാം.'

ഞാൻ പിള്ളയോടു പറഞ്ഞു.

'വേണ്ട, നമുക്കിതു ഇപ്പോത്തന്നെ വായിക്കാം.' വായനശാലയിലെ വീതിയുള്ള ബെഞ്ചിൽ കിടന്നുകൊണ്ട്, പിള്ള അതു ഉറക്കെ വായിച്ചു. ടാഗോറിന്റെ ഗോറ ഹിന്ദുസമാജിനു വേണ്ടി രാവും പകലും പോരാടിയ ഗോറ യഥാർത്ഥത്തിലൊരു ക്രിസ്തുമതക്കാരനായിരുന്നു. ഒന്നുമറിയാത്ത, നിഷ്കളങ്കമായ... ശൈശവത്തിൽ തന്നെ, അച്ഛനുമമ്മയും നഷ്ടപ്പെട്ട ഗോറയെ എടുത്തു വളർത്തിയത് ഹിന്ദു ദമ്പതികളായിരുന്നു. ആശാന്റെ വരികൾ ഓർമ്മവന്നു.

'നാമിങ്ങറിയുവതല്പം എല്ലാം
ഓമനേ ദൈവ സങ്കല്പം...'

# കലാപരിപാടികളിലേക്ക് ഒരെത്തിനോട്ടം

എ.പി. രാജൻ, രക്ഷാധികാരി, വടക്കാഞ്ചേരി ശാഖ

**2025** മെയ് 5ന് ഇരിങ്ങാലക്കുടയിൽ വെച്ച് പിഷാരടി സമാജം കേന്ദ്ര വാർഷികം നടന്നു. വടക്കാഞ്ചേരി ശാഖാ അംഗങ്ങൾ എല്ലാവരും ചേർന്ന് ബസ്സിൽ യാത്ര തിരിക്കുകയും, യാത്ര വളരെയധികം രസകരമാക്കുകയും ചെയ്തു. ശ്രീ. സന്തോഷും ശ്രീമതി ശ്രീശൈല മുരളിയും വടക്കാഞ്ചേരി ശാഖ അവതരിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് സീൻ ബൈ സീൻ വിശദീകരിച്ചു. ഗാനാലാപനങ്ങളും കുസൃതി ചോദ്യങ്ങളും സമ്മാനവിതരണവും യാത്രയ്ക്ക് ഉണർവേകി. കലാകാരന്മാരും സദസ്സും യാത്രയിൽ സജീവമായിരുന്നു. പുറത്ത് കോരിച്ചൊരിയുന്ന മഴയത്തും യാത്രയുടെ ആഘോഷം പൊടിപൊടിച്ചു.

ഇരിങ്ങാലക്കുടയിൽ കലാസംഗമ ഉദ്ഘാടന വേദിയിലും സദസ്സിലും അംഗങ്ങളുടെ നിറസാന്നിദ്ധ്യം ഉണ്ടായിരുന്നു. കൃത്യസമയത്ത് തന്നെ വിവിധ ശാഖകളുടെ പ്രതിഭകൾ മാറ്റുരച്ചു. ഹാളും വേദിയും സംഗീതസാന്ദ്രമായ അന്തരീക്ഷത്തിൽ മിന്നിത്തിളങ്ങി. കൊടകര ശാഖയുടെ 'പ്രഹ്ളാദ പുണ്യം' എന്ന നൃത്ത ആവിഷ്കാരത്തോടുകൂടി കലാപരിപാടികൾക്ക് തുടക്കമായി. വടക്കാഞ്ചേരി ശാഖയുടെ കലാപരിപാടികളായി കുമാരി വൃന്ദ ഉണ്ണിയുടെ ഫ്യൂഷൻ ഡാൻസും ശാഖാ അംഗങ്ങളായ ഇരുപതോളം പേർ ചേർന്ന് അവതരിപ്പിച്ച ഇടശ്ശേരി ഗോവിന്ദൻ നായരുടെ പൂതപ്പാട്ടിന്റെ ദൃശ്യാവിഷ്കാരവും ഉണ്ടായിരുന്നു. ഇതര ശാഖകളുടെ സ്റ്റേജ് പ്രോഗ്രാമുകളും അതിഗംഭീരമായി. എടുത്തുപറയാവുന്നത് ക്ലാസിക്കൽ ഡാൻസുകളും, ന്യൂജൻ ഗ്രൂപ്പ് ഡാൻസും, നാടകവും, തിരുവാതിരക്കളികളും. രാത്രി അത്താഴം കഴിച്ച് മടക്കയാത്ര. ബസ്സിലും ന്യൂജനറേഷന്റെ കലാപ്രകടനം, ഡി.ജെ. ഓർമ്മയിൽ മറ്റൊരു മികവാർന്ന വാർഷികാഘോഷവും യാത്രാനുഭവവും സമ്മാനിച്ച ഏവർക്കും നന്ദി. ●

# സംസ്ഥാനതല പോസ്റ്റർ നിർമ്മാണ മത്സരത്തിൽ തിളങ്ങി അനന്യ പിഷാരോടി




**ലോ**ക പരിസ്ഥിതി ദിനത്തിൽ ഗുജറാത്ത് പരിസ്ഥിതി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സംസ്ഥാനതല പോസ്റ്റർ നിർമ്മാണ മത്സരത്തിൽ ബി വിഭാഗത്തിൽ മൂന്നാം സമ്മാനം നേടി അനന്യ സതീഷ് പിഷാരോടി. 'പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കൽ' എന്നതായിരുന്നു വിഷയം.

ഗാന്ധിനഗറിൽ സ്വന്തം ചിത്രകല ട്രെയിനിങ് സെന്റർ നടത്തുന്ന അനന്യയ്ക്ക് നിരവധി ദേശീയതല അവാർഡുകളും ദേശീയ റെക്കോർഡ് ബുക്കുകളിൽ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പോസ്റ്റർ നിർമ്മാണ മത്സരത്തിലെ മികച്ച പ്രകടനത്തിന്, അനന്യയ്ക്ക് മെറിറ്റ് സർട്ടിഫിക്കറ്റും 2000 രൂപ ക്യാഷ് അവാർഡും ലഭിച്ചു. പനങ്ങാട്ടുകാര പിഷാരത്ത് സതീഷ് പിഷാരടിയുടെയും ശുകപുരത്ത് പിഷാരത്ത് ഗീത സതീഷ് പിഷാരടിയുടെയും മകളാണ് പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന അനന്യ.

ഭാരതത്തിലെ ഏറ്റവും വലിയ ടി വി റിയാലിറ്റി ഷോയുടെ രണ്ടാം സീസണിൽ (Studio Round of Talent Plus) നൃത്ത പ്രതിഭ വിഭാഗത്തിലേക്ക് കുമാരി അനന്യ പിഷാരടിയെ ഈയിടെ തെരഞ്ഞെടുത്തിരുന്നു.

# 10-ാം പിറന്നാളാശംസകൾ

## പിറന്നാൾ : 2025 ആഗസ്റ്റ് 7



# വേദിക

മധുരാശംസകളോടെ
അച്ഛൻ : വിവേക് ബാലകൃഷ്ണൻ
(തെക്കൂട്ട് പിഷാരം, പഴയന്നൂർ)
അമ്മ : ദിവ്യ പിഷാരോടി
(കല്ലിൽ പിഷാരം)
അച്ഛച്ഛൻ, അമ്മമ്മ,
ഗൗരിച്ചേച്ചി, നികിത,
അനൗഷ്ക, അക്ഷര,
മറ്റു ബന്ധുമിത്രാദികൾ

# പിറന്നാൾ മധുരം

## 1-ാം ജന്മദിനം
(15/06/2025)



## നിവേദ് പിഷാരോടി

അച്ഛൻ : ശ്രീകാന്ത് (വല്ലച്ചിറ പിഷാരം)
അമ്മ : നിമിഷ (ആമയൂർ പിഷാരം)

**ആശംസകളോടെ**

ഏട്ടൻ, അച്ഛച്ഛൻ, അച്ഛമ്മ, ചെറിയമ്മ, മുത്തശ്ശൻ,
അമ്മമ്മ, അമ്മാവൻ, അമ്മായി, ഓപ്പോൾ

# എന്നും സ്മരണയിൽ



**എൻ. രാമപിഷാരടി**
ആവണങ്കോട് പിഷാരം
ചരമം: 31-08-2008



**കെ. ശാരദപിഷാരസ്യാർ**
കല്ലങ്കര പിഷാരം (ചൊവ്വര)
ചരമം: 17-06-2016

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| നാരായണൻകുട്ടി (Late) | സീതാലക്ഷ്മി | അശ്വതി |
| ഭരതൻ | ജയ | ശ്രീകാന്ത്, വൈശാഖ് |
| രാധാകൃഷ്ണൻ | ശ്രീദേവി | രാഹുൽ |
| രാമചന്ദ്രൻ | ബിന്ദു | ദിവ്യ |

# ആദരാഞ്ജലികൾ

## 7-ാം ചരമവാർഷികം (27.08.2025)




### കണ്ണൂർ ചെറുകുന്ന് തെക്കേവീട്ടിൽ


## ടി.വി. ദേവിക്കുട്ടി

### മുളങ്കുന്നത്തുകാവ്

| | | |
|---|---|---|
| ഭർത്താവ് | : | ആനായത്ത് പിഷാരത്ത് രാധാകൃഷ്ണപിഷാരോടി (Late) |
| മക്കൾ | : | ടി.വി. ഹരിദാസ്, ടി.വി. ജയലക്ഷ്മി (Late)<br>ടി.വി. സ്വർണ്ണകുമാരി, ടി.വി. ശ്രീരാജൻ |
| മരുമക്കൾ | : | പി.പി. ഗിരിജാകുമാരി, കെ.പി. വിജയൻ (അരിമ്പൂർ)<br>പി.പി. മുരളീധരൻ, സിന്ധു വി. |
| പേരക്കുട്ടികൾ | : | ഹേമ & ബിജു, ജലജകുമാരി & വിനോദ്,<br>ജയകുമാർ & ശ്രീകല, നിധിൻ, സച്ചിൻ & ഗ്രീഷ്മ<br>സഞ്ജയ് ശ്രീരാജ്, സന്ദീപ് ശ്രീരാജ്,<br>നിരഞ്ജൻ ദാസ്<br>പ്രണവ് വിനോദ് & ദേവ് വിനോദ് |
| സഹോദരങ്ങൾ | : | ടി.വി. ദാമോദരപിഷാരോടി (Late)<br>ടി.വി. നാരായണപിഷാരോടി (Late)<br>ക്യാപ്റ്റൻ ടി.വി. കേശവപിഷാരോടി (Late) |

# സ്നേഹസ്മരണകളോടെ

## 7 – ാം ചരമവാർഷികം (30. 08. 2025)



## ബി.പി. ഗോവിന്ദ പിഷാരോടി

(ഭീമനാട് പിഷാരം)

ഭീമനാട്

ഭാര്യ: പരേതയായ ചെങ്ങാനിക്കാട്ട് പിഷാരത്ത്
രാധ പിഷാരസ്യാർ

ദുഃഖപൂർവ്വം.....
മക്കളും, മരുമക്കളും, പേരക്കുട്ടികളും.





# സ്മരണാഞ്ജലി

## 4-ാം ചരമവാർഷികം

[02.08.2025]

## കരുണാകര പിഷാരോടി

### പാറക്കടവ് ചെങ്ങന്നാത്ത് പിഷാരം

ജനനം: 11–09–1096    മരണം: 17–12–1196 (02.08.2021)

ഭാര്യ: പരേതയായ പിരപ്പൻകോട് പിഷാരത്ത് സരസ്വതി പിഷാരസ്യാർ

............................................ദു:ഖപൂർവ്വം............................................

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പേരക്കുട്ടികളുടെ മക്കൾ |
|---|---|---|---|
| കോമളവല്ലി | ഗോപിനാഥ് പിഷാരോടി | രേഖ – നാരായണൻ എ. പി. | അനിരുദ്ധ് – അമേയ |
| | | രമ്യ – രാമദാസ് | അമൃത & അമൽ |
| രാജലക്ഷ്മി സി. കെ. | മാധവപിഷാരോടി (Late) | സ്മിത – ഹരിദാസ് | അഭിഷേക് & അഭിനന്ദ് |
| | | സ്വപ്ന – വിജയൻ | പൂജ – സിദ്ധനാഥ് |
| കരുണാകര പിഷാരോടി | രാജലക്ഷ്മി | വിഷ്ണു – പവിത്ര | |
| | | വിനു | |
| ജയശ്രീ | വേണുഗോപാൽ (Late) | വിജയ് വേണുഗോപാൽ – റീമ | വരുണി |
| | | ഗായത്രി – അഖിൽ | ആര്യൻ അഖിൽ & അർഷാൻ അഖിൽ |



# സ്നേഹസ്മരണകളോടെ

## 11–ാം ചരമവാർഷികം

(31 – 08 – 2025)

## കെ.ആർ. നാരായണപിഷാരോടി

### കല്ലങ്കര പിഷാരം, ആലങ്ങാട് (ആലുവ)

ഭാര്യ: പരേതയായ പി.കെ. ശാന്തമ്മ

സ്നേഹസ്മരണകളോടെ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| കെ. എൻ. സേതു | ശ്രീരേഖ (Late) | ഗോപിക & ശ്രിയ |
| കെ. എൻ. ജയൻ | അപർണ്ണ | ജഗൻ കൃഷ്ണ & സാകേത് കൃഷ്ണ |
| കെ. എൻ. വിജയൻ | സ്വപ്ന | പൂജ & സിദ്ധനാഥ് |

യാത്ര ഭാഗം 13

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

**08**-04-2022 കുളിയും തേവാരവും ഒക്കെ കഴിഞ്ഞ് രാവിലെ ആറേകാലോടെ ഞാൻ ഹോട്ടലിനു പുറത്തിറങ്ങി. ഹോട്ടലിനു നേരെ എതിർവശത്ത് വടക്കു പടിഞ്ഞാറൻ റെയിൽവേയുടെ ബിക്കാനീർ ഡിവിഷണൽ മേനേജരുടെ ഓഫീസാണ്. അതിന്റെ വലിയ ബോഡിന്റെ ഒരു പടം പിടിച്ച് ബോംബേയിലുള്ള അനിയത്തി ദേവിയ്ക്ക് വാട്സാപ്പിൽ അയച്ചു. അവൾ ബോംബേയിൽ റെയിൽവെയിലാണ് ജോലിചെയ്യുന്നത്. ബിക്കാനീറിലെ വിജനമായ റോഡിലൂടെ 15 മിനുറ്റ് നടന്നു വന്നു. അപ്പോഴേയ്ക്കും ഏട്ടനും ഇറങ്ങി വന്നു. ഞാൻ ഏട്ടന്റെ കൂടെ വീണ്ടും നടന്നു. റോഡിനിരുവശവും ധാരാളം തെരുവുനായ്ക്കൾ ഉണ്ടായിരുന്നു. അവയിൽ രണ്ടുമൂന്നെണ്ണം ചേർന്ന് അപ്പോൾ അതിലെ വന്ന ഒരു കൂറ്റൻ മൂരിയുടെയും നാലഞ്ചു പശുക്കളുടെയും പിറകെ കുരച്ചുചാടി അവയെ വിടാതെ പിന്തുടർന്നു ശല്യം ചെയ്തു കൊണ്ടിരുന്നു. ഞങ്ങൾ നടത്തം നിർത്തി അതു നോക്കി നിന്നു. പരിധി വിടുന്നു എന്നു തോന്നിയോ ആവോ, കൂറ്റൻ മൂരി തിരിഞ്ഞ് നിന്നു! പശുക്കൾ മുന്നോട്ടു തന്നെ നടന്നു. പെട്ടെന്ന് കൂറ്റൻമൂരി തലകുലുക്കി മുക്രയിട്ട് നായ്ക്കളുടെ നേരെ ചെന്നു. നായ്ക്കൾ ഓടി. ഒരു നായുടെ മേൽ അതിന്റെ കൊമ്പൊന്ന് തട്ടിയെന്നു തോന്നുന്നു. അത് 'മൈ മൈ..' എന്ന് കരഞ്ഞ് കൊണ്ടോടി. മൂരി പിന്നാലെ! ഒരമ്പത് മീറ്റർ ഓടി നായ്ക്കളെ ദൂരേയ്ക്കോടിച്ചു വിട്ടശേഷം മൂരി നിന്നു! അകലെയെത്തിയ നായ്ക്കളെനോക്കി.

ഞാൻ ഏട്ടന് മൂരി അപ്പോൾ പറയുന്നത് പറഞ്ഞുകൊടുത്തു.. ഇനിയും വാ, പുറകെ കാണിച്ചു തരാം! ഇത്തിരി ദൂരെ മാറിനിന്ന് നായ്ക്കൾ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു. ഇഷ്ടല്ലാച്ചാൽ പറഞ്ഞാൽപ്പോരെ ചങ്ങാതീ എന്തിനാ വെളിച്ചാമ്പൊത്തന്നെ വയലന്റാവണ് എന്ന് അവര് പതിയെ മൂരിടെ കാതിൽ വീഴാത്ത ഒച്ചയിൽ ചോദിയ്ക്കുന്നതായി ഞാൻ ഏട്ടന് പറഞ്ഞു കൊടുത്തു. സംഭവം മുഴുവൻ കണ്ടിരുന്നത്കൊണ്ട് ഏട്ടൻ ചിരിയെടാചിരി. ഞാനും ചിരിയ്ക്കുക തന്നെയായിരുന്നു! ഇന്നത്തെ ദിവസം ഉഷാറായി തീർച്ച!

ഞങ്ങൾ ചിരിച്ചു നടന്നു, പിന്നെ തിരിച്ചു നടന്നു, റൂമിലെത്തി, ഏട്ടൻ കുളിയ്ക്കാൻകയറി. ബിക്കാനീർ റെയിൽവേയുടെ ഡിവിഷണൽ ആപ്പീസിന്റെ ചിത്രം വാട്സാപ്പിൽ കണ്ട് ദേവിയുടെ സ്മൈലികളും, ഹൃദയചിഹ്നവും ഇന്നു ബിക്കാനീറിലാണോ എന്ന ചോദ്യവുമൊക്കെവന്നു. ഞാൻ അതേയെന്ന് മറുപടി അയച്ചു. പിന്നെ ഇന്നു കാണാനുള്ളതെന്തൊക്കെയാണ് എന്ന് ലിസ്റ്റെടുത്തു നോക്കി. ജുനാഗർ കോട്ട, ലാൽഗർ പാലസ്, കേമൽ റിസർച്ച് സെന്റർ. ദേശ്നോക് കർണ്ണി മാത ക്ഷേത്രം. ഇവ കണ്ടുകഴിഞ്ഞ ശേഷം ഞങ്ങൾ പുഷ്കറിലേയ്ക്ക് യാത്രയാവും. അതാണ് ഇന്നത്തെ പരിപാടി!

ഞങ്ങൾ പ്രാതൽ കഴിഞ്ഞ് ഒമ്പതരയ്ക്ക് മുമ്പായി ഹോട്ടലിൽനിന്നിറങ്ങി, ആദ്യത്തെ ലക്ഷ്യമായ ജുനാഗർ കോട്ടയിലേയ്ക്ക് നീങ്ങി.വഴിയിൽ നിന്ന് ഞങ്ങളുടെ അന്നത്തെ ഗൈഡ് കയറി. അയാൾ ബിക്കാനീറിനെക്കുറിച്ച് ചെറിയൊരു വിവരണം നല്കി.

ജോധ്പൂർ നഗരം സ്ഥാപിച്ച റാവു ജോധയുടെ മകൻ റാവു ബിക്കാജി ജോധ്പൂരിന്റെ കിരീടാവകാശം വേണ്ടെന്ന് വെച്ച് പിതാവിൽനിന്ന് കുറച്ചു പൈതൃക സ്വത്തുക്കളൊക്കെ വാങ്ങി, ചെറിയൊരു സൈന്യവുമായിവന്ന് ജംഗ്ലാദേശ് എന്ന ഒരു പ്രദേശത്ത് വന്ന് അവിടെ സ്വന്തം രാജ്യം സ്ഥാപിയ്ക്കുകയായിരുന്നു. ഇതിന് കർണ്ണിമാതായുടെ ആശീർവാദം ഉണ്ടായിരുന്നു. അവിടെ ഒഴിഞ്ഞ സ്ഥലത്ത് ഒരു ചെറിയ കോട്ടയും നഗരവും നിർമ്മിച്ചു. അങ്ങനെ റാവു ബിക്കാജിയുടെ ആ രാജ്യത്തിന് ബിക്കാനീർ എന്ന് പേരുവന്നു. ഒരു നൂറ്റാണ്ടിനുശേഷം ആറാമത്തെ രാജാവ് റാവു രാജാ റായ്സിംഗ്ജിയുടെ (ഭരണ കാലം 1571-1611) കാലത്ത് ആ കേടുപറ്റിയ കോട്ടയൊക്കെ പൊളി

ച്ചുകളഞ്ഞ് പുതിയത് നിർമ്മിച്ചു. 1589 ലായിരുന്നു ഇതിന്റെ നിർമ്മാണം ആരംഭിച്ചത്. അഞ്ചുവർഷത്തോളമെടുത്ത് 1594ൽ പൂർത്തിയായി. ചുറ്റുമതിലിന് പതിനാലരയടി വീതിയും നാല്പതടി ഉയരവുമുണ്ട്. മതിലിൽ മുപ്പത്തേഴോളം കൊത്തളങ്ങൾ ഉണ്ട്. മതിലിനു ചുറ്റും മുപ്പതടിയോളം വീതിയും ഇരുപതടി ആഴവും ഉള്ള കിടങ്ങുണ്ടായിരുന്നുവത്രെ. ഇപ്പോഴതില്ല. കോട്ടയുടെ വിസ്തൃതി 5.28 ഹെക്ടർ ആണ്. റാവു രാജാ റായ്സിംഗ്ജിയുടെ കാലത്താണ് ബിക്കാനീർ ഏറ്റവും കൂടുതൽ പുരോഗതി പ്രാപിച്ചത്. അക്കാലം ബിക്കാനീർ മുഗൾ ചക്രവർത്തി അക്ബറുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നുവത്രെ. കിഴക്കോട്ട് മുഖമായ സൂരജ് പോൾ ആണ് ഈകോട്ടയിലേയ്ക്കുള്ള, എറ്റവും പ്രധാനപ്പെട്ട കവാടം. പ്രഭാത വെയിൽ ഈ കവാടത്തിൽ വന്നു വീഴുന്നത് ഒരു ശുഭശകുനമായി കണക്കാക്കുന്നു.

ഓരോരോ രാജാക്കന്മാരും കോട്ടയിൽ പുതിയ നിർമ്മിതികൾ നടത്തിയിരുന്നു. പതിനാലാമത് രാജാവ് മഹരാജ ഗജ്സിംഗ്ജിയുടെ കാലത്ത് (1745–1787) നടത്തിയ നിർമ്മിതികളാണ്, കരൺ മഹൽ, ഗജ് മന്ദിർ, ഫൂൽ മഹൽ, എന്നിവ. പതിനേഴാമത് രാജാവായ മഹാരാജ സൂരത്ത് സിംഗ്ജിയാണ് അനൂപ് മഹൽ നിർമ്മിച്ചത്. ഇരുപതാമത്തെ രാജാവായ ദൻഗർസിംഗ്ജിയുടെ കാലത്ത് നിർമ്മിച്ചതാണ് ഛത്തർ മഹൽ. 1896ൽ ഗംഗാനിവാസ് ദർബാർ ഹാൾ ഉണ്ടാക്കിയത് റീജെൻസി കൗൺസിലായിരുന്നു. അന്ന് ഗംഗാസിംഗ്ജിയ്ക്ക് പ്രായപൂർത്തിയായിരുന്നില്ല.

അദ്ദേഹം 1935ൽ വിക്രം വിലാസ് ദർബാർ ഹാൾ ഉണ്ടാക്കി. അദ്ദേഹം അധികാരമേറ്റതിന്റെ സിൽവർ ജൂബിലി 1912ൽ ഗംഗാനിവാസിലും, ഗോൾഡൻ ജൂബിലി 1937ൽ വിക്രംവിലാസിലും ആഘോഷിച്ചുവത്രേ.

ഒന്നാംലോകമഹായുദ്ധത്തിൽ മഹാരാജ ഗംഗാസിംഗിന്റെ നേതൃത്വത്തിൽ ബിക്കാ നീർസൈന്യം ബ്രിട്ടനു നല്കിയ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് 1920ൽ സൈനികർ മടങ്ങി വരുമ്പോൾ അതേ കപ്പലിൽ, യുദ്ധത്തിൽ വെടികൊണ്ട് വീണ രണ്ട് ഹാവിലണ്ട് DH-9 DE യുദ്ധവിമാനങ്ങളുടെ അവശിഷ്ടങ്ങളൊക്കെ സോവനീറായി കൊടുത്തയച്ചു. 1985ൽ മഹാരാജാ ഡോ.കർണ്ണി സിംഗ്ജി നിപുണരും തദ്ദേശീയരുമായ ചില പണിക്കാരെ വിളിച്ച് രണ്ടു വിമാനങ്ങളുടെയും അവശിഷ്ടങ്ങളിൽനിന്ന് ആവശ്യമുള്ള ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഒരുവിമാനത്തിന്റെ മുഴുവൻ രൂപമുണ്ടാക്കി. അന്നു മുതൽ ഈ വിമാനം കോട്ടയ്ക്കകത്ത് വിക്രംവിലാസ് ദർബാർ ഹാളിൽ പ്രദർശനത്തിന് വെച്ചിട്ടുണ്ട്. അതിനരികെയുള്ള ഒരു ഫലകത്തിൽ ഈ വിവരങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്.

മഹാരാജാ ഡോ. കർണ്ണിസിംഗ്ജി, 1963ൽ, മഹരാജാ റായ്സിംഗ്ജി ട്രസ്റ്റ് രൂപീകരിച്ച് ഈ കോട്ട ട്രസ്റ്റിന് കൈമാറി. അതിനു ശേഷമാണ് ഇത് പൊതുജനങ്ങൾക്കായി തുറന്നു കിട്ടിയത്. അനവധി യുദ്ധങ്ങൾ കണ്ട കോട്ടയാണെങ്കിലും ഒരിയ്ക്കൽപോലും ഈ കോട്ട ശത്രുക്കൾക്ക് പിടിച്ചടക്കാനായിട്ടില്ല എന്ന് കേട്ടപ്പോൾ ഒരു വിസ്മയം തോന്നി! ഇപ്പോഴും ഈ കോട്ട ആ ട്രസ്റ്റിന് കീഴിലാണ്. ലാൽഗർ പാലസ് വന്നതിന് ശേഷം രാജകു ടുംബം താമസം അങ്ങോട്ടു മാറിയിരുന്നു.

ഇനി ഞങ്ങൾ ലാൽഗർ പാലസിലേയ്ക്കാണ് പോകുന്നത്. ഇവിടെനിന്ന് എട്ടൊമ്പതു കിലോമീറ്റർ ദൂരമുണ്ടത്രെ.

ഞങ്ങൾ ലാൽഗർ പാലസിലെത്തി. ബ്രിട്ടീഷുകാരാൽ നിർമ്മിയ്ക്കപ്പെട്ടതാണത്രെ ഈ കൊട്ടാരം. ബിക്കാനീർരാജാവിന് കുറച്ചുകൂടി ആധുനിക സൗകര്യങ്ങളൊക്കെയുള്ള ഒരു കൊട്ടാരം ആവശ്യമാണ് എന്ന് അവർക്ക് തോന്നി! മഹാരജാ ഗംഗാസിംഗ്ജിയുടെ കാലത്താണ് (1881–1942) ഇതിന്റെ നിർമ്മിതി. ഇത് രൂപകല്പന ചെയ്തത് സർ സാമുവേൽ സ്വിന്റൺ ജേക്കബ് എന്ന ബ്രിട്ടീഷ് വാസ്തുവിദ്യാ വിദഗ്ദ്ധനാണ്. സമ്മിശ്ര രീതിയാണ് ഇതിന്റെ നിർമ്മാണത്തിന് അവലംബിച്ചിട്ടുള്ളത്-പ്രധാനമായും ഇന്തോ ഗോഥിക്. ഇതിന്റെ നിർമ്മാണകാലം 1902നും 1926നും ഇടയ്ക്കാണ്. ഗംഗാസിംഗ്ജി തന്റെ പിതാവ് മഹാരാജാ ലാൽസിംഗ്ജിയുടെ സ്മരണാർത്ഥം ഈ കൊട്ടാരത്തിന് ലാൽഗർ പാലസ് എന്നു നാമകരണം നടത്തുകയായിരുന്നു. ഈ മൂന്നുനില കൊട്ടാരസമുച്ചയത്തിൽ അനേകം മുറികളുണ്ട്. അതിഥി മന്ദിരങ്ങൾ, വലിയ ഹാളുകൾ, വിശ്രമമുറികൾ, ധൂമപാന അറകൾ, കുംഭഗോപുര താഴികക്കുടങ്ങൾ, നാനൂറ് പേർക്ക് ഒരുമിച്ചിരിയ്ക്കാൻ കഴിയുന്ന ഭോജനശാല എന്നിവയാൽ ശോഭിതമായ തികച്ചും ആധുനികമായ കൊട്ടാരം. ഇവിടെ വന്നു താമസിച്ച ബ്രിട്ടീഷ് അധികാര ശ്രേണിയിലുള്ള ആദ്യവ്യക്തി കഴ്സൺ പ്രഭുവായിരുന്നു. പിന്നീട് ജോർജ്ജ് അഞ്ചാമൻ, മേരി രാജ്ഞി, ഇർവിൻ പ്രഭു തുടങ്ങിയ വരൊക്കെയും ഇവിടെ അതിഥികളായി താമസിച്ചിട്ടുണ്ടത്രേ.

ഇപ്പോൾ ഒരുഭാഗത്ത് രാജ കുടുംബാംഗങ്ങൾ താമസിയ്ക്കുന്നുണ്ട്. പടിഞ്ഞാറൻ കെട്ടിടത്തിൽ

ശ്രീ സാദുൾ മ്യൂസിയമുണ്ട്. ലോകത്തിലെ തന്നെ നാലാമത്തെ വലിയ സ്വകാര്യ ലൈബ്രറി ഇതിനകത്തുള്ളതാണത്രേ. ഈ മ്യൂസിയം ഞായറൊഴികെയുള്ള ദിനങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 5 വരെ തുറന്നു പ്രവർത്തിയ്ക്കുമെന്ന് പറയുന്നു. ലക്ഷ്മി നിവാസ് എന്ന ഭാഗം ഇപ്പോൾ ഒരുക്ഷ്വറി ഹോട്ടലാണ്. മറ്റൊരു ഭാഗംകൂടി ഒരു ഹെറിറ്റേജ് ഹോട്ടലാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ഇവയിൽനിന്നുള്ള വരുമാനം, ഈ കൊട്ടാരത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനും മറ്റും ഉപയോഗിയ്ക്കുന്നു. ഞങ്ങൾ മെല്ലെ ലാൽഗർ പാലസിനോടും വിടപറഞ്ഞു.

സംഘാംഗങ്ങളിൽ പലർക്കും ഈ കോട്ടകൊത്തളങ്ങളും, കൊട്ടാരങ്ങളും, രാജകീയ ആഡംബരങ്ങളും കണ്ടു കണ്ട് ഒരു ചെടിപ്പ് തുടങ്ങിയിട്ടുണ്ട്. ഇന്നിത് ആറാം ദിവസമാണ്. എത്ര സ്വാദേറിയതാണെങ്കിലും ഇരുപതാമത്തെ ലഡു തിന്നുന്ന ഒരവസ്ഥ ഒന്നോർത്തു നോക്കൂ. അതുപോലെ! ഞങ്ങളെല്ലാവരും വന്ന് ബസ്സിൽ കയറി. സമയം ഒന്നേകാലായിരിയ്ക്കുന്നു. ഇനി ഉച്ചഭക്ഷണം തന്നെ അടുത്തലക്ഷ്യം! ഡ്രൈവർ ഒരു നല്ല ഒരു ഹോട്ടലിനു മുന്നിൽ വണ്ടി കൊണ്ടുപോയി നിർത്തി. ഞങ്ങളെല്ലാവരും ഇറങ്ങി. സാമാന്യം വിസ്തൃതമായ ഒരു ഭോജന ശാല! ഒരു ഭാഗത്ത് ഒരടി മാത്രം ഉയരത്തിലുള്ള നാലു പേർക്കിരിയ്ക്കാവുന്ന ചതുരൻ മേശകളും നാലുവശത്തും അരയടി മാത്രം ഉയരമുള്ള ഓരോ പീഠങ്ങളും നിരത്തിയിട്ടുണ്ട്. ഞങ്ങൾ കുറച്ചുപേർ ആ ഇരിപ്പിൽ കൗതുകം തോന്നി അവിടെ പോയി ഇരുന്നു. ആഹാരം ഓർഡർ ചെയ്ത് കിട്ടി അത് കഴിച്ച് എണീയ്ക്കുമ്പോഴേയ്ക്കും ചുരുങ്ങിയത് ഒരു മണിക്കൂറാവും. അതാണ്പതിവ്. ഞങ്ങൾ 17 പേരുണ്ടല്ലോ! ആദ്യം ഭക്ഷണം കഴിഞ്ഞെണീറ്റ ഞങ്ങൾ ഹോട്ടലിനോടു ചേർന്നുള്ള റിക്രിയേഷൻ റൂമിൽ കയറി. അവിടെ ചില കളികൾക്കൊക്കെ സൗകര്യങ്ങളുണ്ടായിരുന്നു. ദാസേട്ടനും ശിവജിയേട്ടനും കൂടി ഒരു കാരംസ് കളിയ്ക്ക് ബോഡിന്റെ ഇരുവശവുമായി ഇരുന്നുകഴിഞ്ഞു. എല്ലാവരും കഴിച്ചുവരുംവരെ ഒരു വിനോദം!

ഇനി ഞങ്ങൾ ഒട്ടകങ്ങളെ പ്രതി ഗവേഷണങ്ങൾ നടക്കുന്ന കേന്ദ്രത്തിലേയ്ക്കാണ് പോകുന്നത്. ഇവിടെ നിന്ന് ഏകദേശം 10 കിലോമീറ്റർ ദൂരമുണ്ട്, ബസ് പതിനഞ്ച്-ഇരുപതുമിനുട്ടെടുക്കും എന്ന് കൈലാസ്ചന്ദർ.

ഓ! അപ്പോൾ ബസ്സിലിരുന്ന് ഒരു പൂച്ചയുറക്കത്തിന് സാവകാശമുണ്ട്!

മൂന്നു മണിയോടെ ഞങ്ങൾ അവിടെയെത്തി. എല്ലാവരും മയക്കംവിട്ടുണർന്നു. ബസ്സിൽനിന്നിറങ്ങി. ടിക്കറ്റെടുക്കുന്നിടം ഗേറ്റിനടുത്തുതന്നെയുണ്ട്. ആളൊന്നിന് മുപ്പത് രൂപമാത്രം. നൂറുരൂപയ്ക്ക് പത്തു മിനുട്ട് കേമൽ സഫാരിയുണ്ടത്രേ, അതിന്റെ ടിക്കറ്റ് വേണ്ടേയെന്ന് കൗണ്ടറിലുള്ളയാൾ ചോദിച്ചു. അയ്യോ വേണ്ട! എന്ന് അടുത്തുനിന്ന ഞാനാണ് ഉത്തരം പറഞ്ഞത്.

അത് കേട്ട ചിലരൊക്കെ ചിരിച്ചു! ബോഡ് വായിച്ചപ്പോഴാണ് ICAR (ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ച്) ന്റെ കീഴിലാണ് ഈ റിസർച്ച് സെന്റർ എന്ന് മനസ്സിലായത്. 1985 ജൂലായിൽ ബിക്കാനീറിൽ ICAR ന്റെ കീഴിൽ ഒരു പ്രോജക്റ്റ് ഡയറക്ടറേറ്റ് തുടങ്ങി. ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ച് കേന്ദ്ര സർക്കാറിന്റെ കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പിന്റെ (DARE) കീഴിലുള്ള സ്വതന്ത്ര പദവിയുള്ള സ്ഥാപനമാണ്.

പിന്നീട് 1995ൽ ഇതിനെ നേഷണൽ റിസർച്ച് സെന്റർ ഓൺ കേമൽ (NRCC) ആയി ഉയർത്തി. ഒറ്റക്കൂനുള്ള ഒട്ടകങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളിലാണ് ഇവർ ശ്രദ്ധയൂന്നിയിട്ടുള്ളത്. ഞങ്ങൾ ടിക്കറ്റെടുത്ത് അകത്ത് കയറി. ഇവിടെ കാണാനുള്ളത് പ്രധാനമായും ഒട്ടക മ്യൂസിയം, ഒട്ടക മിൽക്ക് പാർലർ, ഔഷധ സസ്യോദ്യാനം, ചില ഫോട്ടോഗ്രാഫി പോയിന്റ്സ്, സുവനീർഷോപ് തുടങ്ങിയവയാണ്. ആകെ മുന്നൂറോളം ഒട്ടകങ്ങളുണ്ടിവിടെ. ഷെഡ്ഡുകളിൽ നിരനിരയായി കെട്ടിയിട്ടിട്ടുണ്ട്. മിക്കവയും കിടക്കുകയാണ്. ഞങ്ങൾമുന്നിലൂടെ നടന്നുപോവുന്നത് ചില ഒട്ടകങ്ങൾ തലയു യർത്തി നോക്കുകയും മൂക്കുവിടർത്തി മണം പിടിയ്ക്കുകയും ചെയ്തു. ചിലത് ഇതൊക്കെ എത്രകണ്ടതാ എന്ന ഭാവത്തിൽ ശ്രദ്ധിയ്ക്കാതെ ഉച്ചച്ചൂടിലെ ആലസ്യത്തിൽ കിടന്നു. മ്യൂസിയ ത്തിൽ വിവിധതരം ഒട്ടകങ്ങളെകുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും വിവരണങ്ങളുണ്ട്. ഇവിടെ കാണുന്ന ഒട്ടകങ്ങൾക്ക് സാമാന്യമായി 300 മുതൽ 600കിലോഗ്രാം വരെ തൂക്കമുണ്ടാവുമത്രെ. അല്പദൂരം മാത്രം ഓടുകയാണെങ്കിൽ മണിക്കൂറിൽ 60 കിലോമീറ്റർ വേഗത്തിൽവരെ ഓടാനാവും. 40 കിലോമീറ്റർ വേഗത്തിലാണെങ്കിൽ കുറച്ചധികദൂരം തന്നെ ഓടാൻ കഴിയുമത്രെ. ഒരൊട്ടകത്തിന് 150 മുതൽ 250 കിലോഗ്രാം വരെ ഭാരം ചുമക്കാൻ ശേഷിയുണ്ടത്രെ. അതുകൊണ്ടുകൂടിയാണ് ഒട്ടകത്തെ മരുഭൂമിയിലെ കപ്പൽ എന്ന് പറയുന്നത്.

ഒട്ടകങ്ങളുടെ കാലിൽ കുളമ്പില്ല. അടിഭാഗം

വളരെ പതുപതുത്തതാണ്. ഇതുകൊണ്ടു തന്നെ ഒട്ടകത്തിന് ലാടം തറയ്ക്കാറില്ല. പാദത്തിന്റെ മുൻ ഭാഗത്ത് രണ്ടു വിരലുകൾ പോലെയും അവയിൽ ഓരോ നഖവുമുണ്ട്. കാലുകൾ ഊന്നിവെയ്ക്കുമ്പോൾ അടിഭാഗം കൂടുതൽ പരക്കും. ഇത് മണലിൽ താഴ്ന്ന് പോകാതിരിയ്ക്കാൻ അവയെ സഹായിയ്ക്കുന്നു. സാമാന്യമായി പറയുമ്പോൾ ഒരൊട്ടകത്തിന്റെ കാലടിയ്ക്ക് 7.5 ഇഞ്ച് നീളവും 5.5 ഇഞ്ച് വീതിയും ഉണ്ടായി രിയ്ക്കും. മിൽക്ക് പാർലറിൽ ഉണ്ടായിരുന്ന ഒരാൾ ഒട്ടകപ്പാലിനെക്കുറിച്ച് കുറച്ചു കാര്യങ്ങളൊക്കെ പറഞ്ഞുതന്നു. ഈ പാലിന് ചെറിയൊരു ഉപ്പുരസമുണ്ടത്രേ. മറ്റു പാലുകളെ അപേക്ഷിച്ച് ഇത് കൂടുതൽ നേരം കേടുകൂടാതെയിരിയ്ക്കും. കറന്നപാൽ എട്ടു മണിക്കൂർവരെ കേടുവരാതെയിരിയ്ക്കുമത്രെ. പാസ്ചറൈസ് ചെയ്ത് നാലുഡിഗ്രിയിൽ സൂക്ഷിച്ചാൽ പത്തു ദിവസം വരെ കേടുകൂടാതെയിരിയ്ക്കും! ഒട്ടകപ്പാലിന് മറ്റുപാലുകളെ അപേക്ഷിച്ച് കട്ടി കൂടുതലാണ് എന്ന ഒരു തെറ്റിദ്ധാരണ ആളുകൾക്കുണ്ട്. എന്നാൽ നേരെ വിപരീത മാണത്രെ! ഒട്ടകപ്പാലിന് പശു, എരുമ, പാലുകളേക്കാൾ കൊഴുപ്പംശവും കട്ടിയും കുറവാണ്. എന്നാൽ ചെറു തായൊന്നു കുലുക്കുമ്പൊഴേയ്ക്കും നല്ലപോലെ പതയുന്നത് കൊണ്ട് ഇതിന് കട്ടി കൂടുതലാണെന്ന് തോന്നുകയാണത്രേ. ഫെർമന്റേഷൻ ശരിയായി നടക്കാത്തതുകൊണ്ട് ഈ പാൽ തൈരുണ്ടാക്കാൻ ഉപയോഗിയ്ക്കില്ല. ഇതിലെ ഉപ്പിന്റെ അംശവും ഇതിന് ഒരുകാരണമാണ് എന്ന് അയാൾ പറഞ്ഞു. ഈ പാലിൽ ഇൻസുലിന്റെ അംശം കൂടുതലായതിനാൽ ടൈപ്പ് 1 പ്രമേഹത്തിന്റെ ചികിത്സയ്ക്ക് ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ഷയരോഗ ചികിത്സയിലും ഒട്ടകപ്പാലിന് ചിലതു ചെയ്യാനാവുന്നുണ്ടത്രേ!

ഞങ്ങൾ പിന്നേയും നടന്നു കണ്ടു. ഒരിടത്തൊട്ടകങ്ങളെപിടിച്ചു കിടത്തി രോമം മുഴുക്കെ ഒരു ട്രിമ്മർ ഉപയോഗിച്ച് വെട്ടി എടുക്കുന്നത് കണ്ടു. ഒട്ടകങ്ങൾ അടങ്ങിക്കിടക്കാൻ അവയുടെ മുൻ കാൽമുട്ടുകൾ മടക്കി കെട്ടിവെച്ചിട്ടുണ്ട്. ഒരാൾ മൂക്കുകയർ വലിച്ചുപിടിച്ചിട്ടുണ്ട്. അപ്പോൾ അവയ്ക്ക് എഴുന്നേല്ക്കാനാവില്ലല്ലോ. അത് കരയുന്നപോലെ എന്തോ ജാതി ശബ്ദം പുറപ്പെടുവിയ്ക്കുന്നുണ്ട്. അയ്യോ! ഇതൊന്നും കണ്ടു നില്ക്കാനാവില്ല!

ഞങ്ങൾ പിന്നെയും നടന്നു സുവനീർഷോപ്പിൽ കയറി. ഒട്ടകത്തിന്റെ തോല് കൊണ്ടുണ്ടാക്കുന്ന തുകൽ ബേഗുകൾ, പെഴ്സുകൾ, ചെരുപ്പുകൾ, ഷൂസുകൾ, ഒട്ടക രോമംകൊണ്ടുള്ള കമ്പിളിക്കുപ്പായങ്ങൾ പുതപ്പുകൾ, ഷാളുകൾ, അവയുടെ എല്ലുകളുപയോഗിച്ചു കൊത്തിയുണ്ടാക്കുന്ന, കൈയിലും, കഴുത്തിലും, കാതിലുമൊക്കെ അണിയാവുന്ന ആഭരണങ്ങൾ ഇവയൊക്കെയാണ് അവിടെ കണ്ട പ്രധാന സാധനങ്ങൾ. പലരും പലതും വാങ്ങിച്ചു. പിന്നീട് ഞങ്ങൾ പതുക്കെ ഒട്ടക ഗവേഷണകേന്ദ്രത്തോടും വിടപറയാമെന്ന് വെച്ചു തിരിച്ചു നടന്നു.

(അവസാനിച്ചു)

---

## പ്രതികരണം

**രാ**മായണത്തിലെ കർമ്മകാണ്ഡത്തിൽ നിന്ന് നാം ലഭിക്കുന്ന പ്രധാനപ്പെട്ട പാഠം ധർമ്മനിഷ്ഠയും കർത്തവ്യപരതയുമാണ്. രാജാവ് രാമൻ സ്വന്തം പിതാവിന്റെ വാക്ക് പാലിക്കാൻ വനവാസം സ്വീകരിക്കുന്നു. truth (സത്യനിഷ്ഠ), obedience (അനുസരണം), renunciation (ത്യാഗം) തുടങ്ങിയ മൂല്യങ്ങൾ അദ്ദേഹത്തിന്റെ നിലപാടുകളിൽ പ്രതിഫലിക്കുന്നു. ധർമ്മം പാലിക്കാൻ വ്യക്തിഗത ആശയങ്ങൾ പോലും ഉപേക്ഷിക്കേണ്ടിവരും എന്ന സന്ദേശം അതിലൂടെ നമുക്ക് ലഭിക്കുന്നു. കുടുംബത്തിനും സമൂഹത്തിനും വേണ്ടി ത്യാഗം ചെയ്യേണ്ടത് മഹത്വം ആണെന്നുള്ള ബോധവും ലഭിക്കുന്നു. കർമ്മം ശുഭമാകണമെങ്കിൽ അതിന് പിറകിൽ ഭക്തിയും നിഷ്ഠയും ആവശ്യമാണ്.

തുളസീദളത്തിൽ ശ്രീമതി എ.പി. സരസ്വതി എഴുതി വരുന്ന പ്രതിഫലനം പംക്തിയിൽ ജൂലൈ ലക്കം കർമ്മകാണ്ഡം ശ്രദ്ധേയമായി. അഭിനന്ദനങ്ങൾ.

അതുപോലെ ശ്രീ. രാജഗോപാൽ ആനായത്തിന്റെ ലേഖനവും വളരെ നന്നായിട്ടുണ്ട്.

ഉന്നത നിലവാരം പുലർത്തുന്ന തുളസീദളത്തിന് അഭിനന്ദനങ്ങൾ. ആശംസകൾ!

**ഇ.പി. ദേവേശ പിഷാരടി**

# തുളസീദളം കലാസാംസ്കാരിക സമിതി

**തു**ളസീദളം കലാസാംസ്കാരിക സമിതിയുടെ യോഗം 2025 ജൂലൈ 27ന് സമാജം ആസ്ഥാന മന്ദിരത്തിൽ പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കുമാരി അഖിലയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പിഷാരടി സമാജം മുൻ വൈസ് പ്രസിഡണ്ടും പട്ടാമ്പി ശാഖ സെക്രട്ടറിയുമായിരുന്ന എം.പി. സുരേന്ദ്രനടക്കം അടുത്ത കാലത്ത് നമ്മെ വിട്ടുപോയവരുടെ ആത്മശാന്തിക്കായി എല്ലാവരും മൗനപ്രാർത്ഥനയോടെ അനുശോചനം രേഖപ്പെടുത്തി. വൈസ് പ്രസിഡന്റ് ശ്രീ. കെ.പി. ഹരികൃഷ്ണൻ ഏവർക്കും സ്വാഗതം പറഞ്ഞു. ഏപ്രിൽ 16ന് ഭാരതീയ വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ വളരെ ശ്രദ്ധേയമായ രീതിയിൽ തന്നെ നമ്മുടെ പ്രവർത്തനോദ്ഘാടനം നടന്നു. ശ്രീ. രമേശ് പിഷാരടി ഉദ്ഘാടകനായി എത്തിയതും നമ്മുടെ ഇടയിലെ കഴിവുറ്റ കലാകാരന്മാരെയും കലാകാരന്മാരെയും പരിചയപ്പെടുത്താനായതുമെല്ലാം അഭിമാനം നൽകുന്നുണ്ട്. ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുക എന്നതാണ് ഇന്നത്തെ യോഗലക്ഷ്യം. ഇന്ന് ഇവിടെ തൃശൂർ, വടക്കാഞ്ചേരി, കൊടകര, ഇരിഞ്ഞാലക്കുട, മഞ്ചേരി  തുടങ്ങിയ ശാഖകളിൽ നിന്നായി എത്തിച്ചേർന്നവർ എല്ലാം തന്നെ സമിതിയുടെ പ്രധാനികൾ ആണ്. നല്ല തീരുമാനങ്ങൾ ഉണ്ടാകട്ടെ എന്ന് ശ്രീ. കെ.പി. ഹരികൃഷ്ണൻ പറഞ്ഞു.

സർഗ്ഗോത്സവം എന്ന ഗംഭീര പ്രോഗ്രാം കഴിഞ്ഞതിനുശേഷം മൂന്നു വർഷം പിന്നിട്ടിരിക്കുന്നു എന്നും അതുപോലെയോ അതിന്റെ മേലെ നിൽക്കുന്നതോ ആയ മറ്റൊരു പ്രോഗ്രാമിനെ കുറിച്ച് ചിന്തിക്കേണ്ട സമയമായി എന്ന് അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. എ. രാമചന്ദ്രൻ പറഞ്ഞു. പുതിയ അംഗങ്ങളെ ചേർക്കുന്നതോടൊപ്പം ഫണ്ട് രൂപീകരണവും നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ആണ്. പഴയ സർഗ്ഗോത്സവത്തിന്റെ നീക്കിയിരിപ്പുള്ള തുക സൊസൈറ്റിയിൽ നിന്നും കലാസമിതിക്ക് ലഭിക്കും. പിന്നെയും തുക ശേഖരിക്കേണ്ടതുണ്ട്. ഇന്ന് ഇവിടെ എടുക്കുന്ന തീരുമാനം മറ്റൊരു ദിവസം വീണ്ടും ഒരു യോഗം വിളിച്ചു എല്ലാവരെയും ചേർത്തുകൊണ്ട് ഒരു നിർദ്ദേശമായി അവതരിപ്പിക്കും. അവസാന തീരുമാനം അവിടെ ആയിരിക്കും. ഇന്ന് ഇവിടെ യോഗം തീരുമാനിച്ചപ്പോൾ അതിന്റെ ഭാഗമായി ഒരു ലഘു സംഗീത സദസ്സ് നടത്താമെന്ന് സമ്മതിച്ച ശ്രീ. ജി.ആർ. ഗോവിന്ദൻ, ശ്രീ. രവികുമാർ പിഷാരടി, ശ്രീ. ആദിത്യകൃഷ്ണൻ കൂടാതെ മൃദംഗ വിദ്വാൻ ശ്രീ. ജയകൃഷ്ണൻ എന്നിവരെ അഭിനന്ദിക്കുന്നു. നമുക്കെല്ലാവർക്കും ഒരുമിച്ചു നിന്നുകൊണ്ട് ഈ കലാസമിതിയുടെ പ്രവർത്തനങ്ങൾ വളരെ വിപുലമാക്കാം എന്ന് ഉറപ്പുണ്ട് എന്നും ശ്രീ. രാമചന്ദ്രൻ പറഞ്ഞു.

തുടർന്ന് സെക്രട്ടറി ശ്രീ. ഗോപൻ പഴുവിൽ കഴിഞ്ഞ പ്രോഗ്രാമിന്റെ റിപ്പോർട്ടും പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്രൻ കണക്കുകളും വായിച്ചത് കയ്യടികളോടെ യോഗം പാസ്സാക്കി.

പ്രത്യേക ക്ഷണം സ്വീകരിച്ച് എത്തിയ പ്രശസ്ത മൃദംഗ വിദ്വാൻ ശ്രീ. ജയകൃഷ്ണൻ വളരെയധികം മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് എല്ലാ കലാകാരന്മാരെയും ഒന്ന് ചേർത്ത് കൊണ്ട് ആരംഭിച്ച ഈ കലാസമിതിയെ പറ്റി അഭിമാനം തോന്നുന്നു എന്നും തന്റെ എല്ലാ വിധത്തിലുള്ള സഹകരണങ്ങളും ഉണ്ടാകും എന്നും പറഞ്ഞു. പല പ്രഗത്ഭരെയും പങ്കെടുപ്പിച്ചുകൊണ്ട്  സൗജന്യമായി വിവിധ ക്ലാസുകൾ, വർക്ക് ഷോപ്പുകൾ, ഡെമോൺസ്ട്രേഷനുകൾ എന്നിവയൊക്കെ നടത്തണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന് നടന്ന വിശദമായ ചർച്ചയിൽ ശ്രീമതി എ.പി. സരസ്വതി, സർവ്വശ്രീ കെ.പി. ബാലകൃഷ്ണ പിഷാരടി, ജി.ആർ. ഗോവിന്ദൻ, രവികുമാർ പിഷാരടി, രാജൻ സിത്താര, കെ.പി. ഗോപകുമാർ, സി.പി. അച്യുതൻ, മുരളി ബാല, ആദിത്യകൃഷ്ണൻ, അനിരുദ്ധ് മധു, കുമാരി ഗൗരി ഗോപി എന്നിവർ പങ്കെടുത്തു. ശ്രീ. ജയകൃഷ്ണനെ സമിതിയിൽ പുതിയ അംഗമായി ചേർത്തു. അദ്ദേഹം ഒരു തുക സമിതിക്ക് സംഭാവനയായി നൽകി. എത്രയും പെട്ടെന്ന് ഇനിയും ധാരാളം അംഗങ്ങളെ സമിതിയിൽ ചേർക്കണമെന്നും അതിനുശേഷം ഒരു മെഗാ പ്രോഗ്രാം നടത്തുന്നതിനെ പറ്റി ചിന്തിക്കാമെന്നും ധാരണയായി. ശ്രീ. രാജൻ സിത്താരയുടെ നന്ദിയോടെ യോഗത്തിന് പര്യവസാനമായി.

തുടർന്ന് ശ്രീ. ജി.ആർ. ഗോവിന്ദൻ, ശ്രീ. ആദിത്യകൃഷ്ണൻ എന്നിവരുടെ സംഗീത സദസ്സ് നടന്നു. ശ്രീ. ജയകൃഷ്ണന്റെ മൃദംഗവാദനവും ശ്രീ. രവികുമാർ പിഷാരടിയുടെ വയലിൻ വായനയും കൂടി ചേർന്നപ്പോൾ സംഗീത സദസ്സ് പ്രേക്ഷകർക്ക് അവാച്യമായ ആസ്വാദന മധുരം പകർന്നു.

## PISHARODY PILGRIMAGE AND TOURISM DEVELOPMENT TRUST
## REGD.NO.618/2002/IV
## UDAYA NAGAR, THRISSUR
## BALANCE SHEET AS ON 31st MARCH, 2025
**(All amounts are in Indian Rupees unless otherwise stated)**

| Particulars | Note No | 31.03.2025 | 31.03.2024 |
|---|---|---|---|
| **EQUITY AND LIABILITIES** | | | |
| (1) OWNER'S FUND | | | |
| (A) Capital Fund | | 20,20,000.00 | 20,20,000.00 |
| (B) Reserve and surplus | 3 | (27,93,085.89) | (38,58,597.32) |
| (2) NON CURRENT LIABILITIES | | | |
| Other Long-term Liabilities | 4 | 1,35,07,801.90 | 1,51,18,701.90 |
| (3) CURRENT LIABILITIES | | | |
| (b) Trade Payables:- | 5 | | |
| (i)Total outstanding dues of micro, small and medium enterprises | | - | - |
| (ii) Total outstanding dues of creditors other than micro, small and medium enterprises | | 21,760.00 | 21,560.00 |
| (c) Other Current Liabilities | 6 | 10,41,450.48 | 8,82,330.04 |
| **TOTAL ₹** | | **1,37,97,926.49** | **1,41,83,994.62** |
| **ASSETS** | | | |
| (1) NON CURRENT ASSET | | | |
| Property Plant And Equipment | 7 | 1,23,99,422.00 | 1,27,48,451.00 |
| Other Non Current Asset | 8 | 97,726.00 | 97,726.00 |
| (2) CURRENT ASSET | | | |
| Cash and Bank Balances | 9 | 7,18,760.99 | 5,81,429.12 |
| Other Current Asset | 10 | 5,82,017.50 | 7,56,388.50 |
| **TOTAL₹** | | **1,37,97,926.49** | **1,41,83,994.62** |

**Schedules 01 to 14 forms an integral part of this financial statement**
**As per Accountant's Report On Complied Unaudited Financial Statements.**

For Pisharody Pilgrimage and Tourism Development Trust
President

For Pisharody Pilgrimage and Tourism Development Trust
Secretary

For Pisharody Pilgrimage and Tourism Development Trust
Treasurer

**For MOHANDAS & ASSOCIATES**
**CHARTERED ACCOUNTANTS**

MOHANDAS & ASSOCIATES CHARTERED ACCOUNTANTS THRISSUR-1

**MOHANDAS ANCHERY**
**(PARTNER)**
**MEMBERSHIP NO. 036726**
**ICAI FIRM REG NO: 002116S**

**PLACE : THRISSUR**
**DATE : 23/07/2025**

**PISHARODY PILGRIMAGE AND TOURISM DEVELOPMENT TRUST**

**STATEMENT OF PROFIT AND LOSS ACCOUNT FOR THE YEAR ENDED 31st MARCH. 2025**

| | Particulars | Note | 31.03.2025 | 31.03.2024 |
|---|---|---|---|---|
| i | Revenue From Operations | 11 | 53,90,141.62 | 49,48,128.00 |
| ii | Other Income | 12 | 8,64,431.28 | 6,08,553.51 |
| iii | **TOTAL INCOME** | | **62,54,572.90** | **55,56,681.51** |
| | Expenses | | | |
| | a) Employee Benefit Expense | 13 | 3,42,870.00 | 2,56,250.00 |
| | b) Depreciation and Amortization Expense | 7 | 5,53,260.00 | 5,54,180.00 |
| | c) Other Expense | 14 | 34,94,899.47 | 29,79,532.83 |
| iv | **TOTAL EXPENSE** | | **43,91,029.47** | **37,89,962.83** |
| v | **PROFIT BEFORE TAX(v-iii)** | | **18,63,543.43** | **17,66,718.68** |
| viii | **TAX EXPENSE** | | | |
| | a) Current Tax | | 7,98,032.00 | 7,21,025.00 |
| | b) Excess/Short provision of tax relating to earlier years | | | 65,985.00 |
| ix | **Profit/(Loss) for the period from continuing operations(v-viii)** | | **10,65,511.43** | **9,79,708.68** |
| viii | **PROFIT/(LOSS) FOR THE PERIOD** | | **10,65,511.43** | **9,79,708.68** |

**Schedules 01 to 14 forms an integral part of this financial statement.**
**As per Accountant's Report On Complied Unaudited Financial Statements.**

Pisharody Pilgrimage and Tourism Development Trust
President

For Pisharody Pilgrimage and Tourism Development Trust
Secretary

For Pisharody Pilgrimage and Tourism Development Trust
Treasurer

**For MOHANDAS & ASSOCIATES**
**CHARTERED ACCOUNTANTS**

MOHANDAS & ASSOCIATES CHARTERED ACCOUNTANTS THRISSUR-1

**MOHANDAS ANCHERY**
**(PARTNER)**
**MEMBERSHIP NO. 036726**
**ICAI FIRM REG NO: 002116S**

**PLACE : THRISSUR**
**DATE : 23/07/2025**


*With best compliments from :*

**P. KARUNAKARAN**

# Forging & Process Aids

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | | | ഗുശി | | |
| | | | കേതു | ബുധൻ ശുക്രൻ | ല ബു |
| മാ | ചന്ദ്രൻ ശനി | ഗ്രഹനില അകത്ത് അംശകം പുറത്ത് | | സൂര്യൻ | |
| കു | | | | | |
| ര ച ശു | | രാഹു | ലഗ്നം ഗുളികൻ | ചൊവ്വ വ്യാഴം | |
| | | മസ | | | |

Proposals are invited for a Pisharody Boy, aged 31 years, 182 cm, M.Com, working as Assistant Manager in a Scheduled Bank.

**Contact No : 9746297282**

1993 ആഗസ്റ്റ് മാസം 4 നു ( 1168 കർക്കടകം 20 ) ബുധനാഴ്ച പകൽ 1 മണിക്ക്, ചതയം നക്ഷത്രം പുരുഷ ജനനം. 15 വർഷം 04 മാസം 06 ദിവസം രാഹു ദശ.

---

| | | | | | |
|---|---|---|---|---|---|
| | ശു | കു | ലരസ | | |
| | മശി മാ | | | ല കുശു | |
| | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| ബു | | | | ര | ഗു |
| | ഗു | | ച | ബുസ | |
| | | ചശിമാ | മ | | |

Proposals are invited from parents of Pisharody girls for a Pisharody boy, aged 29, B.Tech Engineer (EEE),180 cms height, working in a MNC as Senior Analyst. Interested parents may please contact.

**Mob: 9074478142**
**9677829461**

കൊല്ലവർഷം 1172-ാമാണ്ട് ചിങ്ങമാസം 4-ാം തിയ്യതി ചൊവ്വാഴ്ച (ഇംഗ്ലീഷ് വർഷം 1996 ആഗസ്റ്റ് 20ന് പുലർച്ചെ 3 മണി 40 മിനിറ്റിന് പുരുഷജനനം - 6.37 അസ്തമയം) അസ്തമയാൽപരം 22 നാഴിക 37 നാഴിക ചെന്ന സമയം ചിത്ര നക്ഷത്രത്തിൽ പുരുഷജനനം. 0-1-29-51 നക്ഷത്രശിഷ്ടം കുജദശാ.

---

| | | | | | |
|---|---|---|---|---|---|
| | കു | | | സ | |
| | മശി | മാ | രച കുബു ഭൃ | | |
| ല ബു | ല | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| ച | | | | | ഭൃ മാ |
| ശി | ഗു | | | സ | |
| | | | ഗുമ | ര | |

Proposals are invited from parents of working Pisharody Girls for a Pisharody boy, aged 29 yrs (13.06.1996), height 183 cm, B.Tech, Presently working in Private Sector in Bengaluru. Interested parents may contact-

**Mobile Nos. 8320899398**
**7984217609**

കൊല്ലവർഷം 1171-ാമാണ്ട് ഇടവമാസം 31-ാം തിയ്യതി, 12 നാഴിക 24 വിനാഴിക (IST 11.41 PM), കാർത്തിക നക്ഷത്രം ദ്വിതീയപാദത്തിൽ ശ്രീമദ് പുരുഷജനനം. വിശാഖം നാൾ ചേരില്ല.

# ശാഖാവാർത്തകൾ

### കോട്ടയം

കോട്ടയം ശാഖയുടെ ജൂലൈ മാസത്തെ യോഗം 6.7.25 നു ഓണംതുരുത്ത് ടി.കെ. വ്യാസന്റെ ഭവനമായ തൃക്കോവിൽ പിഷാരത്ത് വെച്ചു നടന്നു. കാർത്തികയുടെ ഈശ്വര പ്രാർത്ഥനക്ക് ശേഷം ടി.കെ. വ്യാസപിഷാരടി എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

എ.പി. അശോക് കുമാറിന്റെ അധ്യക്ഷ പ്രസംഗത്തിനു ശേഷം സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ യോഗ റിപ്പോർട്ട് യോഗം അംഗീകരിച്ചു.

1) ശാഖ വാർഷികവും ഓണാഘോഷവും ആഗസ്റ്റ് 31നു ഏറ്റുമാനൂർ വെച്ചു നടത്തുവാൻ യോഗം തീരുമാനിച്ചു. കൂടുതൽ വിവരങ്ങൾ അടുത്ത മാസ യോഗത്തിൽ തീരുമാനിക്കുന്നതായിരിക്കും.

2) കേന്ദ്രം നൽകുന്ന സ്ക്കോളർഷിപ്പിനും ശാഖയുടെ സ്ക്കോളർഷിപ്പിനുമുള്ള അപേക്ഷകൾ ജൂലൈ 20നു മുമ്പായി സെക്രട്ടറിക്കു അയച്ചു കൊടുക്കുവാൻ യോഗം അംഗങ്ങളോട് ആവശ്യപ്പെട്ടു.

3) കഴക ജീവനക്കാർക്കുള്ള അപകട ഇൻഷുറൻസ് പദ്ധതിയിൽ ശാഖയിൽ നിന്നും നിലവിൽ ഉള്ള 8 അംഗങ്ങൾക്ക് പുറമെ ഒരു അംഗത്തിനെയും കൂടി ഉൾപെടുത്തി. 9 അംഗങ്ങളിൽ നിന്നും പ്രീമിയം തുക പിരിച്ചു ജൂലൈ 15 നു മുമ്പായി PE&WS സെക്രട്ടറിക്കു അയച്ചു കൊടുക്കുവൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

4) PP&TDT അംഗങ്ങളുടെ വാർഷിക പൊതുയോഗം ആഗസ്റ്റ് 15 നു നടക്കുന്ന വിവരം പ്രസിഡന്റ് അറിയിച്ചു. ശാഖയിൽ ഉള്ള എല്ലാ PP&TDT അംഗങ്ങളും ഈ യോഗത്തിൽ പങ്കെടുക്കുവാനും ആവശ്യപ്പെട്ടു.

5) ഏറ്റുമാനൂരിൽ ഉള്ള ഷീബ വേണുഗോപാലിന്റെ ചികിത്സക്കായി കേന്ദ്രം നൽകിയ 10,000 രൂപ സഹായ ധനത്തിനു പുറമെ ശാഖയിൽ നിന്നും 3000 രൂപ നൽകുവാൻ തീരുമാനിച്ചു. ഇതിനായി ശാഖയുടെ മുൻ പ്രസിഡണ്ട് സുദേവ പിഷാരടി 1000 രൂപ സംഭാവന നൽകി.

ശാഖയുടെ ആഗസ്റ്റ് മാസത്തെ യോഗം 3 നു പയ്യപ്പാടിയിലുള്ള വത്സല പിഷാരസ്യാരുടെ ഭവനമായ ആനന്ദസദനത്തിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു. അജിത്ത് രാധാകൃഷ്ണന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

### തൃശൂർ

തൃശൂർ ശാഖയുടെ ജൂലൈ മാസത്തെ യോഗം 20/07/2025 ന് കോലഴി പൂവനി ശ്രീ. ഓമനക്കുട്ടന്റെ പിഷാരം വസതിയിൽ പ്രസിഡന്റ് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കുമാരി മീനു ഓമനക്കുട്ടന്റെ പ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീമതി ഉഷ ചന്ദ്രൻ, ശ്രീ. സി.പി. അച്യുതൻ എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം 14-ാമത് ദശകം എല്ലാവരും ചേർന്ന് ചൊല്ലി. പിഷാരോടി സമാജം കേന്ദ്ര വൈസ് പ്രസിഡണ്ടും സമാജം പ്രവർത്തനങ്ങളുടെ വലിയൊരു ശക്തിയുമായിരുന്ന എം.പി. സുരേന്ദ്രൻ മാഷിന്റെയും അതോടൊപ്പം ഇക്കഴിഞ്ഞ മാസക്കാലയളവിൽ ഈ ലോകം വിട്ടുപോയ എല്ലാവരു



## കുമാരി ഹരിതക്ക് അഭിനന്ദനങ്ങൾ

RLV കോളേജിൽ നിന്നും MA മോഹിനിയാട്ടത്തിൽ മൂന്നാം റാങ്ക് കരസ്ഥമാക്കി കുമാരി ഹരിത.

പിഷാരോടി സമാജം കൊടകര ശാഖയിലെ അംഗങ്ങളായ കാവല്ലൂർ പിഷാരത്ത് മണികണ്ഠന്റെയും കല്ലുവഴി ത്രിവിക്രമപുരത്ത് പിഷാരത്ത് സതിയുടെയും മകളാണ് ഹരിത. ഹരികൃഷ്ണൻ ആണ് സഹോദരൻ.

കുമാരി ഹരിതക്ക് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ!

ടെയും സ്മരണകളിൽ മൗന പ്രാർത്ഥന നടത്തി. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ്കൃഷ്ണൻ ഗുരുവായൂർ ഗസ്റ്റ് ഹൌസിൽ വെച്ചു നടന്ന രാമായണ മാസം ഉദ്ഘാടനം വളരെ വ്യത്യസ്ത അനുഭവമായിരുന്നു എന്ന് പറഞ്ഞു. ഇനി വരാനിരിക്കുന്നത് ഓണാഘോഷമാണ്. പതിവ് പോലെ ഈ വർഷവും അത് ഗംഭീരമാക്കണം. കലാപരിപാടികൾ, ഓണസദ്യ എന്നിവയെപ്പറ്റിയൊക്കെ തീരുമാനമെടുക്കണം. ജൂലൈ 27ന് ആസ്ഥാന മന്ദിരത്തിൽ ചേരുന്ന തുളസീദളം കലാ സാംസ്കാരീക സമിതി യോഗത്തിൽ എല്ലാവരും പങ്കെടുക്കണം. കഴിഞ്ഞ വർഷത്തെ പോലെ അഗതി മന്ദിരങ്ങളിൽ ഓണത്തിനു മുന്നേ നമ്മുടെ സഹായമെത്തിക്കണം എന്നും ശ്രീ. വിനോദ് കൃഷ്ണൻ പറഞ്ഞു. സെക്രട്ടറി ശ്രീ. ജയദേവൻ റിപ്പോർട്ടും ട്രഷററുടെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരടി കണക്കുകളും വായിച്ചത് കയ്യടികളോടെ യോഗം അംഗീകരിച്ചു.

തുടർന്ന് ശ്രീ. എ. രാമചന്ദ്ര പിഷാരോടി ശാഖയുടെയും കേന്ദ്രത്തിന്റെയും ഈ വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്ക്, ശാഖയിലെ അർഹരായ എല്ലാ കുട്ടികളുടെയും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം എന്നഭ്യർത്ഥിച്ചു. ശാഖയുടെ വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ ഓണാഘോഷത്തോടനുബന്ധിച്ച് നൽകേണ്ടതുണ്ട്. 27ന് നടക്കുന്ന കലാ സാംസ്കാരിക സമിതി യോഗത്തിന് ശാഖയുടെ മുഴുവൻ സഹകരണവും ഉണ്ടാവണം. ഓഗസ്റ്റ് 15 ന് ഗുരുവായൂർ ഗസ്റ്റ് ഹൌസ് യോഗം വെച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ എല്ലാവരും അതിൽ പങ്കെടുക്കണം. ചാരിറ്റി പ്രവർത്തനവുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം നൽകുന്നതിന് മുന്നോടിയായി ഒരു വ്യക്തിയുടെ ഗൃഹ സന്ദർശനം നടത്തിയ അനുഭവം ശ്രീ. രാമചന്ദ്ര പിഷാരോടി വിശദീകരിച്ചു. അവർക്ക് സമാജം പെൻഷൻ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ധന സഹായം ആവശ്യമുണ്ടോ എന്നറിയുന്നതിനു വേണ്ടിയാണ് കുറച്ചു പേർ ചേർന്ന് അങ്ങോട്ട് പോയത്. എന്നാൽ അത്ര വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരല്ല എന്ന് മനസ്സിലായത് കൊണ്ട് കൂടുതൽ സഹായം നൽകേണ്ട എന്ന് തീരുമാനിച്ചു.

രാമായണ മാസാചാരണ വായനകളിൽ തൃശൂർ ശാഖയിൽ നിന്നും ധാരാളം പേർ പങ്കെടുക്കാറുണ്ട്, എന്നാൽ ഇപ്രാവശ്യം അതിൽ കുറവ് വന്നത് പോലെ തോന്നുന്നു എന്ന് ശ്രീ. കെ.പി. ഹരികൃഷ്ണൻ പറഞ്ഞു. ഈയിടെ ഒരു ആദ്ധ്യാത്മിക സംഘടന തൃശ്ശൂരിൽ വെച്ച് വളരെ മാതൃകാപരമായി 50 വർഷമായി കഴക പ്രവർത്തി നടത്തി വരുന്നവരെ ആദരിച്ച വിവരം ശ്രീ. കെ. പി. ബാലകൃഷ്ണ പിഷാരോടി യോഗവുമായി പങ്കിട്ടു. ചർച്ചയിൽ സർവ്വ ശ്രീ. സി.പി. അച്യുതൻ, കെ.പി. ഗോപകുമാർ, ആർ.പി. രഘുനന്ദനൻ, ആർ. ശ്രീധരൻ (മുരളി), രഘുനാഥ് കോലഴി, രവികുമാർ പിഷാരോടി, സേതുമാധവൻ, എ.പി. ഗോപി എന്നിവർ പങ്കെടുത്തു.

ശാഖയുടെ ഓണാഘോഷം സെപ്റ്റംബർ 13 ശനിയാഴ്ച്ച രാവിലെ മുതൽ ആസ്ഥാന മന്ദിരത്തിൽ വെച്ച് നടത്താൻ തീരുമാനിച്ചു.

ക്ഷേമ നിധി നടത്തി. ജോയിന്റ് സെക്രട്ടറി ശ്രീ കൃഷ്ണകുമാറിന്റെ നന്ദിയോടെ യോഗം 5.15 ന് അവസാനിച്ചു.

അടുത്ത മാസത്തെ യോഗം 2025 ഓഗസ്റ്റ് 16 ശനിയാഴ്ച്ച വൈകീട്ട് 4 ന് സമാജം ആസ്ഥാന മന്ദിരത്തിൽ ചേരുന്നതാണ്.

## കോങ്ങാട്

കോങ്ങാട് ശാഖയുടെ ജൂൺ മാസ യോഗം 28/06/2025ന് രാവിലെ പത്ത് മണിക്ക് പ്രസിഡന്റ് ശ്രീ. പ്രഭാകര പിഷാരോടിയുടെ അധ്യക്ഷതയിൽ ശാഖാ മന്ദിരത്തിൽ ചേർന്നു. ശ്രീമതി ഗീത പ്രാർത്ഥന ചൊല്ലി. ശ്രീമതിമാർ ഉഷാദേവി, രാധ, ഗീത എന്നിവർ ചേർന്ന് പുരാണ പാരായണം ചെയ്തു.

ശ്രീ. കെ.പി. രാമചന്ദ്ര പിഷാരരോടി സ്വാഗതം ആശംസിച്ചു. തുടർന്ന് ഈയിടെ അന്തരിച്ച തലക്കുളത്തൂർ പിഷാരത്ത് രാധ പിഷാരസ്യാർ, അഹമ്മദാബാദ് വിമാന അപകടത്തിൽ മരണപ്പെട്ടവർ എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ചു കൊണ്ട് ഒരു മിനിറ്റ് മൗനം ആചരിച്ചു.

അധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ ഇരിങ്ങാലക്കുടയിൽ വെച്ച് നടന്ന വാർഷിക ആഘോഷം വളരെ ഗംഭീരം ആയി എന്ന് അറിയിച്ചു. അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും മുക്തകണ്ഠം പ്രശംസിച്ചു.

ശേഷം പത്ത്/പന്ത്രണ്ട് ക്ലാസ് പരീക്ഷകളിൽ ഉന്നതവിജയം നേടിയ എല്ലാ കുട്ടികളേയും അനുമോദിച്ചു. സന്നിഹിതരായ മെമ്പർമാരുടെ സമ്മതത്തോടെ നമ്മുടെ ശാഖയുടെ വാർഷികം സെ

പ്റ്റംബർ മാസം ഏഴാം തീയതി (07/09/2025) ഞായറാഴ്ച ആഘോഷിക്കാൻ തീരുമാനിച്ചു. നോട്ടീസും മറ്റും അച്ചടിച്ച് കിട്ടിയാൽ ഗൃഹസന്ദർശനവും 80 വയസ്സ് കഴിഞ്ഞവരെ ആദരിക്കലും നോട്ടീസ് വിതരണവും നടത്താമെന്നും അറിയിച്ചു.

കഴിഞ്ഞ മാസത്തെ റിപ്പോർട്ട് വാട്ട്സ് ആപ്പിൽ പോസ്റ്റ് ചെയ്തത് എല്ലാവരും അംഗീകരിച്ചു. പ്രത്യേകിച്ച് വരവ് ചിലവുകൾ ഒന്നും ഇല്ലെന്ന വിവരം ട്രഷറർ അറിയിച്ചു. സമാജ മന്ദിരത്തിലെ 2024-25 ലെ വരവ് ചിലവുകൾ അവതരിപ്പിച്ചത് അംഗീകരിച്ചു.

ഈ വർഷത്തെ വർഷികത്തിൽ പിഷാരരോടി സമാജത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച മുൻ കേന്ദ്ര പ്രസിഡന്റും, രക്ഷാധികാരിയും ആയ ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടിയേയും, തുളസീദളം എഡിറ്റർ ശ്രീ. ഗോപൻ പഴുവിലിനെയും ആദരിക്കണമെന്നു മുൻ ശാഖാ പ്രസിഡന്റ് ശ്രീ. രാമചന്ദ്ര പിഷാരോടിയുടെ അഭിപ്രായം എല്ലാവരും ഏകകണ്ഠമായി അംഗീകരിച്ചു. കൂടാതെ വളർന്നു വരുന്ന ഇടക്ക (സോപാന സംഗീതം) കലാകാരനായ കാരാകുറിശ്ശി ശ്രീ. ജിഷ്ണു മനോജിനെ അനുമോദിക്കാനും തീരുമാനിച്ചു.

സെക്രട്ടറിയുടെ നന്ദി പ്രകടനത്തോടെ യോഗം ഒരു മണിക്ക് അവസാനിച്ചു.

* * * * * * * * * * * * * * * * * * * * * * * *

കോങ്ങാട് ശാഖയുടെ ജൂലൈ മാസ യോഗം 28/07/2025ന് രാവിലെ പത്ത് മണിക്ക് പ്രസിഡന്റ് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി ചേർന്നു.

ശ്രീ. കെ.പി. അച്യുണ്ണി പിഷാരോടി പ്രാർത്ഥന ചൊല്ലി. ശ്രീ. കെ.പി. ഗോപാലപിഷാരോടി പുരാണ പാരായണം ചെയ്തു അർത്ഥം വിവരിച്ചു.

ശ്രീ. കെ.പി. ഗോവിന്ദൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

കഥകളി ഗായകൻ വെണ്മണി ഹരിദാസിന്റെ ഓർമ്മക്കായി നൽകുന്ന വെണ്മണി പുരസ്കാരം നേടിയ യുവതലമുറയിലെ ശ്രദ്ധേയനായ കലാകാരൻ ശ്രീ. കോട്ടക്കൽ സന്തോഷിനെ കോങ്ങാട് ശാഖക്ക് വേണ്ടി ശ്രീ. കെ.പി. രാമചന്ദ്ര പിഷാരോടി അനുമോദിച്ചു.

കഴിഞ്ഞ ഒരു മാസ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ ലക്കിടി പുത്തൻ പിഷാരത്ത് സത്യൻ, വാടാനാംകുറിശ്ശി നടുവിൽ പിഷാരത്ത് ഉണ്ണികൃഷ്ണൻ, പിഷാരോടി സമാജം കേന്ദ്ര കമ്മിറ്റി മുൻ വൈസ് പ്രസിഡന്റും പട്ടാമ്പി ശാഖാ സെക്രട്ടറിയും ആയിരുന്ന മേലീടിൽ പിഷാരത്ത് സുരേന്ദ്രൻ പിഷാരോടി, ചെറുകാട് പിഷാരത്ത് സരോജിനി, പുഞ്ചപ്പാടം വടക്കെപ്പാട്ടു പിഷാരത്ത് വി.സി. പിഷാരോടി, ഋഷിനാരദമംഗലം പിഷാരത്ത് രാജം, ചെറുകാട് ഏലംകുളത്ത് സി.ഇ. കൃഷ്ണ പിഷാരോടി, മുടവന്നൂർ പിഷാരത്ത് ആനന്ദവല്ലി, തൊണ്ടിയനൂർ പിഷാരത്ത് ഇന്ദിര തുടങ്ങിയവരുടെ നിര്യാണത്തിൽ അനുശോചിച്ചു ഒരു മിനിട്ട് മൗനം ആചരിച്ചു.

പ്രസിഡന്റ് തന്റെ ഉപക്രമ പ്രസംഗത്തിൽ PE&WS ന്റെ അവാർഡ്/സ്കോളർഷിപ്പ് അപേക്ഷകൾ 15/08/25നു മുമ്പ് PE&WS സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ട കാര്യം ഓർമിപ്പിച്ചു. അതേ പോലെ PP & TDT യുടെ വാർഷിക പൊതുയോഗം 15/08/25ന് ഗുരുവായൂരിൽ നടക്കുന്ന വിവരവും അതിൽ പങ്കെടുക്കേണ്ട കാര്യവും ചർച്ച ചെയ്തു.

ഉടൻ തുടങ്ങേണ്ട ഗൃഹസന്ദർശന വിഷയവും, സെപ്റ്റംബറിൽ നടത്തുന്ന വാർഷികത്തിന്റെ തയ്യാറെടുപ്പ് എന്നിവ അവലോകനം ചെയ്തു.

കൂടുതൽ 04/09/25നു നടക്കുന്ന യോഗത്തിൽ ചർച്ച നടത്താമെന്ന് തീരുമാനിച്ചു.

ശ്രീ. സുരേഷ് കുമാറിന്റെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## ഇരിങ്ങാലക്കുട

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ 2025 ജൂലായ് മാസത്തെ കുടുംബ യോഗം 16/07/2025ന് ഉച്ചതിരിഞ്ഞ് 4.30ന് മാപ്രാണം പുത്തൻ പിഷാരത്ത് ശ്രീ. ഉണ്ണികൃഷ്ണ പിഷാരോടിയുടെ വസതിയിൽ വെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി.

ശ്രീമതി ചന്ദ്രമതി ഉണ്ണികൃഷ്ണൻ നിലവിളക്ക് തെളിയിച്ചശേഷം ഈശ്വര പ്രാർത്ഥന ചൊല്ലി.

ശാഖയുടെ കമ്മിറ്റി മെമ്പർമാരെയും വനിതാവിങ്ങ് ഭാരവാഹികളെയും കുടുംബാംഗങ്ങളെയും ഗൃഹനാഥൻ ശ്രീ. ഉണ്ണികൃഷ്ണൻ സ്വാഗതം

ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും നമ്മളെ വിട്ട് പിരിഞ്ഞ മറ്റുള്ളവർക്കും പ്രത്യേകിച്ച് സമാജം മുൻ കേന്ദ്ര വൈസ് പ്രസിഡണ്ട് ശ്രീ. സുരേന്ദ്രൻ മാസ്റ്ററുടെ നിര്യാണത്തിലും മൗനപ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

അദ്ധ്യക്ഷ ശ്രീമതി മായാ സുന്ദരേശ്വരൻ കഴിഞ്ഞ മാസക്കാലയളവിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും അവാർഡുകൾക്കും ശാഖയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു.

അദ്ധ്യക്ഷഭാഷണത്തിൽ കർക്കിടം 1-ാം തിയ്യതി മുതൽ ആരംഭിക്കുന്ന രാമായണ പാരായണത്തിൽ കൂടുതൽ ശാഖാ മെംബർമാർ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു.

സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസ യോഗ മിനിട്ട്സും ട്രഷറർ അവതരിപ്പിച്ച വരവ് ചിലവ് കണക്കുകളും യോഗം പാസ്സാക്കി.

PEWS വഴി കൊടുക്കുന്ന സ്ക്കോളർഷിപ്പ്, വിദ്യാഭ്യാസ ധനസഹായം, അവാർഡ് എന്നിവക്ക് ശാഖയിലെ വിദ്യാർത്ഥികൾ വെള്ളകടലാസിൽ എഴുതിയ അപേക്ഷയോടപ്പം Attest ചെയ്ത മാർക്ക് ഷീറ്റും ചേർത്ത് ആഗസ്റ്റ് മാസം 1-ാംതിയ്യതിക്കുള്ളിൽ ശാഖാ സെക്രട്ടറിക്ക് അയച്ചു തന്നാൽ ആയത് ശാഖ പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയ ശേഷം PEWS സെക്രട്ടറിക്ക് ആഗസ്റ്റ് 15-ാം തിയ്യതിക്കുള്ളിൽ അയച്ചു കൊടുക്കുവാൻ വേണ്ട നടപടികൾ ചെയ്യുന്നതാണ് എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു.

ആഗസ്റ്റ് 15 ന് ഗുരുവായൂരിൽ നടക്കുന്ന PP & TDT യുടെ വാർഷിക പൊതുയോഗത്തിൽ ശാഖയിൽ നിന്നും പരമാവധി ട്രസ്റ്റ് മെംബർമാർ പങ്കെടുക്കണമെന്ന് യോഗത്തിൽ സെക്രട്ടറി അഭ്യർത്ഥിച്ചു. അതിനുള്ള ഗുരുവായൂർ സെക്രട്ടറി അയച്ചു തന്ന വാർഷിക പൊതുയോഗ നോട്ടീസ്സ് യോഗത്തിൽ പങ്കെടുത്ത മെംബർ മാർക്ക് വിതരണം ചെയ്തു.

അതു പോലെ കർക്കിടകം 1-ാം തിയതി മുതൽ ആരംഭിക്കുന്ന രാമായണ പാരായണത്തിൽ പങ്കെടുക്കുവാൻ വേണ്ടി ശാഖയിൽ നിന്നും 6 മെംബർ മാർ പേരുകൾ തന്ന വിവരവും സെക്രട്ടറി യോഗത്തെ അറിയിച്ചു.

2025 ആഗസ്റ്റ് 28-ാം തിയ്യതി ശാഖയിലെ കഴക പ്രവൃത്തി ചെയ്യുന്ന മെംബർമാരെ ആദരിക്കുവാനും ശാഖയിലെ വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് വിതരണവും ശാഖയുടെ ഓണാഘോഷവും ഒരുമ്മിച്ച് ഇരിങ്ങാലക്കുട നമ്പൂതിരിസ് കോളെജ് ഓഡിറ്റോറിയത്തിൽ വെച്ച് ഭംഗിയായി നടത്തുവാനും ചടങ്ങിൽ കേന്ദ്ര പ്രതിനിധികളെ ക്ഷണിക്കുവാനും യോഗം തീരുമാനിച്ചു.

ചടങ്ങിൽ ആദരിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ ക്ഷണിക്കുവാനും അതോടപ്പം ചടങ്ങിന്റെ മുഖ്യതാഥിയെ തീരുമാനിച്ച് വേണ്ട നടപടികളുമായി മുന്നോട്ട് പ്രവർത്തിക്കുവാനും വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ശാഖയുടെ മെംബർമാരിൽ നിന്നും വാർഷിക വരിസംഖ്യ (2025-26 വർഷത്തേക്ക് ഉള്ളത്) പിരിവ് തുടങ്ങിയതായി ട്രഷറർ യോഗത്തെ അറിയിച്ചു.

ക്ഷേമനിധി നടത്തി.

ഇന്നത്തെ യോഗത്തിന് വേണ്ട എല്ലാ വിധ സൗകര്യങ്ങളും ചെയ്തു തന്ന ഉണ്ണികൃഷ്ണ പിഷാരോടിക്കും കുടുംബത്തിനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രിമതി റാണി രാധാകൃഷ്ണൻ നന്ദി രേഖപ്പെടുത്തിയതോടെ യോഗം 6.30 മണിക്ക് പര്യവസാനിച്ചു.

## വടക്കാഞ്ചേരി

പിഷാരടി സമാജം വടക്കാഞ്ചേരി ശാഖയുടെ ജൂലൈ മാസത്തെ യോഗം 13/07/2025 ന് ഉച്ചയ്ക്ക് മൂന്ന് മണിക്ക് ചേലക്കരയിലുള്ള ശ്രീ. എൻ.പി. കൃഷ്ണനുണ്ണിയുടെ വസതിയായ ചേലക്കര പിഷാരത്ത് വച്ച് നടന്നു.

ശ്രീമതി ശ്രീദേവി ദീപം കൊളുത്തി. ശ്രീശൈല പ്രാർത്ഥന ചൊല്ലി. ഗൃഹനാഥൻ ശ്രീ. എൻ. പി. കൃഷ്ണനുണ്ണി യോഗത്തിന് വന്നവർക്കെല്ലാം സ്വാഗതം ആശംസിച്ചു.

കഴിഞ്ഞ മാസങ്ങളിൽ അന്തരിച്ച സമുദായ അംഗങ്ങളുടെ ആത്മാവിന് വേണ്ടി മൗനപ്രാർത്ഥന നടത്തി.

ശാഖാ പ്രസിഡണ്ട് ശ്രീ. എം.പി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. അദ്ധ്യക്ഷ പ്രസംഗത്തിൽ രാമായണമാസത്തോടനുബന്ധിച്ച് കേന്ദ്രം നടത്തുന്ന രാമായണ പാരായണത്തിൽ ശാഖയിൽ

## വടക്കാഞ്ചേരി ശാഖ നൽകിവരുന്ന വിദ്യാഭ്യാസ അവാർഡുകൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

2024-25 അധ്യയന വർഷത്തിൽ എസ്എസ്എൽസി, പ്ലസ് ടു, ഇവയിൽ ഉന്നത വിജയം നേടിയ ശാഖാ അംഗങ്ങളുടെ കുട്ടികൾ മാർക്ക് ലിസ്റ്റ് സഹിതം ആഗസ്റ്റ് 31ന് മുമ്പായി സെക്രട്ടറിക്ക് എത്തിക്കേണ്ടതാണ്.

സെക്രട്ടറി-വടക്കാഞ്ചേരി ശാഖ
ശ്രീ. എം,പി, സന്തോഷ് - 9847045273.

നിന്നും പരമാവധി പേർ പങ്കെടുക്കണമെന്നും ഗുരുവായൂരിൽ നടക്കുന്ന സമ്പൂർണ്ണ നാരായണീയം, രാമായണ പാരായണം ഉദ്ഘാടനം എന്നിവയിലും പങ്കെടുക്കണമെന്നും അഭ്യർത്ഥിച്ചു.

ജൂലൈ 27ന് കലാസാംസ്കാരിക വേദിയുടെ യോഗത്തിലും ആഗസ്റ്റ് 15ന് ഗസ്റ്റ് ഹൗസിൽ വച്ച് നടത്തുന്ന യോഗത്തിലും ശാഖാംഗങ്ങളുടെ സാന്നിധ്യം വേണമെന്ന് പറഞ്ഞു.

ശാഖയുടെ വാർഷികം, ഓണാഘോഷം, അവാർഡ് വിതരണം എന്നിവ യോഗത്തിൽ ചർച്ച ചെയ്യണമെന്ന് പറഞ്ഞു.

തുടർന്ന് നടന്ന ചർച്ചയിൽ ശാഖാ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും യോഗങ്ങളിൽ പരമാവധി പേർ പങ്കെടുക്കാമെന്ന് ഉറപ്പുതരുകയും ചെയ്തു.

ശാഖയുടെ വാർഷിക ആഘോഷങ്ങൾ ശ്രീ. വി.പി. ഗോപിനാഥന്റെ വസതിയായ 'കൗസ്തുഭത്തിൽ' വച്ച് (വെങ്ങാനല്ലൂർ) സെപ്റ്റംബർ 6-ാം തീയതി രാവിലെ 10 മണി മുതൽ നടത്തുവാൻ തീരുമാനിച്ചു. വാർഷികത്തിലേക്ക് കേന്ദ്രഭരണ സമിതി അംഗങ്ങളെ ക്ഷണിക്കുവാൻ തീരുമാനിച്ചു.

കഴകക്കാരുടെ ഇൻഷുറൻസ് അടയ്ക്കുവാനും തീരുമാനിച്ചു.

ശാഖാ രക്ഷാധികാരി ശ്രീ. എ.പി. രാജന്റെ നന്ദി പ്രകടനത്തോടെ യോഗം 5 മണിക്ക് സമാപിച്ചു.

### കൊടകര

പിഷാരോടി സമാജം കൊടകര ശാഖയുടെ ജൂലൈ മാസത്തെ യോഗം 20-07-2025ന് കോടാലി വല്ലച്ചിറ പിഷാരത്ത് പി.പി. രാധാകൃഷ്ണന്റെ ഭവനമായ അർച്ചനയിൽ നടന്നു.

ജയശ്രീ രാജന്റെ ഈശ്വര പ്രാർത്ഥനയോടെ 3 മണിക്ക് യോഗനടപടികൾ ആരംഭിച്ചു.

കഴിഞ്ഞ മാസക്കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ കേന്ദ്ര സമാജം വൈസ് പ്രസിഡന്റ്, PE&WS എഡ്യുക്കേഷൻ അവാർഡ് കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുകയും പട്ടാമ്പി ശാഖ സെക്രട്ടറിയുമായ എം.പി. സുരേന്ദ്ര പിഷാരടി, നായത്തോട് പിഷാരത്ത് രാമ പിഷാരടി, ചെങ്ങാനിക്കാട്ടു പിഷാരത്ത് ചക്രപാണി പിഷാരോടി എന്നിവരുടെയും നമ്മെ വിട്ടുപിരിഞ്ഞ മറ്റു സമുദായ അംഗങ്ങളുടെയും ആത്മശാന്തിക്കായി മൗനം ആചരിച്ചു.

ഗൃഹനാഥൻ പി.പി. രാധാകൃഷ്ണൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

പ്രസിഡണ്ട് ഉഷ ശ്രീധരൻ അധ്യക്ഷപ്രസംഗം നടത്തുകയും കർക്കിടകം 1 നു ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ നടന്ന രാമായണ പാരായണം, നാരായണീയ പാരായണം തുടർന്ന് നടന്ന കലാപരിപാടി എന്നിവയിൽ കൊടകര ശാഖാംഗങ്ങളുടെ സാന്നിധ്യം എടുത്തു പറയുകയും കേന്ദ്ര തീരുമാനങ്ങൾ യോഗത്തിൽ അറിയിക്കുകയും ചെയ്തു.

ടി.പി. രാമചന്ദ്രൻ, ഗസ്റ്റ് ഹൗസിൽ നടന്ന രാമായണ പാരായണ ഉദ്ഘാടനത്തെക്കുറിച്ച് വിശദമായി സംസാരിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന രാമായണം നിഴൽ നാടകത്തിനു വേദിയൊരുക്കിത്തന്ന സമാജത്തിനോടും കൂടെ പ്രവർത്തിച്ച കലാകാരൻമാരോടും പ്രത്യേകം നന്ദി പറഞ്ഞു.

സെക്രട്ടറി രമ്യാ രാധാകൃഷ്ണൻ അവതരിപ്പിച്ച ജൂൺ മാസത്തെ റിപ്പോർട്ടും എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു.

തുടർന്നു നടന്ന ചർച്ചകളിൽ അംഗങ്ങളെല്ലാം സജീവമായി പങ്കെടുത്തു.

ശാഖാംഗങ്ങളുടെ വിവരണ ശേഖരണാർത്ഥം ഡയറക്ടറിയുടെ അന്തിമരൂപം തയ്യാറാക്കി.

ശാഖയുടെ ഓണാഘോഷം സെപ്റ്റംബർ 21ന് കാരൂർ ശങ്കരനാരായണ ക്ഷേത്രത്തിന്റെ ഹാ

ളിൽ നടത്താമെന്ന് തീരുമാനിച്ചു.

പാഞ്ചജന്യ ഭാരതവും, കേരള ക്ഷേത്രസമന്വയ സമിതിയും സംയുക്തമായി കഴകക്കാർക്ക് നൽകിവരുന്ന ഉപഹാരങ്ങൾക്ക് കൊടകര ശാഖാംഗങ്ങളായ പുഷ്പ ഗിരിജൻ ഒമ്പതിങ്ങൽ പിഷാരം, കുമാരി കൃഷ്ണൻ മാങ്കുറ്റിപ്പാടം പിഷാരം എന്നിവർ അർഹരാവുകയും അവരെ യോഗം അനുമോദിക്കുകയും ചെയ്തു.

ഗുരുവായൂർ ഗസ്റ്റ് ഹൗസ് അംഗങ്ങളുടെ കാർഡ് പുതുക്കി നൽകണമെന്ന അഭിപ്രായം വരികയും ചുമതലപ്പെട്ടവരെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് സംസാരിച്ച രാജൻസിത്താര കർക്കിടകം 1ന് നടന്ന രാമായണ പരായണ ഉദ്ഘാടനത്തിൽ കൊടകര ശാഖയിൽ നിന്ന് പരമാവധി അംഗങ്ങൾ പങ്കെടുത്തതിനെ പ്രത്യേകം അഭിനന്ദിച്ചു.

എല്ലാദിവസവും രാത്രി 8 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടക്കുന്ന രാമായണ പാരായണത്തിൽ കൊടകര ശാഖയിൽ നിന്ന് അംഗങ്ങൾ വളരെ കുറവാണെന്നും അതിനാൽ എല്ലാവരും തന്നെ വായനയിൽ പങ്കെടുക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

PE&WS നൽകിവരുന്ന വിദ്യാഭ്യാസ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചതായും ഓഗസ്റ്റ് 15 നു മുൻപ് അപേക്ഷകൾ നൽകണമെന്നും അറിയിച്ചു.

ഓഗസ്റ്റ് 15ന് ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ നടക്കുന്ന PP& TDT പൊതുയോഗത്തിൽ അംഗങ്ങളായവർ പങ്കെടുക്കണമെന്നും അറിയിച്ചു.

എം.പി. രാജൻ, കർക്കിടകം രാമായണം സമകാലീന വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി നടത്തിയ ക്വിസ് മത്സരത്തിൽ എല്ലാവരും സജീവമായി പങ്കെടുത്തു.

സീത നാരായണൻ, ബിന്ദു രാമനാഥൻ എന്നിവർ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി.

സി.പി. രാമചന്ദ്ര പിഷാരടി യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും രാധാകൃഷ്ണനും കുടുംബത്തിനും പ്രത്യേകം നന്ദിയും അറിയിച്ചു.

കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെഷനും മാനസിക ഉല്ലാസത്തിനുവേണ്ടി കസേരകളിയും റീൽസും ഒക്കെയായി കൃത്യം 4.30 നു യോഗം അവസാനിച്ചു.

## തിരുവനന്തപുരം

തിരുവനന്തപുരം ശാഖയുടെ ജൂലൈ മാസത്തെ കുടുംബ സംഗമം ജൂലൈ 6ന് രാവിലെ 11 മണിക്ക് പുളിമൂട് ജിപിഒ ലെയ്നിലുള്ള അപെക്സ് റെസിഡൻസി ഇന്നിൽ ഡോ. സേതുമാധവനും ശ്രീമതി അംബിക വി യും ചേർന്ന് നടത്തി.

ശ്രീമതി പത്മാവതി പിഷാരസ്യാരുടെ പ്രാർത്ഥനയോടെയാണ് യോഗം ആരംഭിച്ചത്.

തുടർന്ന് ശ്രീമതി അംബിക വി കുടുംബ സംഗമത്തിലേക്ക് അംഗങ്ങളെ സ്വാഗതം ചെയ്തു.

തുടർന്ന് പിഷാരടി കുടുംബങ്ങളിലെ മരിച്ചുപോയ അംഗങ്ങളുടെ സ്മരണയ്ക്കായി ഒരു മിനിറ്റ് മൗനം ആചരിച്ചു.

പ്രസിഡന്റ് ശ്രീ ജഗദീഷ് പിഷാരടി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ജൂൺ 22 ന് കേന്ദ്രത്തിന്റെ പുതിയ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഉൾപ്പെടെ നമ്മുടെ സമാജത്തിന്റെ ഏറ്റവും പുതിയ വികസനത്തെക്കുറിച്ച് അംഗങ്ങളെ അറിയിക്കുകയും ചെയ്തു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്രം ലാഭം റിപ്പോർട്ട് ചെയ്തതിനാൽ, അംഗങ്ങൾ അവരുടെ നിക്ഷേപങ്ങളുടെ പലിശയും ശാഖയുടെ 50,000 രൂപയുടെ നിക്ഷേപത്തിന്റെ പലിശയും നൽകണമെന്ന് ഏക കണ്ഠമായി ആവശ്യപ്പെട്ടു.

ട്രഷറർ ശ്രീ. അനൂപ് പി. ഏപ്രിൽ മാസത്തെ റിപ്പോർട്ട് വായിക്കുകയും ശാഖയുടെ അക്കൗണ്ടുകൾ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു.

ശ്രീ. രാമൻകുട്ടിയും ഭാര്യ ശ്രീമതി ഗീതയും 50 വർഷത്തെ ദാമ്പത്യ ജീവിതം പൂർത്തിയാക്കിയതിന് അംഗങ്ങൾ ആശംസകൾ നേർന്നു. ശ്രീ. രാമൻകുട്ടി തന്റെ ചെറുമകൾ ദർശന ഹരീഷിന്റെ (ഹരീഷ് ആർ, സ്മിത ദമ്പതികളുടെ മകൾ) NEET എംബിബിഎസ് പരീക്ഷയിൽ വിജയിച്ചത് പ്രഖ്യാപിച്ചു.

തന്റെ 84-ാം ജന്മദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ഈഞ്ചക്കൽ മാനവ നഗറിലെ എൻ എച്ച് ബൈപാസ് സർവീസ് റോഡ്, ഹോട്ടൽ എസ്പിഎസ് കിംഗ്സ്വേയിൽ ആഘോഷം നടക്കുമെന്ന് ശ്രീ. കെ.കെ. പിഷാരടി പ്രഖ്യാപിച്ചു.

ശ്രീമതി പത്മാവതി പിഷാരസ്യാരും ശ്രീമതി അശ്വതി എസ്സും ഭക്തിഗാനങ്ങൾ ആലപിച്ചു,

ശ്രീമതി ഹേമ എൻ.എസ്. ചലച്ചിത്ര ഗാനം ആലപിച്ചു.

കുടുംബ സംഗമം അവസാനിച്ചത്, യോഗത്തിനും തുടർന്നുള്ള ഉച്ചഭക്ഷണത്തിനും ആതിഥേയത്വം വഹിച്ചതിന് ശ്രീ രഘുനാഥ് ഡോ. സേതുമാധവനും ശ്രീമതി അംബികയ്ക്കും നന്ദി പറഞ്ഞു കൊണ്ടാണ്.

അടുത്ത മാസത്തെ മീറ്റിംഗ് ഓഗസ്റ്റ് 15ന് രാവിലെ 9 മണിക്ക് പേട്ടയിലെ എൻഎച്ച് ബൈപാസിന് സമീപം 66 ഹൈവേ ഗാർഡൻസിലെ ഗോപി കൃഷ്ണയുടെ (ശ്രീ ജഗദീഷിന്റെയും ശ്രീമതി ഹേമയുടെയും മകൻ) പുതിയ വസതിയായ സുകൃതിയിൽ നടക്കും.

### എറണാകുളം

പിഷാരോടി സമാജം എറണാകുളം ശാഖയുടെ 2025 ജൂലൈ മാസയോഗം 13.07.2025 ഞായറാഴ്ച രാത്രി 8 മണിക്ക് ഓൺലൈൻ ആയി നടന്നു. ശാഖ സെക്രട്ടറി ഏവരെയും സ്വാഗതം ചെയ്തതോടെ യോഗം ആരംഭിച്ചു.

കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നമ്മെ വിട്ടു പോയവർക്ക് വേണ്ടി ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി.

പ്രസിഡന്റ് ശ്രീ. ദിനേശ് പിഷാരോടി അധ്യക്ഷത വഹിച്ചു.

സെക്രട്ടറി ജൂൺ മാസത്തെ റിപ്പോർട്ട് ഗ്രൂപ്പിൽ അയച്ചത് പാസാക്കി.

കർക്കിടക മാസത്തിലെ രാമായണ മാസാചരണത്തോടനുബന്ധിച്ച് പിഷാരോടി സമാജത്തിന്റെയും വെബ്സൈറ്റിന്റെയും ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന രാമായണം പാരായണത്തിന്റെ പ്രാരംഭം ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ വെച്ച് നടക്കുന്ന വിവരം ഏവരെയും അറിയിച്ചു. കഴിയുന്നവർ ഇതിൽ പങ്കെടുത്തു വിജയിപ്പിക്കണമെന്നും കൂടാതെ ഇത്തവണ പാരായണത്തിന് ശേഷം പ്രഭാഷണത്തിന് പകരം അംഗങ്ങളിലൂടെ കലാപരിപാടികൾക്കു ഊന്നൽ നൽകുന്നതിനാൽ ഇതിലേക്ക് പരിപാടികൾ അവതരിപ്പിക്കാൻ താല്പര്യമുള്ള ശാഖ അംഗങ്ങൾ കമ്മിറ്റി അംഗമായ ശ്രീമതി ഉഷ നാരായണനെ ബന്ധപ്പെടുവാൻ അറിയിച്ചു.

ഓഗസ്റ്റ് 15 - നു PP & TDT യുടെ ട്രസ്റ്റ് മെമ്പർമാരുടെ പൊതുയോഗം നടക്കുകയാണ് അതിൽ ശാഖയിൽ നിന്നുള്ള ട്രസ്റ്റ് മെമ്പർമാർ പങ്കെടുക്കുവാൻ താല്പര്യപ്പെട്ടു.

PE & WS നൽകി വരുന്ന വിവിധ വിദ്യാഭ്യാസ അവാർഡ്/ സ്കോളർഷിപ്/ ധനസഹായത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു കൊണ്ട് യോഗത്തിൽ സെക്രട്ടറി അറിയിപ്പ് നൽകി. ആയത്തിലേക്കായി അപേക്ഷകൾ ഓഗസ്റ്റ് 3 - നു മുൻപായി തന്നെ ശാഖ സെക്രട്ടറിക്ക് ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാകുന്നുവെന്നും കൂടുതൽ വിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പിൽ അറിയിക്കുന്നതാണെന്നും പറഞ്ഞു.

നമ്മുടെ ശാഖ അംഗമായ ശ്രീ. രഘു ബാലകൃഷ്ണന്റെ പുതിയ സംരംഭമായ വേദപുരി ആ

## എറണാകുളം ശാഖയിൽ നിന്നും നൽകി വരുന്ന അവാർഡ് / സ്കോളർഷിപ്പ് / ധനസഹായങ്ങൾ

1. എളംകുളം കൃഷ്ണ പിഷാരടി മെമ്മോറിയൽ അവാർഡ് - 10th Standard.
2. ചേരാനല്ലൂർ രാധാകൃഷ്ണ പിഷരോടി മെമ്മോറിയൽ അവാർഡ് - 10th Standard.
3. ചേരാനല്ലൂർ പത്മ പിഷാരസ്യാർ മെമ്മോറിയൽ അവാർഡ് - 12th Standard.
4. പടിഞ്ഞാറേ പിഷാരത്ത് ബാലകൃഷ്ണൻ മെമ്മോറിയൽ അവാർഡ് - ഡിഗ്രി

**ധനസഹായം**

5. രാജഗോപാൽ മെമ്മോറിയൽ (ധനസഹായം) - ഡിഗ്രിക്ക് പഠിക്കുന്നവർക്ക്.

ശാഖയിലേക്കും, PE & WS ലേക്കുമുള്ള അപേക്ഷകൾ ഓഗസ്റ്റ് 3-നകം എറണാകുളം ശാഖ സെക്രട്ടറിക്കു ലഭിക്കേണ്ടതാണ്. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം സെൽഫ് അറ്റസ്റ്റ് ചെയ്ത മാർക്ക് ലിസ്റ്റിന്റെ 2 കോപ്പിയും വക്കേണ്ടതാണ്.

യുർവേദ സെന്ററിന് യോഗത്തിൽ എല്ലാവിധ ഭാവുകങ്ങളും നൽകി. ശാഖ പ്രസിഡന്റ് ഉദ്ഘാടനത്തിൽ പങ്കെടുക്കുകയും അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു.

ശാഖയുടെ ഓണാഘോഷം നടത്തുന്നതിനെക്കുറിച്ചു ചർച്ച ചെയ്തു. ചർച്ചയിൽ ഹാളിൽ വെച്ച് നടത്തുന്നതാകും ഈ കാലാവസ്ഥയിൽ നല്ലതെന്നും എത്രയും വേഗം ഹാൾ ബുക്ക് ചെയ്യാനും സദ്യ ഏർപ്പാടാക്കാനും കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 14 ഞായറാഴ്ച നടത്താൻ തീരുമാനിച്ചു.

തുടർന്ന് ക്ഷേമനിധി നറുക്കെടുപ്പ് നടന്നു. ഇപ്പോഴുള്ള ക്ഷേമനിധി ഈ വർഷാവസാനത്തോടെ അവസാനിക്കുന്നതിനാൽ പുതിയ ക്ഷേമനിധിയെക്കുറിച്ചുള്ള ആലോചന തുടങ്ങാവുന്നതാണെന്നു ഡോ. പി.ബി. രാംകുമാർ അഭിപ്രായപ്പെട്ടു.

വീണ്ടും ശാഖ യോഗങ്ങൾ നടത്താൻ അംഗങ്ങൾ വിമുഖത കാണിക്കുന്നതായി കണ്ടു വരുന്നു.

ഏരിയ വൈസ് മീറ്റിംഗുകൾ നടത്താൻ ശക്തമായി തീരുമാനിക്കേണ്ടത് അനിവാര്യമാണെന്നും കൂടാതെ എളമക്കര ഭാഗത്ത് നിന്നും അംഗങ്ങൾ ഇതിനായി മുന്നോട്ടു വരേണ്ടതാണെന്നും യോഗത്തിൽ പലരും അറിയിക്കുകയുണ്ടായി

കൃതജ്ഞതക്ക് ശേഷം 9 മണിയോടെ യോഗം അവസാനിച്ചു.

## പാലക്കാട്

പാലക്കാട് ശാഖയുടെ ജൂലൈ മാസ യോഗം 27/07/2025 ന് അഡ്വക്കേറ്റ് എസ്.എം. ഉണ്ണി കൃഷ്ണന്റെ ഭവനമായ ചെന്താമരയിൽ വച്ച് നടന്നു. മഴക്കാലമായിരുന്നിട്ടും കുറെ പേർ മീറ്റിങ്ങിന് എത്തിച്ചേർന്നു എന്ന വിവരം സ്വാഗതാർഹം തന്നെയായിരുന്നു.

ശ്രീ. എസ്.എം. ഉണ്ണികൃഷ്ണന്റെ സഹധർമ്മിണിയും സഹോദരിമാരും കൂടി പ്രാർത്ഥന പ്രാർത്ഥന വളരെ ഭംഗിയായി ചൊല്ലി. ഗൃഹനാഥൻ മീറ്റിങ്ങിന് എത്തിച്ചേർന്ന ഏവരെയും സ്വാഗതം ചെയ്തു. പുരാണ പാരായണം പരിപാടിയിൽ നാരായണീയം മുപ്പത്തിനാലാം ദശകം വായിച്ചത് രാമായണമാസം ആയതിനാൽ വളരെ ഉചിതമായിരുന്നു.

കഴിഞ്ഞ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു പോയവരുടെ നിത്യശാന്തിക്കായി മൗന പ്രാർത്ഥന നടത്തി.

സെക്രട്ടറി ശാഖയുടെ പ്രവർത്തനങ്ങൾ വിവരിച്ചു. വിദ്യാഭ്യാസ രംഗത്ത് നല്ല മാർക്കോടുകൂടി പാസായ ശാഖയിലെ കുട്ടികളുടെ വിവരങ്ങൾ കേന്ദ്രത്തിന് അയച്ചു കൊടുക്കേണ്ട ആവശ്യകത സെക്രട്ടറി അറിയിച്ചു. ശാഖയിലും അവരെ അനുമോദിക്കാമെന്ന് തീരുമാനമെടുത്തു.

80/90 വയസ്സ് തികഞ്ഞ വരെ ആദരിക്കണമെന്ന് തീരുമാനവും എടുത്തു. ഈ വർഷം ഓണാഘോഷം സെപ്റ്റംബർ അവസാനം നടത്താമെന്ന് പൊതു ധാരണയായി. കൂടുതൽ വിവരങ്ങൾ അടുത്തമാസം മീറ്റിങ്ങിൽ ചർച്ച ചെയ്യുമെന്ന് തീരുമാനിച്ചു.

ക്ഷേമനിധി നടത്തി. സുഭാഷിതം പരിപാടിയിൽ ശ്രീ. എം.പി. രാമചന്ദ്രൻ രാമായണമാസം ആയതിനാൽ നിത്യജീവിതത്തിൽ രാമായണ പാരായണത്തിന്റെ മഹത്വവും ഓരോരുത്തരും ഉൾക്കൊള്ളേണ്ട നല്ല വശങ്ങളെക്കുറിച്ചും വിശദീകരിച്ചു.

തുടർന്ന് കെ.ആർ. രാമഭദ്രൻ ഹനുമാൻ രാവണൻ രാമൻ എന്നിവരെ രാമായണത്തിലൂടെ എന്ന പരിപാടിയിൽ ഓരോരുത്തരുടെയും മഹത്വത്തെ വർണ്ണിച്ച് വളരെ രസകരമായ അവതരണം ഏവരും ആസ്വദിച്ചു.

ജോയിൻറ് സെക്രട്ടറി എം.പി. രാമചന്ദ്രന്റെ നന്ദി പ്രകടനത്തോടെ യോഗം വൈകിട്ട് 6 മണിക്ക് സമംഗളം പര്യവസാനിച്ചു.

## ചൊവ്വര

ചൊവ്വര ശാഖയുടെ ജൂലൈ മാസത്തെ യോഗം 27/07/2025 ഞായറാഴ്ച ഉച്ചതിരിഞ്ഞു 3.30 മണിക്ക് ചൊവ്വര ശ്രീ. രഘുനന്ദനന്റെ വസതിയായ ശ്രീനികേതനിൽ വെച്ച് പ്രസിഡന്റ് ശ്രീ. കെ. വേണുഗോപാലിന്റെ അധ്യക്ഷതയിൽ ശ്രീമതി ലതയുടെ ഈശ്വര പ്രാർത്ഥന, ശ്രീമതി തങ്കമണി വേണുഗോപാൽ, ശ്രീമതി ലത എന്നിവരുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു.

നമ്മുടെ ശാഖാംഗം ശ്രീ. ഡി.ആർ. പിഷാരടിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കൂടാതെ മുൻ കേന്ദ്ര ഭാരവാഹിയും പട്ടാമ്പി ശാഖാ സെക്രട്ടറിയുമായിരുന്ന ശ്രീ.

സുരേന്ദ്രൻ മാഷിന്റെ നിര്യാണത്തിലും യോഗം അനുശോചിച്ചു.

ജിഷ്ണു സ്വാഗതം പറഞ്ഞു. അധ്യക്ഷ പ്രസംഗത്തിൽ ശാഖയുടെ 50-ാം വാർഷികം കേമമായി നടത്തുവാനുള്ള ശ്രമങ്ങൾ വിലയിരുത്തി.

Guest house members ന് എല്ലാവർക്കും സമ്മാനത്തിന് പുറമെ ഒരു ലാഭംവിഹിതം കൂടി കൊടുക്കണം എന്നും പ്രസിഡണ്ട് പറഞ്ഞു.

തുടർന്ന് ശ്രീ വിജയൻ, അമ്പതാം ജയന്തിയുടെ നടത്തിപ്പിനായുള്ള ഫണ്ടിന് ശാഖയുടെ മുഴുവൻ അംഗങ്ങളുടെയു സഹകരണം അഭ്യർത്ഥിച്ചു.

ശാഖാംഗങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം കൊടുക്കുവാൻ ശാഖയ്ക്ക് സാധിക്കുകയാണെങ്കിൽ അതിൽ താൽപ്പര്യമുള്ളവർക്ക് വളരെ ഉപകാരപ്രദമാകും എന്ന് ജിഷ്ണു അഭിപ്രായപ്പെട്ടു.

കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരുപാട് സ്കീമുകൾ ശാഖയിൽ അറിയിക്കാമെന്ന് ശ്രീ. രഘുനന്ദൻ യോഗത്തിൽ പറഞ്ഞു.

കഴിഞ്ഞ മാസത്തെ റിപ്പോർട്ട് ശ്രീ. വിജയൻ വായിച്ചു അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.

ക്ഷേമനിധി നറുക്കെടുപ്പും നടത്തി.

ശ്രീ. കെ.പി. രവിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

## മുംബൈ

മുംബൈ ശാഖയുടെ 44-ാമത് വാർഷിക പൊതുയോഗം 27-07-2025ന് 4 മണിക്ക് വസായ് വെസ്റ്റിലുള്ള BKS ഇംഗ്ലീഷ് ഹൈസ്കൂൾ & ജൂനിയർ കോളേജിൽ വെച്ച് നടത്തി.

ശാഖാ പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതി അദ്ധ്യക്ഷനായ യോഗം ശ്രീ. അരവിന്ദ് കുട്ടികൃഷ്ണന്റെ പ്രാർത്ഥനയോടെ തുടങ്ങി, കഴിഞ്ഞ ഒരു വർഷക്കാലയളവിൽ അന്തരിച്ച സമുദായാംഗങ്ങളുടെ പേരിലും വിവിധ പ്രകൃതി ദുരന്തങ്ങളിലും അപകടങ്ങളിലും അന്തരിച്ചവർക്കും, കേന്ദ്ര വൈസ് പ്രസിഡണ്ട് തുടങ്ങി അന്തരിച്ച സമൂഹത്തിലെ പ്രഗത്ഭ വ്യക്തികൾക്കും അനുശോചനം രേഖപ്പെടുത്തി.

പ്രസിഡണ്ട് യോഗത്തിൽ സന്നിഹിതരായ എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു കൊണ്ട് നടത്തിയ അദ്ധ്യക്ഷ ഭാഷണത്തിൽ നമ്മെപ്പോലൊരു സംഘടനയുടെ പ്രഥമോദ്ദേശ്യമാണ് ക്ഷേമൈശ്വര്യ പ്രവർത്തനങ്ങളെന്നും പ്രത്യേകിച്ച് നമുക്കിടയിലെ അശരണരായവരെ സഹായിക്കൽ എന്നത് എന്നും, നമ്മുടെ ചിലവിന്റെ ഏറ്റവും വലിയ അംശം അതിനു വേണ്ടിത്തന്നെയാണ് ഉപയോഗിക്കുന്നതെന്നും, പക്ഷെ, പലപ്പോഴും നിധിയുടെ അപര്യാപ്തത മൂലം അംഗങ്ങളുടെ അത്തരം ആവശ്യങ്ങളിൽ പൂർണ്ണ തോതിൽ നമുക്ക് സഹായിക്കാനാവുന്നില്ല എന്നത് ഒരു വസ്തുതയാണെന്നതിനാൽ അംഗങ്ങളുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. നമുക്കിടയിലെ അശരണരായവരെ സഹായിക്കാനായി ഓരോരുത്തരും, പ്രത്യേകിച്ച് പുത്തൻ തലമുറ മുന്നോട്ട് വരണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

തുടർന്ന് കാര്യപരിപാടിയിലെ അടുത്ത ഇനം, മുൻ വാർഷിക പൊതുയോഗ മിനുട്സ് സെക്രട്ടറി വായിച്ചത് യോഗം അംഗീകരിച്ചു.

ശാഖയുടെ 2024-25 വർഷത്തേക്കുള്ള ഭരണ സമിതി റിപ്പോർട്ട് അവതരണം സെക്രട്ടറി നിർവ്വഹിച്ചു. PE&WS പെൻഷൻ പദ്ധതി PET 2000ന്റെ ഇപ്പോഴത്തെ യഥാതഥ വിവരങ്ങൾ കൂടി ഇതിൽ അംഗങ്ങളുടെ അറിവിലേക്കായി ഉൾപ്പെടുത്തേണ്ടിയിരുന്നുവെന്ന് ശ്രീ കുട്ടികൃഷ്ണൻ അഭിപ്രായപ്പെട്ടു. മുംബൈ ശാഖയിൽ നിന്നും ആരും ഇത് വരെ ഇതിലേക്ക് അപേക്ഷിച്ചിട്ടില്ലെന്നും, അത്തരത്തിൽ അർഹതയുള്ള രണ്ട് അംഗങ്ങൾക്ക് ശാഖാ നേരിട്ടാണ് പെൻഷൻ കൊടുക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. പിന്നീട് അംഗങ്ങൾ നാം പലപ്പോഴും കേന്ദ്രത്തിന്റെ ഈ ഘടകങ്ങളുടെ വിശദമായ റിപ്പോർട്ടുകളും കണക്ക് വിവരങ്ങളും (പ്രത്യേകിച്ച് PE&WS, PP&TDT എന്നിവയുടെ വരവ് ചിലവ് കണക്കല്ലാതെ ലാഭ നഷ്ടക്കണക്കോ, ബാലൻസ് ഷീറ്റോ തങ്ങൾക്ക് നേരിട്ടോ വെബ് സൈറ്റ് വഴിയോ, തുളസീദളം വഴിയോ ലഭിക്കുന്നില്ലെന്നും ഇക്കാര്യങ്ങൾ വരും വർഷങ്ങളിൽ ഉൾപ്പെടുത്തി എല്ലാ അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കണമെന്നും കേന്ദ്രത്തോട് നിർദ്ദേശിക്കാൻ പൊതുയോഗം ആവശ്യപ്പെട്ടു.

അടുത്ത അജണ്ടയായ കണക്കവതരണം നിർവ്വഹിച്ചു കൊണ്ട് ഖജാൻജി ശ്രീ. കെ. ഭരതന്റെ ഇന്റേർണൽ ഓഡിറ്റ് റിപ്പോർട്ട് അംഗങ്ങളു

ടെ അറിവിലേക്കായി വായിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ചികിത്സാ സഹായ ചിലവുകൾ വർദ്ധിച്ചു വരുന്നതായി വിലയിരുത്തുകയും ഇപ്രകാരം വർദ്ധിച്ചു വരുന്ന ചികിത്സാ സഹായങ്ങളെ ഉൾക്കൊള്ളാൻ വേണ്ടുന്ന ഒരു പദ്ധതി യോഗം ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും ചൂണ്ടിക്കാണിച്ചു. ഇക്കാര്യത്തിൽ ഖജാൻജി ഈ വർഷം 3 പേർക്കാണ് ചികിത്സാ സഹായങ്ങൾ നൽകിയതെന്നും, അതും അവരുടെ ആവശ്യങ്ങളെ അപേക്ഷിച്ച് തുലോം പരിമിത രീതിയിലെ നൽകാൻ കഴിഞ്ഞിട്ടുള്ളുവെന്നും അത് കൊണ്ട് തന്നെ അംഗങ്ങളുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണമെന്നും അഭ്യർത്ഥിച്ചു. തുടർന്ന് അംഗങ്ങളുടെ മറ്റു സംശയങ്ങൾക്കും മറുപടി നൽകിയ ശേഷം യോഗം കണക്കുകൾ അംഗീകരിച്ചു.

2025–2026 സാമ്പത്തിക വർഷത്തേക്കുള്ള ഇന്റെണൽ ഓഡിറ്ററായി CA ശ്രീ. ഗോപകുമാർ ഗോപാലകൃഷ്ണനെ തിരഞ്ഞെടുത്തു.

2025–2026 സാമ്പത്തിക വർഷത്തേക്കുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ ആയി CA M/s ഉണ്ണികൃഷ്ണൻ & കമ്പനിയെയും തിരഞ്ഞെടുത്തു.

2025–26, 2026–27 വർഷങ്ങളിലേക്കുള്ള ശാഖയിൽ നിന്നുമുള്ള 29 പ്രതിനിധി സഭാ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടന്നു.

ഈ വർഷത്തെ ശാഖയുടെ വാർഷികാഘോഷങ്ങൾ ദഹിസർ-വിരാർ ഏരിയയുടെ ആതിഥേയത്തിൽ 2026 ജനുവരി 4ന് വസായിലുള്ള അയ്യപ്പ ക്ഷേത്ര ഹാളിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു. കലാവിഭാഗത്തെ അതിന്റെ ഒരുക്കങ്ങൾ തുടങ്ങുന്നതിനായി ചുമതലപ്പെടുത്തി.

തുടർന്ന് സെക്രട്ടറി ഇത്രയും നല്ല രീതിയിൽ ഒരു വാർഷിക പൊതുയോഗം നടത്താൻ വേണ്ട സഹായ നിർദ്ദേശങ്ങൾ നൽകി സഹകരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് ദേശീയ ഗാനാലാപനത്തോടെ 6 മണിയോടെ യോഗം സമാപിച്ചു.

## ആലത്തൂർ

ആലത്തൂർ ശാഖയുടെ ജൂൺമാസ യോഗം 14-06-2025 ശനിയാഴ്ച ഉച്ചക്ക് 3 മണിക്ക് ശാഖാ പ്രസിഡണ്ട് ശ്രീമതി സുനന്ദ ആനന്ദിന്റെ പയ്യലൂർ ഗ്രാമത്തിലുള്ള വസതിയായ ശ്രേയസ്സിൽ ചേർന്നു. ശ്രീമതി ലത ചക്രപാണി, ശ്രീ. ചക്രപാണി പിഷാരോടി, ശ്രീ. ആനന്ദ്കുമാർ, ശ്രീമതി സുനന്ദ ആനന്ദ്, ശ്രീമതി ഓമന രാഘവൻ എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചുകൊണ്ട് യോഗം സമാരംഭിച്ചു. ശ്രീമതി ലത ചക്രപാണി പ്രാർത്ഥന ചൊല്ലി. അവരുടെ പിറന്നാൾദിനം കൂടി ആയതുകൊണ്ട് ഏവർക്കും മധുരപലഹാരം വിതരണം ചെയ്തു. അംഗങ്ങൾക്ക് അവർക്ക് പിറന്നാൾ ആശംസകൾ നേർന്നു.

തുടർന്ന് ഗൃഹനാഥൻ ശ്രീ. ആനന്ദ്കുമാർ യോഗത്തിനെത്തിച്ചേർന്ന എല്ലാവരേയും സ്വാഗതം ചെയ്തു. ശ്രീമതി സുമ ജ്യോതിഷിന്റെ ഭക്തിസാന്ദ്രമായ നാരായണീയം പാരായണമായിരുന്നു അടുത്ത ഇനം. ശാഖയിൽ നിന്ന് ഈയിടെയായി നമ്മെ വിട്ടുപിരിഞ്ഞ തൃക്കൂർ പിഷാരത്ത് രാധാകൃഷ്ണൻ, കുനിശ്ശേരി പൂക്കുളങ്ങര പിഷാരത്ത് രാജലക്ഷ്മി എന്നിവരുടെ ആത്മശാന്തിക്കായി ഒരു മിനിട്ട് മൗനം പാലിച്ചുകൊണ്ട് അനുശോചനം രേഖപ്പെടുത്തി.

പ്രസിഡണ്ട് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ശാഖയുടെ നല്ല പ്രവർത്തനങ്ങൾക്കായി എല്ലാ മെമ്പർമാരും സഹകരിക്കണമെന്നും, ശാഖയിലെ പോരായ്മകൾ നികത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും പറഞ്ഞു.

ശാഖാപരിധിയിൽ ആരുടെയെങ്കിലും മരണം സംഭവിച്ചാൽ പരിസരത്തുള്ള ഏതെങ്കിലും ഒന്നോ രണ്ടോ ശാഖാ മെമ്പർമാർ അവിടെ പോയി ആദരാഞ്ജലി രേഖപ്പെടുത്തണം (റീത്ത് സമർപ്പണം) എന്നും പറഞ്ഞു. അതിനു വരുന്നതായ ചിലവ് ശാഖ വഹിക്കുന്നതാണെന്നും പറഞ്ഞു. ശാഖക്ക് സ്വന്തമായി ഒരു ലെറ്റർപാഡും (കേന്ദ്രത്തിലേക്ക് കൊടുക്കേണ്ടതായ അപേക്ഷകളും മറ്റും എഴുതി കൊടുക്കുവാൻ) ഒരു വൗച്ചറും, രശീതി ബുക്കും ഉണ്ടാക്കുവാനും ആവശ്യപ്പെട്ടു. അംഗങ്ങൾ ആ നിർദ്ദേശങ്ങളെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മൂന്നു മാസത്തിലൊരിക്കൽ മാത്രമായി കൂടുന്ന ശാഖാ മീറ്റിംഗുകളിലെങ്കിലും കഴിയുന്നത്ര മെമ്പർമാർ പങ്കെടുക്കണമെന്നും അറിയിച്ചു. പിന്നീട് മുൻ സെക്രട്ടറി ശ്രീ. ആനന്ദ്കുമാർ ശാഖയുടെ ഇപ്പോഴത്തെ സ്ഥിതിവിശേഷങ്ങളെക്കുറിച്ചും വാർഷികച്ചിലവുകളെക്കുറിച്ചും അംഗങ്ങളെ ബോധ്യപ്പെടുത്തി.

ശാഖയിൽ നിന്നും ഇരിങ്ങാലക്കുട കേന്ദ്ര വാർഷികത്തിൽ പങ്കെടുത്ത ശ്രീ. ആനന്ദ്കുമാറും ശ്രീമതി ഓമന രാഘവനും കേന്ദ്രവാർഷി

കത്തെക്കുറിച്ച് വിശദമായി വിവരണം ചെയ്തു. ശ്രീമതി ഓമന രാഘവൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അംഗങ്ങൾ കയ്യടിച്ച് പാസ്സാക്കുകയും ചെയ്തു. ശ്രീമതി പ്രസീദ ഗോപന്റെയും ശ്രീമതി രതി ചന്ദ്രന്റെയും കരോക്കെ ഗാനങ്ങൾ ശാഖാ യോഗത്തിന് മാറ്റുകൂട്ടി. ശ്രീ. ചക്രപാണി പിഷാരോടി തന്റെ സ്വന്തം പേരിലും, ശാഖയുടെ പേരിലും നന്ദി പ്രകാശിപ്പിച്ചു. വിപുലമായ ചായ സൽക്കാരത്തോടെ യോഗം സമംഗളം പിരിഞ്ഞു. ●

# PERSONAL ACCIDENT INSURANCE POLICY

സമാജം കഴകക്കാർക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള Personal Accident Insurance Policy ഒരു കൊല്ലത്തേക്കും കൂടി പുതുക്കി. പുതുക്കിയ ഇൻഷുറൻസ് പദ്ധതിയുടെ കാലാവധി ആഗസ്റ്റ് 1 മുതൽ അടുത്ത കൊല്ലം ജൂലൈ 31 വരെ ആണ്. ആകെ 172 പേർ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിട്ടുണ്ട്. (കഴിഞ്ഞകൊല്ലം 169 പേർ ചേർന്നിരുന്നു).

**ഓരോ ശാഖയിൽ നിന്നും ചേർന്ന അംഗങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു**

| | | | |
|---|---|---|---|
| (1) | ആലത്തൂർ ശാഖ | - | 7 |
| (2) | ചൊവ്വര ശാഖ | - | 18 |
| (3) | എറണാകുളം ശാഖ | - | 11 |
| (4) | ഗുരുവായൂർ ശാഖ | - | 8 |
| (5) | ഇരിഞ്ഞാലക്കുട ശാഖ | - | 8 |
| (6) | കൊടകര ശാഖ | - | 33 |
| (7) | കോട്ടയം ശാഖ | - | 10 |
| (8) | കോങ്ങാട് ശാഖ | - | 9 |
| (9) | കോഴിക്കോട് ശാഖ | - | 1 |
| (10) | കടുത്തുരുത്തി ശാഖ | - | 5 |
| (11) | മഞ്ചേരി ശാഖ | - | 9 |
| (12) | മൂവാറ്റുപുഴ ശാഖ | - | 3 |
| (11) | പട്ടാമ്പി ശാഖ | - | 7 |
| (12) | പാലക്കാട് ശാഖ | - | 9 |
| (13) | തൃശൂർ ശാഖ | - | 20 |
| (14) | തിരുവനന്തപുരം ശാഖ | - | 2 |
| (15) | വടക്കാഞ്ചേരി ശാഖ | - | 13 |

**രാജൻ പിഷാരോടി**
ട്രഷറർ - PEWS

## പെൻഷൻ/സാന്ത്വനം ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| (1) | അജയ് നാരായണൻ കൂട്ടാല, മുംബൈ | - | 25,000.00 |
| (2) | ധന്യ ഉണ്ണികൃഷ്ണൻ, മുംബൈ | - | 25,000.00 |
| (3) | സുനിൽ പിഷാരോടി, മുംബൈ | - | 12,500.00 |
| (4) | കെ.എൻ. ബാബുരാജ്, മുംബൈ | - | 25,000.00 |
| (5) | പി. വിജയൻ, മുംബൈ | - | 25,000.00 |
| (6) | ടി.വി. മണിപ്രസാദ്, മുംബൈ | - | 25,000.00 |
| (7) | കുട്ടികൃഷ്ണൻ, മുംബൈ | - | 25,000.00 |
| (8) | തിച്ചൂർ പിഷാരത്ത് രാധ ടീച്ചറും കുടുംബവും | - | 10,000.00 |
| (9) | കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |
| (10) | സുമംഗല, പട്ടാമ്പി (കരിമ്പുഴ പഴയപിഷാരത്ത് കൃഷ്ണപിഷാരോടിയുടെ ശ്രാർദ്ധത്തോടനുബന്ധിച്ച് | - | 2,000.00 |
| (11) | കുട്ടികൃഷ്ണ പിഷാരോടി, കല്ലുവഴി (തന്റെ പത്നി തങ്കം പിഷാരസ്യാരുടെ അശീതി ആഘോഷത്തിന്റെ ഭാഗമായി) | - | 2,000.00 |
| (12) | ബിന്ദു ജനാർദനൻ, വഡോദര (സാന്ത്വനം ഫണ്ടിലേക്ക് സംഭാവന) | - | 25,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

# ആദരാഞ്ജലികൾ

## എം.പി. സുരേന്ദ്രൻ

പിഷാരടി സമാജം മുൻ വൈസ് പ്രസിഡണ്ടും പട്ടാമ്പി ശാഖ സെക്രട്ടറിയുമായ മേലീട്ടിൽ പിഷാരത്ത് എം.പി. സുരേന്ദ്രൻ 15/07/2025ന് സ്വവസതി വല്ലപ്പുഴ കുറുവട്ടൂർ സൗപാർണ്ണികയിൽ അന്തരിച്ചു. ഭാര്യ കുറുവട്ടൂർ പിഷാരത്ത് പരേതയായ പ്രസന്ന ടീച്ചർ. മക്കൾ സുപ്രിയ, പ്രസാദ്. മരുമക്കൾ നന്ദകുമാർ, ശ്രീലക്ഷ്മി.

## രാമ പിഷാരടി

നായത്തോട് പിഷാരത്ത് രാമ പിഷാരടി (ഡി.ആർ. പിഷാരടി-87) 09/07/2025ന് അന്തരിച്ചു. ഭാര്യ മേക്കാട്ട് പിഷാരത്ത് പരേതയായ ലീലക്കുട്ടി പിഷാരസ്യാർ. മക്കൾ: എൽ.ആർ. ജ്യോതിലക്ഷ്മി, എൽ.ആർ. ജയകൃഷ്ണൻ. മരുമകൻ: ഉണ്ണികൃഷ്ണൻ.

## കെ.പി. മുരളി

വല്ലപ്പുഴ കീഴീട്ടിൽ പിഷാരത്ത് (കൗസ്തുഭം, കീഴയൂർ, പട്ടാമ്പി) കെ.പി. മുരളി (61) 09/07/2025ന് നിര്യാതനായി. ഭാര്യ ചിറ്റൂർ കിഴക്കേ പിഷാരത്ത് ബിന്ദു. മക്കൾ: ഹൃദ്യ, സിദ്ധാർഥ്. മരുമകൻ: വൈശാഖ്.

## സരോജിനി പിഷാരസ്യാർ

ചെറുകാട്ട് പിഷാരത്ത് സരോജിനി പിഷാരസ്യാർ (93) 12/07/2025ന് കുരുവമ്പലം വസതിയിൽ അന്തരിച്ചു. ഭർത്താവ് പരേതനായ കരുണാകരൻ നമ്പ്യാർ മാഷ് (ബേബി). മക്കൾ: രവി, ശശി. മരുമക്കൾ: ജയ, പാർവതി.

വി.സി. പിഷാരടി

പുഞ്ചപ്പാടം വടക്കേപ്പാട്ട് പിഷാരത്ത് വി.സി. പിഷാരടി (87) 12/07/2025 ന് ബാംഗ്ലൂർ വസതിയിൽ അന്തരിച്ചു. ഭാര്യ ചെറുകര പിഷാരത്ത് രാജലക്ഷ്മി. മകൻ അജിത്. മരുമകൾ പ്രിയ.

## ചക്രപാണി പിഷാരോടി

ചെങ്ങാനിക്കാട്ട് പിഷാരത്ത് (ശാന്തിമഠം, ആയംകുടി) ചക്രപാണി പിഷാരടി (82) 15/07/2025ന് അന്തരിച്ചു. ഭാര്യ മേമുറി പിഷാരത്ത് പരേതയായ വിലാസിനി പിഷാരസ്യാർ. മക്കൾ: ദിനേശ് (മണി), രജീഷ് (കുഞ്ഞൂഞ്ഞ്), രഞ്ജിത്ത്, പരേതനായ രാജേഷ്. മരുമക്കൾ: രജനി, ജൈനി.

## കൃഷ്ണ പിഷാരടി

ചെറുകാട് എളംകുളത്ത് പിഷാരത്ത് (ഉഷസ്സ്, ചെമ്മലശ്ശേരി) സി.ഇ. കൃഷ്ണപിഷാരടി (93) 26/07/2025 ന് അന്തരിച്ചു. ഭാര്യ കോങ്ങാട് മുണ്ടയിൽ പിഷാരത്ത് വിജയലക്ഷ്മി പിഷാരസ്യാർ. മക്കൾ: എം.പി. നാരായണനുണ്ണി (റിട്ട. റിസർച്ച് ഓഫീസർ SCERT), എം.പി. ബാലസുബ്രഹ്മണ്യൻ (സബ് എഞ്ചിനീയർ KSEB), എം.പി. ജയപ്രകാശ് (അസി. സൂപ്രണ്ട്, ഗവ. പ്രസ്സ്), എം.പി. അനിത (ഹെഡ് മിസ്ട്രസ്, ജി എൽപി സ്കൂൾ, ചൊവ്വാന). മരുമക്കൾ: എൻ.പി. ശ്രീലത, പി.സി. രുഗ്മിണിദേവി, രമ വി.പി., വിജയകുമാർ.

## രാജം പിഷാരസ്യാർ

ഋഷിനാരദമംഗലം പിഷാരത്ത് രാജം പിഷാരസ്യാർ (76) 26/07/2025ന് കിടങ്ങൂർ വസതിയിൽ അന്തരിച്ചു. ഭർത്താവ് കിടങ്ങൂർ സൗത്ത് പടിഞ്ഞാറേ പിഷാരത്ത് പരേതനായ പി.എസ്. കരുണാകര പിഷാരടി. മക്കൾ: ഹരീഷ്, ഹേമ. മരുമകൻ: പി. മുരളി. സഹോദരങ്ങൾ: പരേതയായ ആർ.പി. നാരായണിക്കുട്ടി, പരേതനായ ആർ.പി. പുരുഷോത്തമൻ, പരേതനായ ആർ.പി. ഉണ്ണി.

## ഇന്ദിര പിഷാരസ്യാർ

തൊണ്ടിയന്നൂർ പിഷാരത്ത് ഇന്ദിര പിഷാരസ്യാർ (72) 27/07/2025ന് തൃശൂർ വസതിയിൽ നിര്യാതയായി. ഭർത്താവ്: ആറ്റൂർ പിഷാരത്ത് പരേതനായ വാസുദേവൻ പിഷാരടി. മകൻ: വിനോദ് വാസുദേവൻ (KSA). മരുമകൾ: ശ്രീജ.

## ആനന്ദവല്ലി മുകുന്ദൻ

മുടവന്നൂർ പിഷാരത്ത് ആനന്ദവല്ലി മുകുന്ദൻ (78) 23/07/2025ന് ബാംഗ്ലൂരിൽ നിര്യാതയായി. ഭർത്താവ് കൊടുമുണ്ട പിഷാരത്ത് പരേതനായ മുകുന്ദൻ. മക്കൾ: രാജേഷ്, രാജശ്രീ, രാജീവ്. മരുമക്കൾ: ലത, നന്ദകുമാർ, കവിത. സഹോദരങ്ങൾ: പരേതയായ കമലം, പരേതയായ ഇന്ദിര, വിനോദിനി, രമണി.

## രവീന്ദ്രനാഥൻ പിഷാരടി

തൃക്കൂർ പിഷാരത്ത് സരോജിനി പിഷാരസ്യാരുടെയും മാങ്കുറ്റിപ്പാടത്ത് പരേതനായ ഗോവിന്ദ പിഷാരടിയുടെയും മകൻ രവീന്ദ്രനാഥൻ പിഷാരടി തൃശൂരിലെ വസതിയിൽ 25/07/2025ന് അന്തരിച്ചു. ഭാര്യ ആനായത്ത് പിഷാരത്ത് രമ. മകൾ ജ്യോതി (കാനഡ). മരുമകൻ മൻമോഹൻ. പേരക്കുട്ടികൾ: അതിഥി, അഗസ്ത്യ. സഹോദരങ്ങൾ: രതി അച്യുതൻ, പരേതയായ ടി.പി. രമ.

## സുധ

കുട്ടമശ്ശേരി പിഷാരത്ത് പരേതയായ സുഭദ്രപിഷാരസ്യാരുടെയും പടിഞ്ഞാറേ തൊണ്ണങ്ങാമത്ത് പിഷാരത്ത് പരേതനായ മാധവപിഷാരടിയുടെയും മകൾ സുധ (72) 26/07/25ന് തൃശൂരിലെ വസതിയായ സുമാർഗ്ഗിൽ അന്തരിച്ചു. സഹോദരങ്ങൾ: പരേതനായ രാമചന്ദ്രൻ, ഉഷ, രമേഷ്, ഗീത മണികണ്ഠൻ.

## രാജമ്മാൾ പിഷാരസ്യാർ

മേക്കാട്ട് പിഷാരത്ത് രാജമ്മാൾ പിഷാരസ്യാർ (89) 29/07/2025ന് പാലക്കാട് വസതിയിൽ നിര്യാതനായി. ഭർത്താവ് പൈക്കാട്ട് മനക്കൽ രാമൻ നമ്പൂതിരിപ്പാട്. മക്കൾ: രേഖ, റെനിൽ. മരുമക്കൾ: ദേവദാസ്, മായ. സഹോദരങ്ങൾ: കെ.കെ. ബാലകൃഷ്ണപിഷാരടി, വിശാലം പിഷാരസ്യാർ.

## അമ്മിണി പിഷാരസ്യാർ

അയ്യൻകുഴി പൂതൃക്ക പിഷാരത്ത് അമ്മിണി പിഷാരസ്യാർ (90) 31/07/2025 ന് അന്തരിച്ചു. ഭർത്താവ് കടമുറി കുഴിഞ്ഞാലിൽ പിഷാരത്ത് പരേതനായ നാരായണ പിഷാരടി. മക്കൾ: ശ്രീകുമാർ, ശ്രീദേവി. മരുമകൾ: സുനിത. സഹോദരങ്ങൾ പരേതനായ കേശവപിഷാരടി, ആർ.എൽ.വി ദാമോദര പിഷാരടി.

## എൻ.പി. ഗോപാലൻ

മണ്ണാർക്കാട് കാരക്കുറിശ്ശി നല്ലമ്പാനി പിഷാരത്ത് എൻ.പി. ഗോപാലൻ (84) 31/7/2025ന് നവി മുംബൈയിൽ നിര്യാതനായി. ഭാര്യ വാടാനംകുറിശ്ശി നടുവിൽ പിഷാരത്ത് ലക്ഷ്മിക്കുട്ടി പിഷാരസ്യാർ. മക്കൾ: പ്രദീപ്, പ്രകാശ് (നവി മുംബൈ). മരുമക്കൾ: ബിന്ദു, ഉമ. ●

# രാമായണ പാരായണ സമർപ്പണം

**ക**ർക്കടകം 1ന് ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ ആരംഭിച്ച് തുടർന്നുള്ള ദിവസങ്ങളിൽ ഓൺലൈനായി ആചാര്യൻ ശ്രീ. രാജൻ രാഘവൻെറ നേതൃത്വത്തിൽ നടത്തിവരുന്ന രാമായണ പാരായണത്തിൻെറ സമർപ്പണം കർക്കടകം 31ന് (16/08/2025) ശനിയാഴ്ച വൈകുന്നേരം 5.30ന് തൃശൂരിൽ പിഷാരോടി സമാജം ആസ്ഥാനമന്ദിരത്തിൽ വച്ച് സമുചിതമായി നടത്തുന്നതാണ്. രാമായണപാരായണ സമർപ്പണം ധന്യമാക്കുവാൻ ഏവരേയും സാദരം ക്ഷണിക്കുന്നു.

**കെ.പി. ഹരികൃഷ്ണൻ (ജനറൽ സെക്രട്ടറി)**

**വരിക്കാരുടെയും വായനക്കാരുടെയും ശ്രദ്ധക്ക്**

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ,
അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

---

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. രാമചന്ദ്രൻ പിഷാരടി**
'ഉഷസ്സ്', ആനായത്ത് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ 680020
Ph: 9495131090

---

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, 'ചൈതന്യ', രാമപുരം പിഷാരം, രാമപുരം ശ്രീരാമക്ഷേത്രത്തിന് സമീപം, പുലക്കാട്ടുകര റോഡ്, മണലി, ചിറ്റിശ്ശേരി (പി.ഒ.), തൃശൂർ 680301
Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ - **ശ്രീ. സി.ജി. കുട്ടി**, C-1, Pearl Gardens, Near Co operative Society, Viyyur (P.O), Thrissur 680010. Ph: 9633898468

---

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**അജയകുമാർ എ**, "വൃന്ദാവനം", പുലാമന്തോൾ പോസ്റ്റ്, മലപ്പുറം 679323
Ph: 9946647757. Email: ajaypisharodi@gmail.com

ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

---

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

---

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

---

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# ആദരാഞ്ജലികൾ



## മേലീട്ടിൽ പിഷാരത്ത് സുരേന്ദ്രൻ

(റിട്ട. പ്രധാന അദ്ധ്യാപകൻ, വല്ലപ്പുഴ ഹയർ സെക്കന്ററി സ്കൂൾ)

മരണം: 15 – 07 – 2025

ഭാര്യ : കുറുവട്ടൂർ പിഷാരത്ത് പരേതയായ പ്രസന്ന

**ദുഃഖപൂർവ്വം....**

മക്കൾ : സുപ്രിയ, പ്രസാദ്.

മരുമക്കൾ : നന്ദകുമാർ, ശ്രീലക്ഷ്മി.

പേരക്കുട്ടികൾ : വൈഷ്ണവ് നന്ദകുമാർ, അർജുൻ നന്ദകുമാർ,<br>രേവതി എ.പി., പാർവതി എ.പി.

സഹോദരങ്ങൾ : അമ്മിണി (late), സത്യഭാമ (late),<br>ഭാരതി, മാധുരിദേവി, മാലതി, രജതകുമാരി



THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-08-2025
August 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy